eg. No. C. 101, M. 2293

ഒരുപ്രതിക്ക 2ണ.

St. Mary's C.G.H.S.
Ernakulam

# സത്യദീപം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 25 | 1127 തുലാം 21—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1951 നവംബർ 7 | ലക്കം 12

## “ഞാൻ വിശ്വസിച്ചു”

### “ക്രെംലിനിൽനിന്നും വത്തിക്കാനിലേക്കുള്ള യാത്ര”


ലണ്ടനിലെ പ്രമുഖ കമ്മ്യൂണിസ്റ്റ്പത്രമായ “ഡെയിലിവർക്കറി”ൻെറ ന്യൂസ് എഡിററർ ആയിരിക്കവെ കമ്മ്യൂണിസം പരിത്യജിച്ച് കത്തോലിക്കാസഭയിൽ പ്രവേശിച്ച ഡഗ്ലസ് ഹൈഡിൻെറ വിവിധാനുഭവങ്ങൾ

(എ. വി. തോമസ്)

അമേരിക്കയിലെ ഒരു വലിയ കമ്മ്യൂണിസ്റ്റ് പ്രവൎത്തകനായിരുന്ന ലൂയിസ് ബുഡെൻസ് കമ്മ്യൂണിസം വെടിഞ്ഞ് കത്തോലിക്കാസഭയിലേക്ക പ്രത്യാഗമിച്ചുവെന്ന വാൎത്ത കമ്മ്യൂണിസ്റ്റ് കേന്ദ്രങ്ങളിൽ എത്രവലിയ കോളിളക്കം ഉളവാക്കിയോ അതിൽ ഒട്ടും കുറയാത്ത ഒരു പ്രക്ഷുബ്ധതയാണ് ഡഗ്ലാസ് ഹൈഡ് കമ്മ്യൂണിസ്റ്റുപത്രത്തിൻെറ ന്യൂസ് എഡിററർസ്ഥാനവും കമ്മ്യൂണിസവും ദൂരെ എറിഞ്ഞുകൊണ്ട് കത്തോലിക്കാസഭയെ ആശ്ലേഷിച്ചുവെന്ന വൃത്താന്തം കമ്മ്യൂണിസ്റ്റ് ലോകത്തിൽ സംജാതമാക്കിയതു്. 1948 മാർച്ച്മാസത്തിൽ കമ്മ്യൂണിസവുമായുള്ള സകല ബന്ധങ്ങളും വിട്ടെറിഞ്ഞ് ശാന്തിനികേതനമായ കത്തോലിക്കാസഭയുടെ മടിയിൽ അഭയംപ്രാപിച്ച ധീമാനായ ആ പത്രപ്രവൎത്തകൻ കമ്മ്യൂണിസം പ്രചരിപ്പിക്കുന്നതിനായി ഉശിരോടെ പ്രയത്നിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ തനിക്കുണ്ടായിട്ടുള്ള അനുഭവങ്ങളേയും കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിന് തന്നെ പ്രേരിപ്പിച്ച കാരണങ്ങളേയും അധികരിച്ച് നിരവധി ലേഖനങ്ങളും ലഘുലേഖകളും എഴുതിയിട്ടുണ്ട്. അവയിൽ പലതും വിവിധഭാഷകളിലേക്ക് തൎജ്ജമചെയ്യപ്പെട്ടിട്ടുമുണ്ട്. അവയെല്ലാം മകുടംചാൎത്തുന്ന ഒന്നാണ് 'ഞാൻ വിശ്വസിച്ചു' (I Believed) എന്ന അഭിധാനത്തിൽ അദ്ദേഹം എഴുതിയിട്ടുള്ള ആത്മകഥാകഥനം. കഴിഞ്ഞ ജനുവരിയിൽ ആദ്യമായി പുറത്തുവന്ന ആ ഗ്രന്ഥം ജനുവരിയിലും ഫെബ്രുവരിയിലും വീണ്ടും അടിക്കേണ്ടിവന്നു എന്നറിയുമ്പോൾ ആ പ്രശസ്തഗ്രന്ഥത്തിനു ലഭിച്ച പ്രചാരം എത്ര വലുതെന്ന് ഊഹ്യമാണല്ലോ.

ബ്രിസ്റ്റൽ നഗരത്തിൻെറയും അവിടത്തെ മൈതാനപ്രസംഗങ്ങളുടേയും ഒരു ലഘുവിവരണത്തോടുകൂടെയാണ് ഗ്രന്ഥം ആരംഭിക്കുന്നതു്. ഈ മൈതാനപ്രസംഗങ്ങൾ ബാലനായിരുന്ന ഡഗ്ലാസിൻെറ ശ്രദ്ധയെ ആകർഷിക്കാതിരുന്നില്ല. നിയമവിരുദ്ധമായ സംരംഭങ്ങളിൽ ഏൎപ്പെട്ടതുമൂലം തടവുശിക്ഷയ്ക്കു വിധിക്കപ്പെടുന്ന കമ്മ്യൂണിസ്റ്റുകാരെ സഹായിക്കുന്നതിനായി രൂപവൽകൃതമായിട്ടുള്ള ഒരു സംഘടനയുടെ (International Class War Prisoners Aid) ആഭിമുഖ്യത്തിൽ നടത്തിവന്ന മൈതാനപ്രസംഗങ്ങൾ ഡഗ്ലാസിൻെറ പ്രത്യേകശ്രദ്ധയ്ക്കു വിഷയമായി. ആ സംഘടനയുടെ യഥാൎത്ഥോദ്ദേശ്യങ്ങൾ ശരിക്കു ഗ്രഹിക്കാതെ, ലോകത്തിനു നന്മചെയ്തുകൊണ്ടിരിക്കുന്ന ഒരു സംഘടനയാണ് അതെന്നു തെററിദ്ധരിച്ചുകൊണ്ട് പതിനാറാമത്തെ വയസ്സിൽ ഡഗ്ലാസ് ആ സംഘടനയിൽചേൎന്നു. കമ്മ്യൂണിസത്തിലേക്കുള്ള അദ്ദേഹത്തിൻെറ പ്രയാണത്തിൽ ആദ്യത്തെ പടിയായിരുന്നു ഇതു്.

ഒരു മെത്തോഡിസ്റ്റ് മിഷണറിയായി ഇൻഡ്യയിലേക്ക പോകണമെന്നായിരുന്നു ഡഗ്ലാസിൻെറ ആദ്യത്തെ ആശ. ആ



ഡഗ്ലസ് ഹൈഡും പുത്രിയും

ഉദ്ദേശ്യത്തോടുകൂടി അദ്ദേഹം ദൈവശാസ്ത്രം പഠിക്കുവാൻ തുടങ്ങി. പക്ഷേ മെത്തോഡിസ്റ്റ് സഭയിലെ ദൈവശാസ്ത്രപഠനം അദ്ദേഹത്തെ തൃപ്തിപ്പെടുത്തിയില്ല. ആ യുവാവിൽ സംജാതമായ പല സംശയങ്ങളേയും ദൂരീകരിക്കാൻ അതു പര്യാപ്തമായിരുന്നില്ല. അതേപ്പററി അദ്ദേഹം ഇങ്ങനെ പറയുന്നു:- “എൻെറ മതത്തിൽനിന്നും രണ്ടുകാൎയ്യങ്ങളാണു ഞാൻ പ്രതീക്ഷിച്ചതു്. അതു സാമൂഹ്യമായ ദുഷ്യങ്ങളേയും അനീതികളേയും പരിഹരിക്കുന്നതിൽ ഉത്സുകമായിരിക്കണം; ആന്തരികജീവിതത്തെ വളൎത്തുന്നതായിരിക്കണം. പക്ഷേ എനിക്കറിയാൻ കഴിഞ്ഞിടത്തോളം ഇതുരണ്ടിനും അതു പര്യാപ്തമായിരുന്നില്ല.”

ആദ്യത്തെ ലോകമഹായുദ്ധത്തിൻെറ അനന്തരഫലങ്ങളായി വൎദ്ധിച്ചുകൊണ്ടിരുന്ന ദാരിദ്ര്യവും തൊഴിലില്ലായ്മയും അവയെ ദൂരീകരിക്കുവാൻ പൎയ്യാപ്തമായ മാൎഗ്ഗങ്ങളെപ്പററിയുള്ള ചിന്തയും ഡഗ്ലാസിനെ അലട്ടിക്കൊണ്ടിരുന്നു. “തൊഴിൽരഹിതരെ സഹായിക്കുന്നതിനു നാം എന്തുകൊണ്ട് ഒന്നും ചെയ്യുന്നില്ല? ദാരിദ്ര്യപ്രശ്നത്തെ പരിഹരിക്കുന്നതിന് ക്രിസ്ത്യാനികൾ ഒന്നുംചെയ്യാത്തതു് എന്തുകൊണ്ടാണ്?” എന്നദ്ദേഹം ചോദിച്ചിരുന്നു. കമ്മ്യൂണിസ്റ്റ്പാൎട്ടിയിലേക്കു തന്നെ ആനയിച്ച കാരണങ്ങളെപ്പററി അദ്ദേഹം പറയുന്നു: “സാമൂഹ്യമായ അനീതിയെക്കുറിച്ചുള്ള ശക്തിയായ വിദ്വേഷമാണ് കമ്മ്യൂണിസ്റ്റ് പാൎട്ടിയിൽ ചേരുന്നതിന് എന്നെ പ്രേരിപ്പിച്ച മറെറാരു സംഗതി. “ചൂഷകന്മാരുടെ” നേൎക്കു കമ്മ്യൂണിസ്റ്റുകാർ ചെയ്യേക്കാവുന്ന അനീതി ആദ്യം എന്നെ ഉൽകണ്ഠാകുലനാക്കി. എങ്കിലും കമ്മ്യൂണിസ്റ്റ് പദ്ധതി സുവ്യക്തവും സമഞ്ജസവും ന്യായവുമായി തോന്നി.” കമ്മ്യൂണിസ്റ്റ്പദ്ധതി പ്രായോഗികമാക്കപ്പെടുന്ന പ്രഥമഘട്ടത്തിൽ കേവലം ന്യൂനപക്ഷംമാത്രമായ കുബേരന്മാർ അനീതിക്ക് ഇരയായിത്തീരുമെങ്കിലും സാമൂഹ്യമായ അനീതിക്കു വിധേയരായിക്കഴിയുന്ന ദരിദ്രലക്ഷങ്ങൾക്ക് അതുമൂലം സാമ്പത്തികമോക്ഷം കൈവരുമെന്ന് മററു പലരേയും പോലെ അദ്ദേഹവും വ്യാമോഹിച്ചു. ഈ ഘട്ടത്തിൽ ഒരു മെത്തോഡിസ്റ്റ് സഭാപ്രസംഗികൻ എന്ന നിലയിൽ പ്രാൎത്ഥനാലയങ്ങളിൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന പ്രസംഗങ്ങൾ പലതും കമ്മ്യൂണിസ്റ്റ് ആദൎശങ്ങളെ പ്രതിഫലിപ്പിക്കുന്നവയായിരുന്നു. ക്രിസ്തീയതത്വത്തേയും കമ്മ്യൂണിസത്തേയും തമ്മിൽ രഞ്ജിപ്പിക്കുവാനുള്ള ഒരു ക്രൈസ്തവൻെറ യത്നത്തെപ്പററി അദ്ദേഹം ഇങ്ങനെ പറയുന്നു: “ഈ പ്രസ്ഥാനത്തെ ക്രിസ്തീയമാക്കുകയാണ് ഏററം പ്രധാനമായ കാൎയ്യം എന്ന് അവൻ സ്വയം പറയേണ്ടിയിരിക്കുന്നു; എൻെറ വിശ്വാസവും അതു തന്നെയാണ്. കമ്മ്യൂണിസം എങ്ങനേയും ഒരു യാഥാൎത്ഥ്യമായിത്തീൎന്നിരിക്കുന്നു; അതിനി തിരോഭവിക്കയില്ല; ആകയാൽ ക്രിസ്ത്യാനികൾക്കു കരണീയമായി മൂന്നുകാൎയ്യങ്ങളിൽ ഒന്നേയുള്ളു: ഒന്നെങ്കിൽ അവർ അതിനെ അവഗണിക്കുന്നു എന്നു നടിക്കണം, അപ്പോൾ അതു വിജയംവരിക്കുകതന്നെചെയ്യും; അല്ലെങ്കിൽ അവർ അതിനെ എതിൎക്കണം, അപ്പോൾ അവർ ഒരു കൽഭിത്തിയിൽ തല അടിക്കുകയായിരിക്കും ചെയ്യുന്നതു്; അല്ലെങ്കിൽ അവൎക്ക് അതിൽ പ്രവേശിച്ച് അതിനെ ക്രിസ്തീയമാക്കാം, എന്നിങ്ങനെ അവൻ യുക്തിവാദംചെയ്യും. അങ്ങനെ അവൻ തന്നോടും അന്യരോടും ഇങ്ങനെ പറയും: “ഞാൻ മൂന്നാമത്തെ മാൎഗ്ഗം തിരഞ്ഞെടുക്കുകയാണ്, അതാണ് യുക്തിപൂൎവ്വവും ക്രിസ്തീയവുമായ മാൎഗ്ഗം”. ഈ അഭിപ്രായം തെററാണെന്നും മനുഷ്യൻ യഥാൎത്ഥത്തിൽ വിലമതിക്കുന്ന പലതിൻെറയും ശവകുടീരമാണ് കമ്മ്യൂണിസമെന്നും ദീൎഘകാലത്തെ വിവിധങ്ങളായ അനുഭവങ്ങളിൽനിന്നും ഡഗ്ലാസ് ശരിയായി ഗ്രഹിച്ചു.

ഇങ്ങനെ കമ്മ്യൂണിസ്റ്റ് പാൎട്ടിയിൽ ചേൎന്ന് അതിൻെറ പ്രചാരത്തിനും പുരോഗമനത്തിനുംവേണ്ടി ഡഗ്ലാസ് തൻെറ സൎവ്വകഴിവുകളും പ്രയോഗിക്കുവാൻ തുടങ്ങി. കമ്മ്യൂണിസ്റ്റ്പാൎട്ടിയുടെ ശാഖകൾ സ്ഥാപിക്കുവാൻ താൻ നട

ത്തിയ യത്നങ്ങളേയും അതിൽ ലഭിച്ച വിജയങ്ങളേയും വിവിധ സംഘടനകളിൽ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ അംഗങ്ങൾ രഹസ്യത്തിൽ നുഴഞ്ഞുകയറി അവസാനം അവയെ തികച്ചും പാർട്ടിയുടെ അധീനത്തിൽ കൊണ്ടുവരുന്ന തന്ത്രങ്ങളേയും അദ്ദേഹം ചിന്തോദ്ദീപകമായ വിധം വിവരിച്ചിട്ടുണ്ട്. പാർട്ടി അംഗങ്ങളിൽ പലരുടേയും വ്യക്തിപരമായ ജീവിതം വളരെ മോശമായിരുന്നുവെന്നും ചാരിത്രലംഘനം യുവതികളുടെ ഇടയിൽ സാധാരണമായിരുന്നുവെന്നും



അതിൽ ലജ്ജാവഹമായോ പാപകരമോ യാതൊന്നും ഉള്ളതായി അവർ പരിഗണിച്ചിരുന്നില്ലെന്നും അദ്ദേഹം പറയുന്നു. "എന്റെ അറിവിൽ പെട്ട ചില കമ്മ്യൂണിസ്റ്റുകാരുടെ വ്യക്തിപരമായ ജീവിതം എന്നെ ആദ്യം വളരെ പര്യാകുലനാക്കി; അവിടെ ഒരു വിരോധാഭാസമാണ് എനിക്ക് അനുഭവപ്പെട്ടത്: ഏററം നല്ല കമ്മ്യൂണിസ്റ്റുകാർ ഏററം മോശമായ ജീവിതമാണ് നയിച്ചിരുന്നത്."

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ നിർദ്ദേശമനുസരിച്ച്, ഡഗ്ലാസ് സ്വന്തമായി നടത്തിയിരുന്ന പ്രതിവാരിക നിർത്തൽചെയ്യുകയും 1940 ജനുവരി 1-ാംനു "ഡെയിലിവർക്കറി"ന്റെ പ്രചാരണമാനേജരായി ചാർജ്ജെടുക്കുകയും ചെയ്തു. ഇംഗ്ലണ്ടിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ ഔദ്യോഗികനാവായിരുന്ന ആ പ്രതിദിനപത്രത്തിലേക്കു ക്ഷണിക്കപ്പെട്ടതു് ഒരു കമ്മ്യൂണിസ്റ്റ്കാരനും പത്രപ്രവർത്തകനും എന്ന നിലയിൽ തനിക്കു ലഭിച്ച ഒരു വലിയ ബഹുമതിയായിട്ടാണ് ഡഗ്ലാസ് പരിഗണിച്ചതു്. യുദ്ധകാലപരിതസ്ഥിതികൾമൂലം ഉളവായ വിവിധ വൈഷമ്യങ്ങളെ തരണംചെയ്തുകൊണ്ട് പത്രം നടത്തിക്കൊണ്ടുപോകുന്നതിനു് അതിന്റെ ജോലിക്കാരും ഏജൻറന്മാരും വലുതായ ത്യാഗങ്ങൾ സഹിച്ചിരുന്നുവെങ്കിലും അവരുടെയിടയിൽ പരസ്പരവിശ്വാസം വളരെ കുറവായിരുന്നുവെന്നും ആ പത്രമാപ്പീസിലെ അന്തരീക്ഷം വളരെ അസുഖകരമായിരുന്നുവെന്നും അദ്ദേഹം പറയുന്നു. പത്രമാപ്പീസിലെ ജോലി പാർട്ടിയിലെ ഊർജ്ജസ്വലന്മാരായ പല അംഗങ്ങളുമായി പരിചയപ്പെടുന്നതിനു് അദ്ദേഹത്തിനു് അവസരമുണ്ടാക്കിക്കൊടുത്തു

ഡഗ്ലാസിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിൽ സംപ്രീതരായ പാർട്ടി അധികാരികൾ അദ്ദേഹത്തെ താമസിയാതെ "ഡെയിലിവർക്കറിന്റെ" ന്യൂസ് എഡിററായി നിയമിച്ചു. ഈ ഘട്ടത്തിൽ ആഴ്ചയിൽ ആറുദിവസം പതിന്നാലുമണിക്കൂർവീതം അദ്ദേഹം പത്രത്തിനുവേണ്ടി ജോലിചെയ്തിരുന്നു. ഗവമ്മെൻറാപ്പീസുകളിലും സൈനികരംഗങ്ങളിലും അജ്ഞാതരായി പ്രവർത്തിച്ചിരുന്ന പാർട്ടി അംഗങ്ങൾ റഷ്യക്കു് ആവശ്യമുള്ള സൈന്യസംബന്ധവും ഭരണപരവുമായ രഹസ്യങ്ങൾ പത്രമാപ്പീസിലേക്കു് അയക്കുകയും അവിടെനിന്നും വിവിധമാർഗ്ഗങ്ങളിൽക്കൂടി അവ മോസ്കോയിൽ എത്തിക്കുകയും ചെയ്തിരുന്നു. യുദ്ധകാലത്തു് റഷ്യയുടെ നയംമാററം അനുസരിച്ചു് പത്രത്തിന്റെ നയം മാറേറണ്ടിവന്ന സന്ദർഭങ്ങളേയും പെട്ടെന്നുള്ള ഈ നയവ്യതിയാനങ്ങൾ പാർട്ടിയംഗങ്ങൾക്കു തൃപ്തികരമായവിധം കാരണംനൽകി വിശദീകരിക്കുന്നതിൽ നേരിടേണ്ടിവന്ന ബുദ്ധിമുട്ടുകളേയുംപററി അദ്ദേഹം ഗ്രന്ഥത്തിൽ സരസമായി വിവരിച്ചിരിക്കുന്നു.

"ഡെയിലിവർക്കറിൽ" പ്രവർത്തിച്ചുകൊണ്ടിരിക്കവേ കത്തോലിക്കാപത്രങ്ങളിലേക്കും ഡഗ്ലാസിന്റെ ശ്രദ്ധ ആകർഷിക്കപ്പെട്ടു. അതേപ്പററി അദ്ദേഹം ഇങ്ങനെ പറയുന്നു: "വളരെക്കാലം കത്തോലിക്കാപത്രങ്ങളെ ഞാൻ വീക്ഷിച്ചുകൊണ്ടിരുന്നു. ഞങ്ങൾക്കു വിമർശിച്ചു ഖണ്ഡിക്കാവുന്ന "ചളി" ഇവയിൽനിന്നും ലഭിക്കുമെന്നുകരുതിയാണു് ഞാൻ അങ്ങനെ ചെയ്തിരുന്നതു്. കമ്മ്യൂണിസ്റ്റ്കാർ ഐക്യകക്ഷികളോടു ചേന്നു സമരം ചെയ്തിരുന്ന ഘട്ടത്തിലും കത്തോലിക്കാപത്രങ്ങളിൽ ഒരു വിഭാഗം സോവിയററുയൂണിയനോടു കാര്യമായ മമതയൊന്നും പ്രദർശിപ്പിച്ചില്ല. പൂർവരംഗത്തെ സമരം പ്രാധാന്യമേറിയതാണെങ്കിലും അതുമൂലം ഇതുവരെ മോശമാണെന്നു പറഞ്ഞിരുന്ന സോവിയററുഭരണം നല്ലതാണെന്നു പറയാവുന്നതല്ല എന്നായിരുന്നു "കാത്തലിക്ക് ഹെരാൾഡിന്റെ" അഭിപ്രായം. ഇതു് ഞങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിച്ച അഭിപ്രായങ്ങൾക്കു വിരുദ്ധമായിരുന്നുവെന്നു പറയേണ്ടല്ലോ. ഇതുമൂലം അവസരം ലഭിക്കുന്നിടത്തെല്ലാം കത്തോലിക്കാസഭയെ ഉപരോധിക്കുന്നതിനുള്ള ഞങ്ങളുടെ നയം കൂടുതൽ ദൃഢമായിത്തീന്നു."

"വീക്കിലി റിവ്യൂ" എന്ന പത്രത്തിന്റെ കുറേ പ്രതികൾ ഏതാനുംഭാഗങ്ങൾ അടയാളപ്പെടുത്തിക്കൊണ്ടു് പാർട്ടിയുടെ കേന്ദ്രകാര്യാലയത്തിൽനിന്നും ഒരിക്കൽ ഡഗ്ലാസിനു് അയച്ചുകൊടുത്തു. അതിലെ ഫാസിസ്റ്റ് ആദർശങ്ങളെ ഖണ്ഡിച്ചു ലേഖനമെഴുതണമെന്നായിരുന്നു അദ്ദേഹത്തിനു ലഭിച്ച നിർദ്ദേശം. ഈ പത്രത്തെപ്പററി ഡഗ്ലാസിനു് ഇതിനുമുമ്പു് യാതൊരറിവും ഇല്ലായിരുന്നതുകൊണ്ടു് അതിന്റെ കുറേ മുൻലക്കങ്ങൾ വാങ്ങുകയും പുതിയ ലക്കങ്ങൾ പതിവായി വാങ്ങുന്നതിനു് ഏർപ്പാടുചെയ്യുകയും ചെയ്തു. അതിലെ അധികഭാഗവും ഡഗ്ലാസിനു് പിന്തിരിപ്പൻ ആശയങ്ങളായി തോന്നിയെങ്കിലും പല ഭാഗങ്ങളും വളരെ സംഗതമായി തോന്നുകയും അവ


Church Distribution Pictures

ഭക്തിപരമായ ചെറിയ്ക്കുപടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആട്ടപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണസ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ — കുറഞ്ഞ വിലനിരക്കു്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.

65തരം ചെറിയചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. യ്ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dubash Chambers,
Kumpta Street, Ballard Estate,
Bombay 1


അദ്ദേഹത്തിന്റെ വിചിന്തനത്തിനു വിഷയമാവുകയും ചെയ്തു. ഇങ്ങനെ ആ കമ്മ്യൂണിസ്റ്റ്പ്രവർത്തകൻ കത്തോലിക്കാ ആദർശങ്ങളിൽ ഉത്സുകനാവുകയും "ക്രെംലിനിൽനിന്നും വത്തിക്കാനിലേക്കുള്ള യാത്ര" ആരംഭിക്കുകയും ചെയ്തു.

ക്രമേണ ഡഗ്ലാസിനു മാർക്സിസ്റ്റ് സിദ്ധാന്തങ്ങളിൽ വിരക്തി തോന്നുകയും അവ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന പതിവു് അദ്ദേഹം നിർത്തുകയും ചെയ്തു. ഈ ഘട്ടത്തിൽ കമ്മ്യൂണിസ്റ്റാദർശങ്ങളും കത്തോലിക്കാതത്വങ്ങളും തമ്മിൽ വലുതായ ഒരു സംഘട്ടനം അദ്ദേഹത്തിന്റെ അന്തരംഗത്തിൽ നടക്കുകയുണ്ടായി. ഇക്കാലത്തു് "കാത്തലിക്ക് ഹെരാൾഡ്" എന്ന പത്രവും അദ്ദേഹം പതിവായി വായിക്കുവാൻ തുടങ്ങി. ഒരു കമ്മ്യൂണിസ്റ്റ് പ്രവർത്തകയായിരുന്ന തന്റെ ഭാര്യയും അതു വായിച്ചുകൊള്ളട്ടെ എന്നു കരുതി അദ്ദേഹം അതു വീട്ടിൽ കൊണ്ടുപോയി ഇട്ടിരുന്നു. ഇങ്ങനെ കമ്മ്യൂണിസത്തോടുള്ള അദ്ദേഹത്തിന്റെ വേഴ്ച ശിഥിലീഭവിച്ചുകൊണ്ടിരുന്ന ഘട്ടത്തിൽ തന്റെ ഭാര്യയുടെ മനോഭാവത്തിനു വ്യത്യാസം വന്നില്ലെങ്കിൽ അവരുമായുള്ള ആദർശവൈരുദ്ധ്യംമൂലം ജീവിതത്തിലുള്ള തന്റെ സന്തോഷം നഷ്ടപ്പെട്ടേക്കാമെന്നു് അദ്ദേഹം ഭയപ്പെട്ടിരുന്നു. പക്ഷേ അനന്തരമുണ്ടായ ചില സംഭവങ്ങളിൽനിന്നും തന്റെ പ്രേമഭാജനവും വത്തിക്കാനിലേക്കുള്ള വഴിയിൽ തന്നെ അനുഗമിക്കുന്നുണ്ടെന്നു് അദ്ദേഹം ഗ്രഹിച്ചു. ചെസ്റ്റർട്ടന്റെ "Orthodoxy" മോൺ. നോക്സിന്റെ "Belief of Catholics" എന്നീ ഗ്രന്ഥങ്ങളുടെ പാരായണം കത്തോലിക്കാസിദ്ധാന്തങ്ങളെപ്പററി കൂടുതലായ ജ്ഞാനം അദ്ദേഹത്തിനു നൽകി.

ഇക്കാലഘട്ടത്തിലെല്ലാം "ഡെയിലിവർക്കർ" ആപ്പീസിലെ അദ്ദേഹത്തിന്റെ ജോലികൾ നിർവിഘ്നം തുടന്നുകൊണ്ടിരുന്നു. കമ്മ്യൂണിസ്റ്റ്ഭരണത്തിനു വിധേയമായിത്തീന്ന പൂർവയൂറോപ്യൻ രാജ്യങ്ങളിലെ എതിർകക്ഷിപ്രമാണികളോടു് അനുവത്തിച്ചുവന്ന ക്രൂരമായ നയം ഡഗ്ലാസിനെ പര്യാകുലനാക്കുകയും കമ്മ്യൂണിസ്റ്റ്പാർട്ടിയിൽ അദ്ദേഹത്തിനു അവശേഷിച്ചിരുന്ന പ്രേമത്തെ നാമാവശേഷമാക്കുകയും ചെയ്തു. ധാർമ്മികനിയമങ്ങളെ കമ്മ്യൂണിസം അങ്ങേഅററംവരെ അവഗണിക്കുന്നുവെന്നും ലക്ഷ്യപ്രാപ്തിക്കുവേണ്ടി അധർമ്മത്തിന്റേയും ക്രൗര്യത്തിന്റേയും അടിത്തട്ടുവരെ പോകുന്നതിനു കമ്മ്യൂണിസം മടിക്കുന്നില്ലെന്നും അദ്ദേഹം മനസ്സിലാക്കി. കമ്മ്യൂണിസ്റ്റ് പത്രത്തിലെ ജോലി വിട്ടു് പ്രശാന്തമായി ഒതുങ്ങിയ ഒരു ജീവിതം നയിക്കുന്നതിനു് അദ്ദേഹം അതിയായി ആശിച്ചു.

ഇക്കാലത്തിനിടയ്ക്കു് അദ്ദേഹവുംഭാര്യയും കത്തോലിക്കാമതത്തിൽ ഉത്സുകരായി കഴിഞ്ഞിരുന്നു. മാർക്സും എംഗൽസും ദൈവാസ്തിക്യത്തിനു് എതിരായി കാണിച്ചിട്ടുള്ള ന്യായങ്ങളെക്കാൾ ബുദ്ധിക്കു കൂടുതൽ സ്വീകാര്യമായ ന്യായങ്ങൾ കത്തോലിക്കാചിന്തകന്മാരും താത്വികന്മാരും ദൈവാസ്തിക്യത്തിനു് അനുകൂലമായി കാണിക്കുന്നുണ്ടെന്നു് അവർ ഗ്രഹിച്ചു. പക്ഷേ കത്തോലിക്കാസഭയുടെ മടിയിൽ എത്തുന്നതിനു് ഇനിയും പല വിഘ്നങ്ങളേയും അവർ തരണംചെയ്യേണ്ടതുണ്ടായിരുന്നു. ഈ ഘട്ടത്തിൽ കത്തോലിക്കരുടെ ഒരു ചോദ്യോത്തരസമ്മേളനത്തിൽ (braius trust) ഡഗ്ലാസ് സംബന്ധിക്കുകയും അതു കത്തോലിക്കാസഭയേയും കത്തോലിക്കരേയുംപററി അദ്ദേഹത്തിനുണ്ടായിരുന്ന പല തെററിദ്ധാരണകളേയും ദൂരീകരിക്കുകയും ചെയ്തു.

പക്ഷേ നാസ്തികവാദത്തിൽ മുഴുകിപ്പോയിരുന്ന അദ്ദേഹത്തിനു് ദൈവാസ്തിക്യത്തിൽ വിശ്വസിക്കുവാൻ ഇനിയും വിഷമം തോന്നി. എങ്കിലും അദ്ദേഹം നിരാശനായില്ല. ഒരു ദിവസം വൈകുന്നേരം പത്രമാപ്പീസിൽനിന്നും വീട്ടിലേക്കുപോകവേ എങ്ങനേയും ഒരു കത്തോലിക്കാദേവാലയത്തിൽ പോകണമെന്നു് പെട്ടെന്നൊരു പ്രചോദനം അദ്ദേഹത്തിനുണ്ടായി. അതിന്റെ ഫലമായി വിശുദ്ധ എതെൽഡ്റെഡായുടെ ദേവാലയത്തിൽ പോയി. ആ ദേവാലയം അദ്ദേഹത്തെ ആകർഷിച്ചു. ദിവസേന കാലത്തും വൈകുന്നേരവും അദ്ദേഹം അവിടെ പോയിരുന്നു. ആ ദേവാലയത്തിൽ ആയിരുന്നപ്പോൾ സമയം പോയതു് എങ്ങനെയെന്നു് അദ്ദേഹം അറിഞ്ഞില്ല. എങ്കിലും അദ്ദേഹം ആശിച്ച മനഃപ്രകാശം ഇനിയും ലഭിച്ചില്ല. ഒരു ദിവസം ഇങ്ങനെ ദേവാലയത്തിലെ പിറകിലെ ബെഞ്ചിൽ ഇരിക്കുകയിൽ വിഷാദമഗ്നയായ ഒരു ഐറിഷ് യുവതി മുമ്പോട്ടുകടന്നു് ദൈവജനനിയുടെ തിരുസ്വരൂപത്തിൻമുമ്പിൽ പ്രാർത്ഥിച്ചിട്ടു് സന്തുഷ്ടവദനയായി മടങ്ങുന്നതു് അദ്ദേഹം കണ്ടു. ഉടനെ അദ്ദേഹവും എഴുന്നേററു് ആ തിരുസ്വരൂപത്തിന്റെ മുമ്പിൽ ചെന്നു പ്രാർത്ഥിച്ചിട്ടു് ആശ്വാസസംപ്രാപ്തനായി ദേവാലയം വിട്ടു. താമസിയാതെ അദ്ദേഹത്തിന്റെ രണ്ടു കുട്ടികളെ മാമ്മോദീസാ മുക്കുകയും അദ്ദേഹവും ഭാര്യയും കത്തോലിക്കാ മതസ്വീകരണത്തിനു പ്രാരംഭമായുള്ള മതപഠനം ആരംഭിക്കുകയും ചെയ്തു.

"ഡയിലി വർക്കറു"മായുള്ള അദ്ദേഹത്തിന്റെ ബന്ധം ഇപ്പോഴും തുടന്നുകൊണ്ടിരുന്നുവെങ്കിലും ആ പത്രമാപ്പീസിലെ അന്തരീക്ഷം അദ്ദേഹത്തെ ശ്വാസം മുട്ടിക്കുന്നതുപോലെ തോന്നി. തന്മൂലം അദ്ദേഹം "കാത്തലിക്ക് ഹെരാൾഡ്" ആപ്പീസിലെ പത്രപ്രവർത്തകന്മാരുമായി സമ്പക്കത്തിലേപ്പെടുവാൻ ശ്രമിക്കയും താമസിയാതെ അതിന്റെ പത്രാധിപരേയും പത്രാധിപസമിതിയിലെ മററു ചിലരേയും പരിചയപ്പെടുകയും ചെയ്തു. 1948 മാർച്ച് 14-ാംനു, 20 കൊല്ലത്തെ കമ്മ്യൂണിസ്റ്റ്പ്രവർത്തനത്തിനുശേഷം കമ്മ്യൂണിസ്റ്റ്പത്രത്തിൽനിന്നും പിറേറദിവസം കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നും അദ്ദേഹം രാജിവച്ചു.

കത്തോലിക്കനായതിനുശേഷമുള്ള തന്റെമനസ്ഥിതിയെപ്പററി അദ്ദേഹം ഇങ്ങനെപറയുന്നു: "ഞങ്ങൾ കത്തോലിക്കരായദിവസം ലോകത്തിലേക്കു് ഏററം വിവേകവത്തായതിനോടു് ഞാൻ സംബന്ധിതനായി എന്നു് എനിക്കു തോന്നി. കേവലം മനുഷ്യരുടെ വിവേകമല്ല; ദൈവത്തിന്റെ കൂടുതൽ വിശാലമായ വിവേകം. ദൈവത്തെക്കൂടാതെ ഈ അണുബോംബുകളുടെ യുഗത്തിൽ വിവേകബോധമോ ജീവിതത്തിനു് അർത്ഥമോ ഇല്ല. സ്വയം നശിപ്പിക്കുന്നതിൽനിന്നും ലോകത്തെ രക്ഷിക്കുന്നതിനു് മരിച്ചു എന്നു് ഒരിക്കൽ മനുഷ്യർ പ്രഖ്യാപിച്ച ആ ദൈവം എന്നത്തേയുംകാൾ കൂടുതലായി ഇന്നാവശ്യമാണു്."

ഒരു ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ്കാരന്റെ ആദ്ധ്യാത്മികപോരാട്ടത്തിന്റെ ചരിത്രമാണു് "ഞാൻ വിശ്വസിച്ചു" (I Believed) എന്നു് ചുരുക്കിപ്പറയാം. കമ്മ്യൂണിസത്തിൽക്കൂടി ലോകത്തെ നന്നാക്കാമെന്നു വ്യാമോഹിക്കുന്നവരും കമ്മ്യൂണിസപ്രചാരണത്തിനുവേണ്ടി കമ്മ്യൂണിസ്റ്റ്കാർ പ്രയോഗിക്കുന്ന വിവിധതന്ത്രങ്ങളെപ്പററി കൂടുതലായി അറിയാനാഗ്രഹിക്കുന്നവരും വായിച്ചിരിക്കേണ്ട ഒരു ഗ്രന്ഥമാണിതു്. K. L. Fernandes, Booksellers, Bandra, Bombay 20 എന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ ഈ പുസ്തകം ലഭിക്കാവുന്നതാണു്.


സ്വർണ്ണപ്പണയം

കുറഞ്ഞപലിശ. കൂടുതൽ നിരക്ക

ബാങ്ക് ഓഫ് കൊച്ചിൻ ക്ലിപ്തം

എറണാകുളം

മട്ടാഞ്ചേരി, ചാലക്കുടി, തൃശ്ശൂർ, വില്ലിങ്ങ്ടൺ ഐലൻറ്


## ന്യൂമൻ റോമായിൽ

ജോൺ ഹെൻട്രി ന്യൂമൻ കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനു് അഞ്ചുകൊല്ലംമുമ്പു് യൂറോപ്പിൽ ഒരു പര്യടനം നടത്തി. അദ്ദേഹം ഇംഗ്ലണ്ടിൽനിന്നു പുറത്തിറങ്ങുന്നതു് അന്നു ആദ്യമായിട്ടായിരുന്നു. "അപ്പൊളോജിയ" എന്ന അദ്ദേഹത്തിന്റെ പ്രസിദ്ധ സ്വയംകൃതചരിത്രത്തിൽ ഈ വിദേശയാത്രയെപ്പററി ചില സൂചനകൾമാത്രമേ കാണാനുള്ളു. എന്നാൽ അദ്ദേഹത്തിന്റെ ചില ലേഖനശേഖരങ്ങൾ ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതിൽ ഈ യാത്രയെപ്പററി വിസ്തരമായ വിവരങ്ങൾ കാണാനുണ്ടു്. അമ്മയ്ക്കും സഹോദരിമാർക്കും അയച്ചിരുന്ന കത്തുകൾ അത്യന്തം ഹൃദ്യങ്ങളായിരിക്കുന്നു. 1833 മാർച്ച് 3-ാം തീയതി അദ്ദേഹം റോമിലെത്തി. "ഇതു അത്ഭുതകരമായ ഒരു സ്ഥലംതന്നെ. പ്രശംസയ്ക്കു് അർഹമായി ഞാൻ കണ്ട ഒന്നാമത്തെ നഗരമാണിതെന്നു് ഓർത്തുകൊള്ളണം. ഇന്നലെ ഞങ്ങൾ സെൻറു് പീറേറഴ്സ് സന്ദർശിച്ചു. ഒരു ബ്രഹ്മാണ്ഡസൗധം. സകലതും പ്രകാശമാനവും അത്യുന്നിർമ്മിതവുമായിരിക്കുന്നു. ഞായറാഴ്ചദിനം എത്ര സന്തോഷം ആചരിക്കപ്പെടുന്നു." വിശുദ്ധവാരത്തിലെ തിരുക്കർമ്മങ്ങളെയും, സെൻറു് പീറേറഴ്സിൽ കണ്ട മററു കാഴ്ചകളേയും പററി അദ്ദേഹം സാദരം വർണ്ണിച്ചിട്ടുണ്ടു്. റോമിൽനിന്നും പിരിയാറായപ്പോൾ അദ്ദേഹം എഴുതുന്നു: "എന്റെ ഹൃദയത്തിന്റെ ഒരു ഭാഗം ഞാൻ റോമിനു കൊടുത്തുപോയി. അവിടെനിന്നു വേർപിരിയാറായപ്പോൾ ഹൃദയം രണ്ടായി പിളരുന്നതുപോലെ തോന്നി... ...ഹാ! റോമാ റോമായല്ലായിരുന്നെങ്കിൽ! എന്നാൽ അവളോടുള്ള ഐക്യം അസാദ്ധ്യമാണെന്നു പകൽപോലെ തെളിവായി ഞാൻ കാണുന്നു." കർദ്ദിനാൾപദംവരെ എത്താനിരുന്ന ആ ആംഗ്ലിക്കൻയുവാവു് അന്നു ആ പദവിയിൽമാത്രമേ എത്തിയിരുന്നുള്ളു! പ്രസാദവരം പിന്നീടു് എത്ര വലിയ പ്രവത്തനങ്ങളാണു് അദ്ദേഹത്തിൽ നടത്തിയതെന്നുള്ളതു് ഊഹാതീതംതന്നെ!!

——

# വിദ്യാഭ്യാസപ്രശ്നങ്ങൾ

## സമ്മർസ്കൂൾ

(ഷെവലിയർ ജോസഫ് പെട്ട എം. എ.)



കത്തോലിക്കാ വിദ്യാലയങ്ങളിൽ പലതിനും അടുത്തകാലത്തു വന്നുഭവിച്ചിട്ടുള്ള ശോച്യാവസ്ഥയിൽനിന്നു അവയെ ഉദ്ധരിച്ചു തികച്ചും സന്മാർഗ്ഗികചൈതന്യസമ്പൂർണ്ണമാക്കിത്തീർക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പററിയാണു് നാം ഇതുവരെ പര്യാലോചിച്ചതു്. തദ്വിഷയവുമായി ബന്ധപ്പെട്ടവരെല്ലാം ഒന്നുചേർന്നു ഉദ്യമിക്കുന്നപക്ഷം അഭികാമ്യമായ ആ പരിവർത്തനം സുസാദ്ധ്യമാണെന്നുള്ളതിനു് സംശയമില്ല. പക്ഷെ അതു പൂർത്തിയാകുന്നതിനു കുറെ കാലതാമസം വേണ്ടിവരുമെന്നു് സമ്മതിക്കാതെയും തരമില്ല. ആകയാൽ അങ്ങനെ വേണ്ടിവരുന്നതായ ആ ഇടക്കാലഘട്ടത്തിൽ നമ്മുടെ യുവജനങ്ങളുടെ മതപ്രബോധനവും സന്മാർഗ്ഗപരിശീലനവും കോട്ടംകൂടാതെ നടക്കുന്നതിനു മററു ചില ഉപാധികൾകൂടി നാം അവലംബിക്കേണ്ടിയിരിക്കുന്നു. അവയിൽ ഒന്നാണു് സമ്മർസ്കൂൾ. സാമാന്യവിദ്യാലയങ്ങളുടെ നില നാം അഭിലഷിക്കുന്നവിധം ശരിപ്പെട്ടുകഴിഞ്ഞാൽത്തന്നെയും, അവയുടെ പ്രവർത്തനഫലം സവിശേഷം പൂരിപ്പിക്കുന്നതിനു് സമ്മർസ്കൂളുകൾ അത്യധികം ഉപകരിക്കാതിരിക്കയില്ല. ആകയാൽ നമ്മുടെ വിദ്യാഭ്യാസപ്രസ്ഥാനത്തിന്റെ ഒരു ശാശ്വതഘടകമായിത്തന്നെ ഇത്തരം സ്കൂളുകളെ പരിഗണിക്കുന്നതും പരിപോഷിപ്പിക്കുന്നതും ഉത്തമമായിരിക്കും.

സമ്മർസ്കൂൾ അഥവാ ഗ്രീഷ്മകാലവിദ്യാലയം എന്ന പേരുകൊണ്ടു് നാം നിർവ്വചിക്കുന്നതു്, മററു വിദ്യാലയങ്ങളുടെ അവധിക്കാലത്തു പ്രത്യേകപരിപാടിയനുസരിച്ചു് നടത്തപ്പെടുന്ന ഒരു അദ്ധ്യയനക്കളരിയാണു്. മതതത്വങ്ങൾ, വിശുദ്ധസുവിശേഷം, സന്മാർഗ്ഗസിദ്ധാന്തങ്ങൾ, തിരുസ്സഭാചരിത്രം, സാമൂഹ്യപ്രശ്നങ്ങൾ എന്നിവയത്രെ ഈ പഠനക്കളരിയിലെ പ്രതിപാദ്യവിഷയങ്ങൾ. ദക്ഷിണഭാരതത്തെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു "വിദ്യാലയം" ഇദംപ്രഥമമായി ആരംഭിച്ചു നടത്തിയതു് ബാംഗ്ളൂരിലായിരുന്നു. രണ്ടാഴ്ചക്കാലത്തെ പ്രവർത്തനപരിപാടിയോടുകൂടിയ ആ വിദ്യാലയം ഈശോസഭക്കാരായ ഏതാനും വൈദികപണ്ഡിതന്മാരുടെ നേതൃത്വത്തിലാണു് നടന്നതു്. ഇന്ത്യയുടെ പല ഭാഗങ്ങളിൽനിന്നും അദ്ധ്യേതാക്കൾ അതിൽ വന്നു സംബന്ധിച്ചു. പേരുകേട്ട പണ്ഡിതവര്യന്മാരായിരുന്നു അദ്ധ്യാപകന്മാർ. ഗഹനങ്ങളായ വിഷയങ്ങൾ പുരസ്കരിച്ചുള്ള പ്രസംഗപരമ്പരകൾക്കു പുറമേ, വിജ്ഞാനവും വിനോദവും ഒന്നിച്ചു പ്രദാനംചെയ്യുന്നതിനു പര്യാപ്തമായ ചില സന്ദർശനപര്യടനങ്ങളും അതിന്റെ പരിപാടിയിൽ ഉൾപ്പെട്ടിരുന്നു. അങ്ങനെ ആകെക്കൂടി ആദ്യത്തെ സമ്മർസ്കൂൾ ഒരു വമ്പിച്ചവിജയംതന്നെയായിരുന്നു. ഭാരിച്ച കൃതാർത്ഥതയോടും അതീവ സന്തുഷ്ടിയോടുംകൂടിയാണു് അദ്ധ്യേതാക്കൾ യാത്രപറഞ്ഞുപിരിഞ്ഞതു്. ചില കൊല്ലങ്ങളിൽ മുടക്കം സംഭവിച്ചെങ്കിലും ബാംഗ്ളൂരിലെ സമ്മർസ്കൂൾ സജീവമായി നല്ലനിലയിൽത്തന്നെ തുടർന്നുപോകുന്നുണ്ടു്.

അതുപോലെ ഏതാണ്ടൊരു സ്ഥിരപ്രതിഷ്ഠ ലഭിച്ച മറെറാരു സ്ഥാപനമാണു് തൃശ്ശൂർ രൂപതയിലെ കത്തോലിക്കാപ്രവർത്തനസംഘത്തിന്റെ നേതൃത്വത്തിൽ 1941 മുതൽ ഇടമുറിയാതെ കൊല്ലംതോറും നടന്നുവരുന്ന "ബിഷപ്പു് വാഴപ്പിള്ളി സ്മാരക സമ്മർസ്കൂൾ." അതിന്റെയും അദ്ധ്യയനപരിപാടി ബാംഗ്ളൂർസ്കൂളിന്റേതുതന്നെയാണു്. പക്ഷെ കാലദൈർഘ്യം ഒരാഴ്ചമാത്രമേയുള്ളു. കേരളീയർ മാത്രമാണു് അതിൽ സംബന്ധിക്കുന്നതെന്ന കാരണത്താൽ അദ്ധ്യാപനം നടത്തുന്നതു് സാമാന്യേന മലയാളത്തിലാണു്. അവസാനദിവസം ഒരു പരീക്ഷ നടത്തി, വിജയികൾക്കു് സാക്ഷിപത്രങ്ങളും (Certificates) പ്രഥമദ്വിതീയ സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കു് സമ്മാനങ്ങളും നല്കിവരുന്നു.

1941 ഡിസംബർ മാസത്തിൽ നടന്ന പ്രഥമസമ്മേളനത്തിലെ പ്രതിപാദനവിഷയങ്ങളും അവ കൈകാര്യംചെയ്ത പ്രസംഗകന്മാരുടെ പേരുവിവരവും താഴെ ചേർക്കുന്നു:-

1) മാതൃകാകത്തോലിക്കൻ— മോൺസിഞ്ഞോർ അന്തോണി പുതുശ്ശേരി ഡി. ഡി.

2) സഭാഭരണസംഘടന—ഷെവലിയർ സി. ജെ. വർക്കി, എം എ.

3) കത്തോലിക്കാ പ്രവർത്തനം — പ്രൊ. ജോസഫ് പെട്ട, എം എ.

4) മൗലികദൈവശാസ്ത്രം — ഫാദർ പ്ലാസിഡ്, പിഎച്ച് ഡി, ഡി ഡി, ഡി സി എൽ.

5) തിരുസ്സഭാചരിത്രം— ചി. കെ ഇ. ജോബ്, എം എ എൽ ററി.

6) സാമൂഹ്യവ്യവസ്ഥിതി— മി. വി. സി. ജോർജ്ജ്, ബി എ, എൽ ററി.

7) കൂദാശകൾ— ഫാദർ ജെ. കെ. തയ്യിൽ, എസ് ജെ.

ആരംഭംമുതൽ തൃശ്ശൂർ ആസ്ഥാനമാക്കിയിരുന്ന പ്രസ്തുത "വിദ്യാലയം" ഇക്കൊല്ലം പരീക്ഷണാർത്ഥമെന്നു സ്ഥലംമാററി, പാവരട്ടിയിലെ കർമ്മലീത്താ സന്യാസാശ്രമത്തിന്റെ പരിസരങ്ങളിൽ നടത്തിനോക്കി. ആ പരീക്ഷണത്തിന്റെ ഫലം തികച്ചും പ്രോത്സാഹജനകമായിരുന്നു. ഇതുവരെ അങ്ങനെയൊരു സൗകര്യംലഭിച്ചിട്ടില്ലാതിരുന്ന പാവരട്ടിയിലേയും സമീപപ്രദേശങ്ങളിലേയു യുവജനങ്ങൾ അനവധിയായി വിദ്യാലയത്തിൽ വന്നുചേർന്നു; ആശ്രമാധികാരികളുടെ ഹാർദ്ദവും ഉത്സാഹഭരിതവുമായ സഹായസഹകരണങ്ങളും അതിനു ലഭിച്ചു; അങ്ങനെ അത്ഭുതപൂർവ്വമായ ഒരു വിജയം അതിനു കരഗതമായി. എന്നാൽ എന്നും എവിടേയും ഈ വിദ്യാലയവിജയത്തിനു് പ്രധാനനിദാനമായിരുന്നിട്ടുള്ളതു് രൂപതാദ്ധ്യക്ഷൻ തിരുമനസ്സിലെ നിരന്തരപ്രോത്സാഹനമാണു്.

എറണാകുളത്തു സെൻറു് ആൽബർട്ടു് സ്കൂളിനോടു അനുബന്ധിച്ചും ഒരു സമ്മർസ്കൂൾ വളരെ പ്രശസ്തമായ നിലയിൽ പ്രവർത്തനം നടത്തിവരുന്നുണ്ടു്. തൃശ്ശിനാപ്പള്ളി സെൻറു് ജോസഫ്സ് കലാലയം മുതലായ കത്തോലിക്കാ വിദ്യാഭ്യാസകേന്ദ്രങ്ങളിലെ പണ്ഡിതകേസരികളായ വൈദികശിരോമണികൾ ഇവിടത്തെ അധികൃതന്മാരുടെ ക്ഷണം സ്വീകരിച്ചു്, ഈ സമ്മർസ്കൂൾ സംരംഭത്തിൽ പങ്കെടുക്കാറുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ. ഇക്കൊല്ലം സ്ത്രീപുരുഷന്മാരായ അഞ്ഞൂറോളം യുവജനങ്ങളാണു് ഈ "വിദ്യാലയത്തിൽ" അദ്ധ്യയനം നടത്തിയതു്. ഇത്രയേറെ പഠിതാക്കൾ ഇതുവരെ മറെറാരു സമ്മർസ്കൂളിലും സംബന്ധിച്ചതായി കാണുന്നില്ല. സെൻറ് ആൽബർട്ട്സ് അധികൃതന്മാരെ ഹാർദ്ദമായി അനുമോദിച്ചുകൊള്ളുന്നു.

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിലും സമ്മർസ്കൂളുകൾ നടക്കുന്നുണ്ടു്. മാന്നാനം, തേവര മുതലായ സ്ഥലങ്ങളിലെ സന്യാസാശ്രമങ്ങളുടെ നേതൃത്വത്തിലാണു് അവ നടത്താറുള്ളതു്. പാവരട്ടിയിലെ ആശ്രമാധികാരികളുടെ സഹകരണത്തെപ്പററി മുൻപു് പ്രസ്താവിച്ചുവല്ലോ. ഏവംവിധം സന്യാസാശ്രമങ്ങൾ ഈ പ്രസ്ഥാനത്തിൽ പരിപൂർണ്ണം സഹകരിച്ചു പ്രവർത്തിക്കാമെന്നുവച്ചിട്ടുള്ളതു് അതിന്റെ ശോഭനമായ ഭാവിയെ കുറിക്കുന്ന ഒരു ശുഭലക്ഷണമാണു്, സംശയമില്ല. വിപുലമായ തോതിലും വിദഗ്ദ്ധമേൽനോട്ടത്തിലും ഇത്തരം അദ്ധ്യയനക്കളരികൾ നടത്തുന്നതിനു് ഒത്തിണങ്ങിയ സൗകര്യസജ്ജീകരണങ്ങൾ സന്യാസാശ്രമങ്ങളിലെപ്പോലെ മററു സ്ഥലങ്ങളിൽ ലഭ്യമാകുന്നതല്ല. മദ്ധ്യശതകങ്ങളിൽ യൂറോപ്പരാജ്യങ്ങളിലെ വിദ്യാഭ്യാസസംരംഭം മുഴുവനും സന്യാസാശ്രമങ്ങളിലാണല്ലോ കേന്ദ്രീകരിച്ചിരുന്നതു്. എത്ര പ്രശസ്തവും ഫലപ്രദവുമായ രീതിയിൽ അവർ ആ ചുമതല നിർവ്വഹിച്ചിരുന്നു എന്നതിനു് ചരിത്രം സാക്ഷിയാണു്. അന്നത്തെ സന്യാസവൃത്തിയുടെ മഹനീയ ആദർശങ്ങളെത്തന്നെ തുടർന്നുകൊണ്ടുപോകുന്ന ഇന്നത്തെ കേരളീയ സന്യാസസഭകളും നമ്മുടെ വിദ്യാഭ്യാസപുരോഗതിക്കായുള്ള പരിശ്രമങ്ങൾ, പ്രത്യേകിച്ചു് മതപഠനവും സന്മാർഗ്ഗപ്രബോധനവും ലക്ഷ്യമാക്കിയുള്ള സംരംഭങ്ങൾ, സർവ്വാത്മനാ സഹായിച്ചു പ്രോത്സാഹിപ്പിക്കാതിരിക്കയില്ല. കേരളക്കരയിലെ ഓരോ സന്യാസാശ്രമത്തോടും അനുബന്ധിച്ചു് കൊല്ലംതോറും ഓരോ സമ്മർസ്കൂൾവീതം നടത്തുന്നപക്ഷം അതു്, അല്പാല്പം വിദ്യാഭ്യാസം ലഭിച്ചിട്ടുള്ളവരായ അനേകം യുവജനങ്ങൾക്കും അവർവഴി മററുള്ളവർക്കും എത്രവലിയൊരനുഗ്രഹമായിരിക്കും എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. നമ്മുടെ കോളെജുകളുംകൂടി യഥാവിധി സഹകരിക്കുന്നപക്ഷം ഫലം ഇരട്ടിപ്പടി വർദ്ധിക്കുകതന്നെ ചെയ്യും.

"സമ്മർസ്കൂൾ" ഒരു വയോജനവിദ്യാഭ്യാസപ്രസ്ഥാനമല്ല. കേവലം നിരക്ഷരകുക്ഷികളായവരെ വിദ്യ അഭ്യസിപ്പിക്കുകയല്ല, പ്രത്യുത, ഇന്നത്തെ രീതിയനുസരിച്ചു കുറേയൊക്കെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരെ പൂർവ്വോപരി വിജ്ഞാനസമ്പന്നരും സന്മാർഗ്ഗനിരതരുമാക്കിത്തീർക്കുക എന്നതാണു് ഒരു സമ്മർസ്കൂളിന്റെ ഉദ്ദേശ്യം. പരിമിതവും പ്രായോഗികവുമായ ഒരു ലക്ഷ്യമേ അതിനുള്ളു. അടിസ്ഥാനവിദ്യാഭ്യാസം എന്നും മററും ഉൽഘോഷിക്കപ്പെടാറുള്ള അടിസ്ഥാനരഹിതങ്ങളായ അദ്ധ്യയനപദ്ധതികളുടെ അസ്ഥിരായ ആരാധകന്മാർ കൊട്ടിഘോഷിക്കാറുള്ളതുപോലെ, ഇന്നു നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായം സർവ്വത്ര അബദ്ധസംപൂർണ്ണമാണെന്നു പ്രഖ്യാപിക്കുന്നതിനോ, ആ സമ്പ്രദായം അശേഷം തച്ചുടച്ചു തൽസ്ഥാനത്തു സർവ്വഗുണസംപൂർണ്ണവും സർവ്വദൂഷ്യസംഹാരിയുമായ മറെറാരു പദ്ധതി ഉടനടി പ്രതിഷ്ഠിച്ചുകളയാമെന്നു വീരവാദം മുഴക്കുന്നതിനോ സമ്മർസ്കൂൾ പ്രവർത്തകന്മാർക്കു മോഹമില്ല. ഉള്ളതിനെ കുറകളഞ്ഞു ഒന്നുകൂടി പുഷ്ടിപ്പെടുത്തണമെന്നു മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളു. തദുദ്ദേശ്യസാദ്ധ്യത്തിനായുള്ള സമ്മർസ്കൂൾപ്രവർത്തനത്തിനു മൂന്നു വശങ്ങളാണുള്ളതു്. അദ്ധ്യയനത്തിനു വന്നുചേരുന്നവർക്കു അതുവരെ ലഭിച്ചിട്ടുള്ള വിജ്ഞാനവൈപുല്യത്തിന്റേയും സന്മാർഗ്ഗപ്രബോധനത്തിന്റേയും വിപുലീകരണം, ശുദ്ധീകരണം, ദൃഢീകരണം എന്നിവയത്രേ ആ മൂന്നു വശങ്ങൾ.

1. വിപുലീകരണം

വിപുലീകരണത്തെപ്പററി വിസ്തരിച്ചു വിശദീകരിക്കേണ്ട ആവശ്യമില്ല. "ആചാര്യാൽ പാദമാദത്തേ" എന്നു തുടങ്ങിയുള്ള ശ്ലോകത്തിൽ വിവരിച്ചിട്ടുള്ളതുപോലെ, നമ്മുടെ ഓരോരുത്തരുടേയും വിദ്യാഭ്യാസം ആജീവനാന്തം നിലനിൽക്കുന്ന ഒരു കർമ്മപരിപാടിയാണു്. ഒററവാക്കിൽ പറഞ്ഞാൽ, നാം ഓരോരുത്തനും ഓരോ ആയുഷ്കാലവിദ്യാർത്ഥിയാണു്. വിദ്യാർത്ഥി എന്ന വാക്കാൽ വിദ്യാധനത്തെ അർത്ഥിക്കുന്നവൻ, അഥവാ തേടുന്നവൻ എന്നാണല്ലോ വിവക്ഷ. ലോകവെളിച്ചം നാം ആദ്യമായി ദർശിക്കുന്ന മാത്രയിൽ ആരംഭിക്കുന്നു നമ്മുടെ വിദ്യാസമ്പാദനപരിശ്രമം; ആ വെളിച്ചവും അതൊന്നിച്ചു പ്രപഞ്ചപരിവർത്തനചിത്രങ്ങളും നമ്മുടെ കണ്ണുകളിൽനിന്നു എന്നേക്കുമായി മറഞ്ഞുപോകുന്ന നിമിഷംവരെ പ്രസ്തുത പരിശ്രമം തുടർന്നുകൊണ്ടുതന്നെയിരിക്കുന്നു. സുദീർഘമായ ആ ജീവിതപരിപാടിയിലെ ഒരു സുപ്രധാനഘടകമാണു സമ്മർസ്കൂൾ അദ്ധ്യയനപദ്ധതി.

ഇന്നത്തെ വിദ്യാലയങ്ങളിൽനിന്നു നമ്മുടെ യുവജനങ്ങൾക്കു ലഭിക്കാവുന്ന വിജ്ഞാനസമ്പത്തു കേവലം പരിമിതവും അപൂർണ്ണവുമാണെന്നുള്ളതിൽ പക്ഷാന്തരമില്ല. അതുതന്നെയും വേണ്ടപോലെ കരഗതമാക്കുന്നതിനു അവർ കൂട്ടാക്കുന്നില്ലെന്നുള്ളതും വെറുമൊരു പരമാർത്ഥം മാത്രമാണു്. വിദ്യാധനത്തിന്റെ പ്രാധാന്യവും ആ ധനം കാലേക്കൂട്ടി വേണ്ടതു സമ്പാദിച്ചുവച്ചില്ലെങ്കിൽ പിൽക്കാലങ്ങളിൽ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളും ശരിയായി വിഭാവനം ചെയ്യുന്നതിനുള്ള പ്രാപ്തിക്കുറവുമൂലമാണു് അത്തരം അനാസ്ഥ വിദ്യാർത്ഥികളിൽ പ്രത്യക്ഷപ്പെടുന്നതു്. എന്നാൽ പ്രായപൂർത്തിവരുന്നതോടുകൂടി അതിൽ അവർ പശ്ചാത്തപിക്കുകയും കൂടുതൽ ജ്ഞാനം സമ്പാദിക്കുന്നതിനുള്ള അഭിവാഞ്ഛ അവരിൽ ഉൽഭൂതമാവുകയുംചെയ്യുന്നു. പക്ഷേ സാധാരണ വിദ്യാലയങ്ങളിലേക്കു വീണ്ടും ചെന്നുചേരുന്നതിനു് അവർക്കു സാധിക്കുന്നതല്ലല്ലോ. ഈ വിഷമപ്രശ്നം ഏവംവിധം തരണംചെയ്തു അവരുടെ ആഗ്രഹത്തിനു നിവൃത്തിവരുത്തുന്നതിനും, വിശിഷ്യ, ലോകഗതിയനുസരിച്ചു അതതുകാലത്തു ആവിർഭവിച്ചുകൊണ്ടിരിക്കുന്ന നൂതനപ്രശ്നങ്ങളെപ്പററി സമഗ്രമായ ജ്ഞാനം അവർക്കു നല്കുന്നതിനുമാണു സമ്മർസ്കൂൾ ഉദ്യമിക്കുന്നതു്. പരിപൂർണ്ണത ഇക്കാര്യത്തിൽ സാദ്ധ്യമല്ല; അത്രയ്ക്കു നിസ്സീമമാണു വിജ്ഞാനസാഗരം. കഴിയുന്നത്ര പുരോഗമിക്കാമെന്നേയുള്ളു.

"Yet all experience is an arch wherethro'
Gleams that untravell'd world, whose margin fades
For ever and for ever when I move."

എന്നാണല്ലോ മഹാകവി "ടെന്നിസ്സൻ" പാടിയിരിക്കുന്നതു്. അതുകൊണ്ടത്രെ സമ്മർസ്കൂളിന്റെ ലക്ഷ്യങ്ങളെപ്പററി പറഞ്ഞ അവസരത്തിൽ "പൂർത്തീകരണം" എന്ന പദം ഉപയോഗിക്കാതെ, "വിപുലീകരണം" എന്നു പ്രയോഗിച്ചതു്. വിവിധജോലിക്കാരും വ്യത്യസ്തപ്രായക്കാരുമായ നിരവധി ആളുകൾ സമ്മർസ്കൂളുകളിൽ സംബന്ധിച്ചു അദ്ധ്യയനം നടത്തുന്നതിനു ഉൽസുകരായി കാണപ്പെടുന്നുണ്ടു്. തങ്ങളുടെ അറിവു അപൂർണ്ണമാണെന്നും അതു വർദ്ധിപ്പിക്കുന്നതു കൂടുതൽ ഉപകാരപ്രദമാണെന്നും അവർക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു എന്നാണല്ലോ അതിൽനിന്നു അനുമാനിക്കേണ്ടതു്. ആകയാൽ ഇന്നത്തെ പരിതഃസ്ഥിതികളിൽ അഭ്യസ്തവിദ്യരെന്നു അഭിമാനിക്കുന്നവരുടെ വിജ്ഞാനവിപുലീകരണത്തിനു സമ്മർസ്കൂളുകൾ ആവശ്യകമാണെന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു വഴിയില്ല.

(തുടരും)

---

കൊച്ചി രൂപതയിലെ

## പുതിയ മോൺസിഞ്ഞോറന്മാർ



റൈററ് റവ. മോൺ. ലോറൻസ് പുളിയനത്തു പിഎച്ച്. ഡി., ഡി. ഡി. (ഇടക്കൊച്ചി ഫൊറോനാ വികാരി)



റൈററ് റവ. മോൺ. സിൽവേരിയൂസ് ജാക്സൻ (അത്തുങ്കൽ ഫൊറോനാ വികാരി)

---

## അറിയിപ്പ്

കുന്നമ്മൂച്ചി സെൻറു അസ്സീസിക്ലബ്ബ് സെക്രട്ടറിയെ സത്യദീപം ഏജൻറായി നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

ആരോഗ്യപംക്തി

# ഇടിവെട്ടുമ്പോൾ

(കെ. പി. ജേക്കബ് ബി. എസ്സ്‌സി. ഇരിങ്ങാലക്കട)

ഇടിവെട്ടുമൂലം പലേതരത്തിലുള്ള അപകടങ്ങളും സംഭവിക്കുന്നതായി നാം കേട്ടിട്ടുണ്ട്. ചിലപ്പോൾ അവ തീരെ നിരുപദ്രവകരവും—ഒരുപക്ഷെ രസാവഹവുമായിരിക്കുന്നു. അപൂർവ്വം ചില സന്ദർഭങ്ങളിൽ ഇടിവെട്ട് മനുഷ്യന് ഉപകാരപ്രദമാവുകയും ചെയ്യുന്നുണ്ട്.

ഇടിമിന്നൽ ഒരുവനിൽ നിപതിക്കുകയും, അതേസമയം അയാൾക്ക് യാതൊരു ഉപദ്രവവും നേരിടാതിരിക്കുകയും ചെയ്യാവുന്നതാണ്. ഒരിക്കൽ ഇടിവെട്ടുമൂലം ഒരുവന്റെ വസ്ത്രങ്ങളെല്ലാം ഉരിഞ്ഞ് നീക്കപ്പെട്ടു. എന്നാൽ മററു യാതൊരു വിഷമവും അയാൾക്കു നേരിട്ടില്ല. കുറച്ചുവർഷങ്ങൾക്കുമുമ്പ് ഒരു സ്ഥലത്ത്, ഇടിപാതമേററപ്പോൾ ഒരു ഇരുമ്പുചങ്ങല ഒരു ഇരുമ്പുദണ്ഡുമായി വിളക്കിച്ചേർത്തതുപോലെ യോജിപ്പിക്കപ്പെട്ടു. വേറൊരിടത്ത് ഒരാളുടെ ശയനമുറിയുടെ താക്കോൽ താക്കോൽദ്വാരത്തിൽനിന്ന് വലിച്ചെടുത്ത്, 10 അടി അകലെ കിടന്നിരുന്ന ചെരുപ്പിൽ നിക്ഷേപിക്കുവാൻ ഇടിമിന്നലിനു കഴിഞ്ഞു. ഇടിവെട്ടേററ ഒരു മനുഷ്യൻ കസേരയിൽനിന്ന് തെറിച്ച്, മുറിയുടെ ജനലിൽക്കൂടി 25 വാര അകലെ പറമ്പിൽ ചെന്നുവീണു. അയാൾക്ക് ഒന്നും പററിയില്ല. ഇടിവെട്ടേററതുമൂലം, കുടിക്കുവാൻ ഉയർത്തിയ കപ്പ് പിഞ്ഞാണം കൈയിൽപ്പിടിച്ചുകൊണ്ട് സ്വസ്ഥാനത്ത് കുറേനേരം ഒരാൾ മരവിച്ചിരുന്നുപോയത്രെ! ഇങ്ങനെ നിരുപദ്രവകരവും വിനോദകരവും ആയി നിരവധി സംഭവങ്ങൾ ഇടിവെട്ടുമൂലം സംഭവിച്ചതായി അറിയപ്പെട്ടിട്ടുണ്ട്.

ഇടിമിന്നൽമൂലം ശരീരത്തിന് ബാഹ്യമായുണ്ടാകുന്ന അപകടങ്ങൾക്കു പുറമെ, അത്ഭുതകരമായ പലേ ഫലങ്ങളും അവ ഒരു വ്യക്തിയിൽ പുറപ്പെടുവിക്കാറുണ്ട്. ചിലപ്പോൾ ഇടിപാതമേൽക്കുന്നവർ കുറച്ചുനേരത്തേക്ക് സ്തംഭിച്ചുനിന്നുപോകുന്നു.



കാഴ്ചയിൽ അവർ മരിച്ചുവെന്നുതന്നെ തോന്നും. ശ്വാസോച്ഛ്വാസവും, രക്തസഞ്ചാരവും താൽക്കാലികമായി നിൽക്കുന്നു. പലപ്പോഴും അരയ്ക്കു താഴെയുള്ള ശരീരഭാഗങ്ങൾ മരവിക്കുന്നു. വീണ്ടും നടക്കുവാനും മററും സാധിക്കണമെങ്കിൽ ദിവസങ്ങൾ പലതു കഴിയേണ്ടിവരുന്നു.

ഉദാഹരണമായി, ഒരു അമേരിക്കൻ പട്ടണത്തിൽ ഈയിടെ ശക്തിയായ ഇടിയും മിന്നലും ഉണ്ടായി. ഒരു ഉദ്യോഗസ്ഥനും അയാളുടെ ഭാര്യയും ഇടിനാദം കേട്ട് ഉറക്കമുണർന്നു. ഒരു അഗ്നിഗോളത്തിൽനിന്നും പുറപ്പെടുന്ന പ്രഭാപൂരത്താൽ അവരുടെ അട്ടക്കളം പ്രകാശിക്കുന്നതായി അവർ കണ്ടു. ആ അഗ്നിഗോളമാകട്ടെ മുറിമുഴുവനും ചുററിസഞ്ചരിച്ചുകൊണ്ടിരുന്നു. അതു സ്പർശിച്ചതെല്ലാം കത്തിയെരിഞ്ഞു. അതിന്റെ സഞ്ചാരമാർഗ്ഗത്തിൽ കിടന്നിരുന്ന മുട്ടകൾ പിന്നീട് നോക്കിയപ്പോൾ പാകം ചെയ്യപ്പെട്ടിരിക്കുന്നതായി കണ്ടുവത്രെ! ഒടുവിൽ ഗോളാകൃതിയിലുള്ള ആ ഇടിവാൾ ഭോജനമുറിയുടെ വാതുക്കലെത്തി. അവിടവും കത്തിയെരിഞ്ഞു. അത്രയുമായപ്പോഴേക്കും അതിന്റെ ശക്തി നശിച്ച് അതു നിഷ്പ്രഭമായിത്തീർന്നു. ഏതായാലും ആ കാഴ്ചകൾ അയാളുടെ ഭാര്യയെ ആകെ ഭയവിഹ്വലയാക്കിത്തീർത്തു. അതോടെ അവരുടെ ഇടുതേക്കാൽ ഉപയോഗശൂന്യമായി. ഒരാഴ്ചയ്ക്കുശേഷം മാത്രമേ അതു പൂർവ്വസ്ഥിതിയെ പ്രാപിച്ചുള്ളു.

ഇടിമിന്നലിൽനിന്നും ഉണ്ടാകുന്ന ഷോക്കുമൂലം ചിലപ്പോൾ മാനസികരോഗങ്ങളും പിടിപെടാറുണ്ട്. മിക്കപ്പോഴും ഈ രോഗങ്ങൾ താൽക്കാലികമായിരിക്കും. സാധാരണയായി ചിന്താശക്തി നശിക്കുക, സംസാരം പൂർവ്വാപരവിരുദ്ധമാവുക മുതലായവയാണ് സംഭവിക്കുന്നത്. ചിലപ്പോൾ കുറച്ചുനാളത്തേക്ക് രുചി, മണം, കാഴ്ച, കേൾവി തുടങ്ങിയവയ്ക്കുള്ള കഴിവുകൾ ഇല്ലാതാകുന്നു. ഇടിപാതമേററതിന്റെ ഫലമായി കഷണ്ടി ബാധിച്ച സംഭവങ്ങളും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്.

നേരെമറിച്ച്, ഇടിവെട്ടേററതിന്റെ ഫലമായി ചിലരുടെ രോഗങ്ങൾ തീരെ മാറിക്കിട്ടിയിട്ടുണ്ട്. ഒരാളുടെ അർബ്ബുദ (Cancer) രോഗം അങ്ങനെ മാറിയത്രെ! കൂടാതെ ചെകിടനായിരുന്ന ഒരു കുട്ടിക്ക് അവന്റെ കേൾവിയും, കുരുടനായിരുന്ന ഒരു ജോലിക്കാരന് അവന്റെ കാഴ്ചയും വീണ്ടുകിട്ടിയതായി പറയപ്പെടുന്നു. സാധാരണ ഗതിയിൽ ചികിത്സകൊണ്ട് ഭേദമാകാത്ത തളർവാതം ഇടിമിന്നലിന്റെ സഹായത്താൽ മാറിയിട്ടുണ്ട്. ഇടിവെട്ടുമൂലം ഭ്രാന്തുമാറിയിട്ടുള്ളവരുടെ സംഖ്യ ഇതിലെല്ലാം ഉപരിയാണ്. ആധുനികകാലത്ത് മാനസികരോഗികൾക്ക് ഷോക്കുചികിത്സ നടത്തുന്നതുപോലെയാണിതും. ഇടിമിന്നലും ശക്തിയേറിയ വൈദ്യുതപ്രവാഹം തന്നെയാണല്ലൊ.

എന്നിരുന്നാലും ഇടിവെട്ട് ഗുണത്തെക്കാളധികം ദോഷമാണ് ചെയ്യുന്നത്. അതിനാൽ അതിൽനിന്നും രക്ഷപെടുന്നതിനുള്ള മാർഗ്ഗങ്ങൾ നാം അറിഞ്ഞിരിക്കണം. അതിനു ചില്ലറ ചില രക്ഷാനടപടികൾ അനുഷ്ഠിച്ചാൽ മതിയാകുന്നതാണ്.

പ്രഥമവും പ്രധാനവുമായി, ശക്തിയായി ഇടിവെട്ടുമ്പോൾ ഉടൻതന്നെ ഒരു അഭയസ്ഥാനം തേടുക. വീടുകളും മററു കെട്ടിടങ്ങളും—വലുപ്പംകൂടുംതോറും കൂടുതൽ നല്ലത്—നല്ല രക്ഷാസങ്കേതങ്ങളാണ്. കെട്ടിടങ്ങളുടെ ഉയർന്നഭാഗങ്ങളും ഭിത്തികളും മനുഷ്യശരീരത്തെക്കാൾ കൂടുതൽ മിന്നലിലെ വൈദ്യുതപ്രവാഹത്തിനു അനുയോജ്യമാണ്.

മിന്നൽ എപ്പോഴും കഴിയുന്നതും കുറച്ചുദൂരംമാത്രം വായുവിൽക്കൂടെ സഞ്ചരിച്ചായിരിക്കും ഭൂമിയിലെത്തുന്നത്. അതിനാൽ ഉയരംകൂടിയ കെട്ടിടങ്ങൾ, വൃക്ഷങ്ങൾ, ജലസംഭരണടാങ്കുകൾ തുടങ്ങിയവയിൽ നിപതിക്കുവാനാണ് കൂടുതലെളുപ്പം. വയലുകൾ, കളിസ്ഥലങ്ങൾ, കടൽത്തീരം മുതലായ തുറസ്സായ സ്ഥലങ്ങളിൽ നിൽക്കുന്നതു കൂടുതൽ ആപൽക്കരമാണ്. കാരണം അവിടങ്ങളിൽ നിൽക്കുന്നവർ അവിടത്തെ ഏററവും ഉയരംകൂടിയ വസ്തുക്കളായിത്തീരുന്നു.

സൈക്കിളിന്മേലോ കുതിരപ്പുറത്തോ സഞ്ചരിക്കുകയോ, ട്രാക്ടർപോലെ തുറന്നസ്ഥലത്ത് പ്രവൃത്തിയെടുക്കുന്ന യന്ത്രങ്ങൾ നടത്തിക്കൊണ്ടിരിക്കുകയോ ചെയ്യരുത്. വൃക്ഷങ്ങൾക്കുകീഴിൽ—പ്രത്യേകിച്ച് ഒററതിരിഞ്ഞുനിൽക്കുന്നവയ്ക്കു കീഴിൽ—അഭയം തേടരുത്. ആകാശത്തിലേക്കുയർന്നുനിൽക്കുന്ന പോസ്റ്റുകൾ, പാമരങ്ങൾ എന്നിവയിൽനിന്ന് അകന്നുനിൽക്കുക. കുന്നിൻചെരുവുകളിലോ, അവയുടെ ഉപരിഭാഗത്തോ ഉള്ള തുറന്ന സ്ഥലങ്ങളിൽ നിൽക്കരുത്. എപ്പോഴും താഴ്വരകൾ, കുന്നുകൾക്കിടയിലുള്ള ഇടുങ്ങിയ ഭാഗങ്ങൾ, വൃക്ഷങ്ങൾ തിങ്ങിവളരുന്ന കാടുകൾ, കുന്നുകളുടേയും പർവ്വതങ്ങളുടേയും അടിവാരം എന്നിവിടങ്ങളിലേക്ക് ഓടി രക്ഷപെടുക.

ഇടിവെട്ടിൽനിന്ന് രക്ഷനേടുവാൻ ഏററവും ഉത്തമമായിട്ടുള്ളത്, മുഴുവനും ഉരുക്കുകൊണ്ട് നിർമ്മിച്ചിട്ടുള്ള ആധുനികരീതിയിലുള്ള ഒരു കാറിലോ ബസ്സിലോ ഇരിക്കുന്നതാണ്. അവയിന്മേൽ നിപതിക്കുന്ന ഇടിമിന്നലിലെ വൈദ്യുതി, യാതൊരുപദ്രവവും ചെയ്യാതെ ഭൂമിയിലേക്ക് പ്രവഹിക്കുന്നു. കൃത്രിമമായി ഇടിമിന്നലുണ്ടാക്കി ഇതിന്റെ വാസ്തവികതയെ, അമേരിക്കയിലെ വെസ്റ്റിംഗ് ഹൗസ് ഇലക്ട്രിക്ക് കമ്പനിക്കാർ ഈയിടെ പ്രദർശിപ്പിക്കുകയുണ്ടായി.

വീട്ടിനകത്തായിരിക്കുമ്പോൾ ചിമ്മിനി, അടുപ്പ്, സ്റ്റൗ തുടങ്ങിയവയിൽനിന്ന് അകന്നുനിൽക്കുക. മട്ടുപ്പാവിലും കെട്ടിടത്തിൽ ഏററവും ഉയരത്തിൽ സ്ഥിതിചെയ്യുന്ന മുറിയിലും നിൽക്കരുത്. വാതിലുകളുടേയും ജനലുകളുടേയും—പ്രത്യേകിച്ച് അവ തുറന്നുകിടക്കുമ്പോൾ—സമീപത്ത് നിൽക്കാതിരിക്കുക. കഴിയുന്നതും മുറിയുടെ മദ്ധ്യഭാഗത്തായി സ്ഥാനം പിടിക്കുക.

മേൽപ്പറഞ്ഞ സംഗതികൾ സാധാരണയായി സൂക്ഷിക്കുന്നപക്ഷം, ഇടിവെട്ടിൽനിന്നുമുള്ള അപായങ്ങളിൽനിന്ന് ഏതാണ്ട് പൂർണ്ണമായും രക്ഷനേടാവുന്നതാണ്.

ഈ അവസരത്തിൽ ഇടിവെട്ട് എപ്പോൾ എങ്ങനെ ഉണ്ടാകുന്നു എന്നുകൂടി പറയുന്നത് നന്നായിരിക്കുമെന്ന് കരുതുന്നു. ആകാശം കാർമേഘപടലങ്ങളാൽ ആവരണംചെയ്യപ്പെട്ടിരിക്കുന്ന കാലത്താണ് ഇടിവെട്ട് അധികമായുണ്ടാകുന്നത്. വിപരീതമായ വൈദ്യുതാരോപമുള്ള രണ്ട് മേഘങ്ങൾക്കിടയിലോ, ഒരു മേഘത്തിൽനിന്ന് ഭൂമിയിലേക്കോ ഉണ്ടാകുന്ന വൈദ്യുതപ്രവാഹമാണ് മിന്നൽരൂപത്തിൽ നാം കാണുന്നത്. സാധാരണ ഗതിയിൽ വായു ഒരു വൈദ്യുതവാഹിയല്ല. എന്നാൽ മേഘങ്ങളിലെ വൈദ്യുതാരോപം ശക്തിമത്തായിത്തീരുമ്പോൾ വായുവിന്റെ പ്രതിരോധത്തെ തരണംചെയ്യുവാൻ അതിനു സാധിക്കുന്നു. വായുവിന്റെ ഈ പ്രതിരോധംമൂലം, ഈ വൈദ്യുതപ്രവാഹം കഴിയുന്നതും കുറഞ്ഞദൂരം മാത്രമേ വായുവിൽക്കൂടി സഞ്ചരിക്കുകയുള്ളു. ഇക്കാരണംകൊണ്ടാണ് ഏററവും ഉയരംകൂടിയ കെട്ടിടങ്ങളിലും മററും ഇടിപാതം എളുപ്പം പതിക്കുമെന്നു പറയുന്നത്. ഇടിമിന്നലിന്റെ സഞ്ചാരമാർഗ്ഗത്തിലെ വായു പെട്ടെന്ന് ചൂടുപിടിക്കുകയും വികസിക്കുകയും ചെയ്യുമ്പോൾ, സമീപസ്ഥിതമായ വായു ശൂന്യമായിത്തീരുന്ന ആ ഭാഗങ്ങളിലേക്ക് അതിശീഘ്രം പായുന്നതിന്റെ ഫലമായിട്ടാണ് ഇടിനാദം ഉണ്ടാകുന്നത്.

അടുത്തകാലത്തെ ഗവേഷണഫലമായി ഭൂമിയിൽനിന്ന് 16,000 അടി ഉയരത്തിൽ ആരംഭിക്കുന്ന ഇടിമിന്നൽ ഫോട്ടോ എടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇടിമിന്നൽ ഏററവും അധികമായുണ്ടാകുന്നത് ഭൂമിക്കു മുകളിൽ 2000 തൊട്ട് 7000 അടിവരെ ഉയരത്തിലാണ്. അതിൽ പകുതിയും 4000 അടിക്കു മുകളിലാണ് ആരംഭിക്കുന്നത്.

സാധാരണ ഒരു ഇടിമിന്നൽ $\frac{4}{5}$ സെക്കണ്ടുനേരം നിലനിൽക്കുന്നു. അവയുടെ വേഗതയാകട്ടെ സെക്കണ്ടിൽ 500 തൊട്ട് 17,000 മൈൽവരെ ആകാവുന്നതാണ്. ഇടിവെട്ടുമ്പോൾ, ചിലപ്പോൾ ഒന്നിനുപിന്നാലെ ഒന്നായി ഇരുപതും ഇരുപത്തഞ്ചും മിന്നലുകൾ ദ്രുതഗതിയിൽ ഉണ്ടാകുന്നതായി കണ്ടിട്ടുണ്ട്.

ഇടിമിന്നലിലെ വൈദ്യുതപ്രവാഹം വളരെ ശക്തിമത്താണ്. ഏകദേശം 200,000 ആമ്പയർ വൈദ്യുതിയാണ് അതു പുറപ്പെടുവിക്കുന്നത്. അത് 30,000 ജനങ്ങൾ തിങ്ങിവസിക്കുന്ന ഒരു നഗരം ചുട്ടുചാമ്പലാക്കുവാൻ പര്യാപ്തമാണ്.

——

## മൂന്നു വിശുദ്ധന്മാർ

ഒക്ടോബർ 21-ാംനു പന്ത്രണ്ടാംപിയൂസ് മാർപ്പാപ്പാ തിരുമേനി, 3 പേരെ വിശുദ്ധരെന്നു നാമകരണംചെയ്തു. ഇരുപത്തയ്യായിരത്തിൽപ്പരം ജനങ്ങൾ പ്രസ്തുത കർമ്മത്തിൽ പങ്കുകൊണ്ടു. റോമിലെ എല്ലാ ദേവാലയമണികളും മുഴങ്ങിക്കൊണ്ടിരുന്നു.

പുതിയ വിശുദ്ധരുടെ പേരുകൾ: വിശുദ്ധ ഫ്രാൻസിസ്കോ സവേറിയോ മരിയോ—ഒരു ബെർണബൈററ് വൈദികൻ—നേപ്പിൾസ് പട്ടണത്തിന്റെ അപ്പോസ്തോലൻ എന്ന പേരിൽ അറിയപ്പെട്ടിരുന്നു—വെസൂവിയസ് അഗ്നിപർവ്വതപ്പൊട്ടലുകളിൽനിന്ന് ആ നഗരത്തെ വിശുദ്ധൻ രണ്ടു പ്രാവശ്യം രക്ഷിച്ചു. ജനനം 1743-ൽ, മരണം 1815-ൽ.

വിശുദ്ധ ഇഗ്നാഷ്യോ ഡിലാക്കോണി—(സാർദിനാ) കപ്പൂച്ചിൻസഭയിലെ ഒരു അൽമായാംഗമായിരുന്നു — ഭൃത്യവേല ചെയ്തുകൊണ്ടു ജീവിച്ചു—ജനനം 1701-ൽ, മരണം 1781-ൽ. വിശുദ്ധന്റെ മാദ്ധ്യസ്ഥംമൂലം പല അത്ഭുതരോഗശാന്തികളും ഉണ്ടായിട്ടുണ്ട്.

അന്തോനിയോ മരിയാദെയാൻചെല്ലി—ബോബിയോവിലെ മെത്രാനായിരുന്നു. മരിയാ സന്തിസ്സിമാഡെൽകോർട്ടോയുടെ പുത്രിമാർ എന്ന സന്യാസസഭയുടെ സ്ഥാപകൻ—ഇററലിയിലെ റിവീറാ എന്ന സ്ഥലത്ത് 1789-ൽ ജനിച്ചു—പിയാകോൺസായിൽവച്ചു മരിച്ചു.

---

സൗജന്യവിതരണ ഫണ്ട്

സൊഡാലിററി, സെൻറ മേരീസ് കോൺവെൻറ, എറണാകുളം ക. 12

---

## മാർപ്പാപ്പായ്ക്കുണ്ടായ ദർശനം

വിശുദ്ധവത്സര സമാപനചടങ്ങുകൾ ഫാത്തിമായിൽവച്ചു മംഗളപൂർവ്വം നിർവഹിക്കപ്പെട്ടതും ആ ചടങ്ങിൽ മാർപ്പാപ്പാ തിരുമനസ്സിലെ പ്രാതിനിധ്യം കർദ്ദിനാൾ തെദെസ്കീനി തിരുമേനി വഹിച്ചതും ഇതിനകം ഏവരും അറിഞ്ഞിട്ടുള്ളതാണല്ലൊ. അന്നു, ഒക്ടോബർ 13-ാംനു, ഫാത്തിമായിൽ കർദ്ദിനാൾ തെദെസ്കീനി തിരുമേനി അർപ്പിച്ച പൊന്തിഫിക്കൽ ദിവ്യപൂജാനന്തരം ഒരു പ്രസംഗവുംചെയ്തു. ഫാത്തിമായിലെ ദിവ്യദർശനവിവരങ്ങൾ, 1917-ൽ ഫാത്തിമായിൽനടന്ന സംഭവങ്ങൾ, തിരുമേനി ഒരിക്കൽക്കൂടെ അവിടെ തടിച്ചുകൂടിയിരുന്ന ജനൗഘത്തിന്റെ മുൻപാകെ വിവരിച്ചു. ഫാത്തിമായിലേതുപോലെതന്നെയുള്ള ഒരു ദർശനം, അതിനുശേഷം മറെറാരിടത്തു മറെറാരാൾക്ക് ഉണ്ടായതായി കർദ്ദിനാൾ തിരുമേനി അവരെ അറിയിച്ചു. ആ ശ്രോതൃസമൂഹം ആ ദർശനം എവിടെവച്ചു ആർക്കാണുണ്ടായതെന്നറിയുവാനുള്ള ആവേശത്തോടെ നിർന്നിമേഷരായി പ്രാർത്ഥനാനിലീനരായി ഇരിക്കവേ കർദ്ദിനാൾ തിരുമേനി വെളിപ്പെടുത്തിയ വിവരങ്ങൾ വത്തിക്കാന്റെ അർദ്ധഔദ്യോഗികനായ ഒസ്സർവത്തോരെ റൊമാനോയിൽ റിപ്പോർട്ടു ചെയ്തിരിക്കുന്നതു ഇവിടെ ഉദ്ധരിച്ചുകൊള്ളട്ടെ.

"എന്റെ വ്യക്തിപരമായ നിലയിൽ മാത്രം, നിങ്ങളോടു, ഇവിടെ സമ്മേളിച്ചിരിക്കുന്ന എന്റെ പൂർവ്വമിത്രങ്ങളും ഇപ്പോഴത്തെ മിത്രങ്ങളും ആയ പോർട്ടുഗീസുകാരോടും അവരോടൊന്നിച്ചു സമ്മേളിച്ചിരിക്കുന്ന തീർത്ഥകഗണത്തോടും, ഇതിലും അത്ഭുതകരമായ ഒരു സംഭവം പറയാം. മറെറാരാൾ ഇതേ അത്ഭുതം തന്നെ, ഫാത്തിമായിൽനിന്നു വിദൂരസ്ഥമായ ഒരു സ്ഥാനത്തുവച്ചു, ഫാത്തിമാസംഭവാനന്തരം പലേ കൊല്ലങ്ങൾകഴിഞ്ഞു, റോമിൽവച്ചു, ദർശിച്ചിരിക്കുന്നു.

"നമ്മുടെ പരിശുദ്ധപിതാവു, പിയൂസ് പന്ത്രണ്ടാമൻ തിരുമേനിക്കുതന്നെ ഈ ദർശനം ഉണ്ടായിരിക്കുന്നു. ദൈവജനനിയുടെ സ്വർഗ്ഗാരോപണം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിനുള്ള സമ്മാനമോ അതിലുള്ള ദൈവികസംതൃപ്തിയുടെ ഒരു സൂചനയോ ആയിരുന്നിരിക്കുമോ ആ ദർശനം? ഫാത്തിമായിലെ അത്ഭുതസംഭവങ്ങളും ...... കത്തോലിക്കാഭരണകേന്ദ്രവും .....തമ്മിലുള്ള ബന്ധത്തെ അധികൃതമായി ദൃഢീകരിച്ചതിനുള്ള അലൗകികമായ ഒരു തെളിവായിരിക്കുമോ ആ ദർശനം? അതെല്ലാം ഇതിൽ അടങ്ങിയിരിക്കുന്നു. വിശുദ്ധവത്സരമായ 1950 ഒക്ടോബർ 30, 31, നവംബർ 1-ാംനു-കൾ, സായംകാലം, സമയം 4 മണി; വീണ്ടും നവംബർ 8-ാംനു, സമയം മുൻപറഞ്ഞതുതന്നെ. പരിശുദ്ധ പിതാവു വത്തിക്കാൻ ഉദ്യാനത്തിൽനിന്നുകൊണ്ടു ആകാശദേശത്തേക്കു ദൃഷ്ടിതിരിച്ചു. ഒരു ഒക്ടോബർ 13-ാംനു ഈ താഴ്വരയിൽവച്ചു ദർശനീയമായ ആ കാഴ്ച തന്നെ അവിടെ പരിശുദ്ധപിതാവിനും ആവർത്തിക്കപ്പെട്ടു."

——

പ്രഹസനം

# വലിയ പാതിരി

(പെരുന്നയിൽ, കെ. എ. സെബാസ്റ്റ്യൻ)

(1-ാം രംഗം)

(കോട്ടാററു ശൗര്യർ പുണ്യവാൻെറ കോവിൽമാടം. ശൗര്യർ പുണ്യവാനും ശിഷ്യൻ ഡീസൂസായും പ്രാർത്ഥിക്കുന്നു.)

ഗീതം-കാന്തി പൊന്നുഷസ്സേ എന്നമട്ട്

കാരുണ്യക്കടലേ! കൈവല്യദാ!
തിരുമരിസുതനേ!
പാരിലെന്നെ പരിപാലിക്കുക
പരാപരതനുജാ!
നിർതിരുസഭതൻ ഗുണഗണമഖില
മറിവാൻ
സന്തതം തിരുമലർപ്പദം
ഭജിച്ചിടുന്നടിയൻ
തീരാത്താഴൽ സഹിച്ചുവലയുന്ന
ജനതതിയതിയായ്
പാരാതവർക്കരദിനം സുഖമരുളുകപ
രനേ!... കാരുണ്യ...

ശൗര്യർ: (ശിഷ്യനോട്) ഈ പ്രദേശത്തെ ആളുകളിൽ അധികംപേരും കോളറാമൂലം മരിച്ചുകഴിഞ്ഞിരിക്കുന്നു. പഞ്ഞവും സുഖക്കേടുംകൊണ്ടു സാധുക്കൾ കഷ്ടപ്പെടുന്നു. ഉടുക്കാൻ വസ്ത്രമില്ല. കുടിക്കാൻ കഞ്ഞിയില്ല. സുഖക്കേടിനു മരുന്നില്ല. ഏതായാലും നമ്മെക്കൊണ്ടു സാധിക്കുന്ന സഹായം ആ പാവങ്ങൾക്കു ചെയ്തുകൊടുക്കണം. വാളുകൊണ്ടോ തോക്കുകൊണ്ടോ അല്ല സത്യമതം പ്രചരിപ്പിക്കേണ്ടത്. ത്യാഗം, സഹനം, സേവനം, ഇതായിരിക്കണം പ്രേഷിതന്മാരുടെ മുദ്രാവാക്യം. നമ്മുടെ ജീവിതവിശുദ്ധി മററുള്ളവരുടെ പരിചിന്തനത്തിനു വിഷയമാകണം; അങ്ങനെവേണം അവർ നമ്മിലേക്കു ആകൃഷ്ടരാകപ്പെടുവാൻ. ജീവിതത്തിൽ അന്യമതസ്ഥരും ക്രിസ്ത്യാനികളും തമ്മിൽ വ്യത്യാസമില്ലെങ്കിൽ നമ്മുടെ ഉപദേശങ്ങളുടെ പരമാർത്ഥത ആ അജ്ഞാനികൾ എങ്ങനെയാണ് ഗ്രഹിക്കുന്നത്? ഉപദേശത്തിനു അനുസരണമായി പ്രവർത്തിക്കാത്തവരുടെ ഉപദേശംകൊണ്ടു വലിയ പ്രയോജനമൊന്നുമുണ്ടാകുന്നതല്ല. ഈ കാര്യങ്ങളെല്ലാം എന്തിനാണിപ്പോൾ പറയുന്നതെന്നു നിനക്കു സംശയം തോന്നുന്നുണ്ടായിരിക്കാം. അധികം താമസിയാതെ ഞാൻ പ്രേഷിതവൃത്തിക്കായി ജപ്പാൻ, ചൈന മുതലായ ദേശങ്ങളിലേക്കു പോകാൻ ഉദ്ദേശിക്കുന്നു. അപ്പോൾ ഇവിടത്തെ പ്രേഷിതജോലി എല്ലാം നീയാണു വഹിക്കേണ്ടത്. കടൽത്തീരത്തെ ആളുകൾ മിക്കവാറും മാനസാന്തരപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഇനി കുറച്ചുപേരെ മാനസാന്തരപ്പെടുത്തേണ്ടതായിട്ടേ ഉള്ളു. അത് അത്ര പ്രയാസമുള്ളകാര്യമല്ല.

ശിഷ്യൻ: പിതാവേ, ഇവിടത്തെ മഹാരാജാവു വളരെ നല്ല ആളാണ്. പക്ഷേ, പോർട്ടുഗീസുകാർ അദ്ദേഹത്തെ പിണക്കുമെന്നാണെനിക്കു തോന്നുന്നത്. അവർ ക്ഷേത്രംകവർച്ച മുതലായ അക്രമങ്ങൾ തുടങ്ങിയിരിക്കുന്നതായി കേട്ടു. അതു പരമാർത്ഥമാണെങ്കിൽ ഇവിടത്തെ പ്രേഷിതജോലിക്കു വിഘ്നങ്ങൾ ഉണ്ടായേക്കാമെന്നാണു തോന്നുന്നത്.

ശൗര്യർ: അങ്ങനെയൊരു വാർത്ത ഞാനും അറിഞ്ഞു. ശുചീന്ദ്രം ക്ഷേത്രം കൊള്ളയിടാനുള്ള ഒരുക്കങ്ങൾ നടന്നുവരുന്നതായും കേട്ടു. "ഈവക കുത്സിതകൃത്യങ്ങളിൽനിന്ന് ഉടനെ പിൻമാറിക്കൊള്ളണമെന്നും, അല്ലാത്തപക്ഷം സകല വിവരങ്ങളും പോർട്ടുഗൽ രാജാവിനെ അറിയിച്ചു ഗവർണ്ണരെ ഇവിടെനിന്നും തിരിച്ചുവിളിപ്പിക്കുന്നതാണെന്നും" വിവരിച്ച് ഗവർണ്ണരുടെ പേർക്കു ഞാനൊരു എഴുത്തെഴുതിവച്ചിട്ടുണ്ട്. ആ എഴുത്തു ഉടനെ കൊച്ചിയിൽ എമ്മാനുവേൽ കോട്ടയിലേക്കു കൊടുത്തുവിടണം. നമ്മുടെ ആളുകൾ ഇവിടെ കാട്ടിക്കൂട്ടുന്ന മൃഗീയമായ കൃത്യങ്ങൾമൂലം സത്യമതത്തെ സംബന്ധിച്ച് ആളുകൾക്കൊരു തെററിദ്ധാരണ ഉണ്ടായിട്ടുണ്ടെന്നാണു തോന്നുന്നത്. നമ്മുടെ ത്യാഗപ്രവൃത്തികൾമൂലം വേണം ജനതാമദ്ധ്യത്തിൽനിന്നും പ്രസ്തുത തെററിദ്ധാരണകൾ പരിഹരിക്കുവാൻ.

ശിഷ്യൻ: മധുരയിൽനിന്നും ഒരു എഴുത്തു വന്നിരുന്നല്ലോ.

ശൗര്യർ: ശരി, അതിനും ഞാൻ മറുപടി എഴുതിവച്ചിട്ടുണ്ട്. അതു മധുരക്കു ആൾവശം കൊടുത്തുവിടണം. പെട്ടെന്നു മറുപടി കിട്ടേണ്ടതാണ്. ഇപ്പോൾ നമുക്കു കോളറാബാധിതപ്രദേശങ്ങളിലേക്കു പോകാം. (ഇരുവരും പോയി.)

(2-ാം രംഗം)

(വേണാട്ടുമഹാരാജാവിൻെറ കൊട്ടാരം. മഹാരാജാവും മന്ത്രിയും പ്രവേശിക്കുന്നു)

രാജാ: എന്തെന്നു്? കോട്ടാററുകോവിൽ മാടത്തിൽ താമസിക്കുന്ന ശൗരിസന്യാസി ഒരുഗ്രചാരസർപ്പമാണെന്നോ?

മന്ത്രി: ഉത്തരവ്. ഈ സന്യാസിയുടെ പേർക്കു കൊച്ചികോട്ടയിൽനിന്ന് പറങ്കിഗവർണ്ണർ അയച്ച എഴുത്തും മധുരയിൽനിന്ന് ഒരു ഡിക്രൂസ് സന്യാസി അയച്ച എഴുത്തും നമ്മുടെ ചാരന്മാർ പിടിച്ചെടുത്തു എന്നെ ഏല്പിച്ചിരിക്കുന്നു.

രാജാ: എന്താണ് ആ എഴുത്തുകളുടെ താല്പര്യം?

മന്ത്രി: ശുചീന്ദ്രം ക്ഷേത്രം കൊള്ളചെയ്യാൻ വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നുള്ളതാണ് പറങ്കിഗവർണ്ണരുടെ എഴുത്തിൻെറ ചുരുക്കം.

രാജാ: ഭഗവാനേ!! ശുചീന്ദ്രംക്ഷേത്രം കൊള്ളചെയ്യാൻ പറങ്കികൾ വിചാരിക്കുന്നെന്നോ? പിന്നെ പിന്നെ!!

മന്ത്രി: വേണാട്ടാക്രമണത്തിനു തിരുമലനായ്ക്കനെ സഹായിക്കണമെന്നുള്ളതാണ് രണ്ടാമത്തെ എഴുത്ത്.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ മകളുടെ രോഗശമനത്തിനു കൃതജ്ഞത. മാസത്തിൽ പല പ്രാവശ്യം അപസ്മാരരോഗത്താൽ പീഡിതയായിരുന്നു. ബ. അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർത്ഥിച്ചുപോന്നിട്ടു ഇപ്പോൾ അഞ്ചുമാസത്തോളമായിരിക്കുന്നു. അതിനുശേഷം ഈ രോഗപീഡ ഉണ്ടായിട്ടില്ല.

മോടപ്പാളുങ്കൽ ചാക്കോ
ചെല്ലുകുളം, കരിമണ്ണൂർ P. O.

---

രാജാ: കൊള്ളാം! ഈ എഴുത്തുകൾ രണ്ടും മന്ത്രിയുടെ കൈവശം വന്നുചേർന്നിട്ടും ആ ചാരസംഘത്തലവൻ ഇപ്പോഴും ജീവിച്ചിരിക്കുന്നു! അല്ലേ?

മന്ത്രി: സന്യാസിയേയും അയാളുടെ ശിഷ്യനേയും അറസ്റ്റുചെയ്ത് അവരുടെ മാടത്തിൽത്തന്നെ മുട്ടമറിപ്പിട്ടിരിക്കുന്നു. അയാളുടെ സാധനസാമഗ്രികൾ കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്.

രാജാ: ആ സന്യാസിയെ അറസ്റ്റ് ചെയ്താലും വധിച്ചാലും ആപത്തുകളിൽനിന്ന് നാം വിമുക്തരാകുന്നില്ല. അതിനാലുടൻതന്നെ കോട്ടകൊത്തളങ്ങൾ, ക്ഷേത്രമതിൽക്കെട്ടുകൾ, ആയുധപ്പുരകൾ മുതലായവ നിഷ്കർഷാപൂർവ്വം പരിരക്ഷിക്കണം. മാത്രമല്ല, അശ്വസൈന്യം, പദാതികൾ, കവണയേറുകാർ, വേൽക്കാർ മുതലായവർക്കും വേണ്ട പരിശീലനം ഉടനെ നൽകണം.

മന്ത്രി: സകലതിനും ഉത്തരവുകൊടുത്തുകഴിഞ്ഞിരിക്കുന്നു. കോവിൽമാടത്തിൽനിന്നും കണ്ടുകെട്ടി എടുത്ത സാധനസാമഗ്രികളുടെ കൂട്ടത്തിൽ സന്യാസിയുടെ രണ്ട് എഴുത്തുകളും ഉണ്ടായിരുന്നു. പോർട്ടുഗീസ് ഭാഷയിൽ എഴുതിയിട്ടുള്ള പ്രസ്തുത കായിതങ്ങൾ തർജ്ജിമചെയ്യാൻ കൊടുത്തുവിട്ടിട്ടുണ്ട്.

രാജാ: ഹാ! ശ്രീ പത്മനാഭാ! ഭക്തവത്സലാ! ഇനി എന്തൊക്കെയാണോ സംഭവിക്കാൻ പോകുന്നത്? ഭഗവാനേ, അവിടുന്നുതന്നെ ഈ അഗതിക്കു ആശ്രയം. (കുറേ നേരം ചിന്താമഗ്നനായിരുന്നശേഷം) മന്ത്രി! ഉഗ്രതപശ്ശക്തിയാൽ അനേകം അത്ഭുതങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ആ സന്യാസി ഈ ദുരാലോചനകളിൽ ഇടപെട്ടുവെന്നുള്ളതിനു യാതൊരു തെളിവും നമുക്കു കിട്ടിയിട്ടില്ല. അതിനാൽ സത്യാവസ്ഥ വെളിപ്പെടുന്നതുവരെ സന്യാസിയേയും ശിഷ്യനേയും യാതൊരു [illegible]ത്തിലും ഉപദ്രവിക്കാൻ പാടില്ലെന്നു കാവൽഭടന്മാരെ അറിയിക്കണം. ചാരന്മാർ മുഖേന കിട്ടിയിട്ടുള്ള എഴുത്തനുസരിച്ചു എന്തെങ്കിലും ഗുരുതരസംഭവങ്ങൾ നടക്കുന്നപക്ഷം അപ്പോൾ ബാക്കികാര്യങ്ങളെപ്പററി ആലോചിച്ച് രക്ഷിക്കയോ ശിക്ഷിക്കയോ ചെയ്യാം. എന്നാലിനി മന്ത്രിക്കുപോകാം. എനിക്കു തീരെ സുഖമില്ല. അതിനാൽ ഞാനൊന്നു വിശ്രമിക്കട്ടെ.

(ഇരുവരും പോയി.)

സത്യാനുഗമനം
അഥവാ
ഒരു പ്രോട്ടസ്റ്റൻറു പുരോഹിതൻെറ ഹൃദയസ്പർശകവും
അത്ഭുതജനകവുമായ മാനസാന്തരചരിത്രം
വിവർത്തകൻ: ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി.
ആറു അദ്ധ്യായങ്ങൾ. 150-ഓളം പുറങ്ങൾ. ശ്രീമാൻ ഐ. സി. ചാക്കോ അവർകളുടെ അവതാരികയോടും ശ്രീമാൻ എ. പീലിപ്പോസ്സ് അവർകളുടെ അഭിപ്രായത്തോടുംകൂടെ ഇതാ തയ്യാറായിരിക്കുന്നു.
വില ഒററപ്രതിക്ക് 10 ണ. 5 പ്രതിക്ക് 2 ക. 8 ണ.
ഉടൻ അപേക്ഷിക്കുക!—
റവ. ഫാദർ തോമസ്സ് ഇഞ്ചെയ്ക്കലോടി, പന്തളം P. O.

3-ാം രംഗം

(ശൗര്യർ പുണ്യവാനും ശിഷ്യനും തടവുകാരായി കോവിൽ മാടത്തിനകത്തും തുറന്നുകിടക്കുന്ന വാതുക്കൽ രണ്ടു കാവൽ ഭടന്മാരും സ്ഥിതിചെയ്യുന്നു.)

(ഗുരുവുംശിഷ്യനുംകൂടി ഗീതം—
ഓമനേ അനാക്കലി എ മ)

ഏശുവേ ജഗദീശാ! സ്തോത്രം സ്തോത്രം.
ശാശ്വതാസകലേശാ! സ്തോത്രം—സ്തോത്രം.
സങ്കടം സർവ്വം സഹിച്ചിടുവാൻ
പങ്കവിഹീനാ! മേ ശേഷിനൽക.
മൽപ്പിഴ-യോർക്കാതെ- മാപ്പിവ -നേകണേ-
നാഥനെ കരുണാകരനേ! സ്തോത്രം സ്തോത്രം.

ശൗര്യർ: നാഥാ! പാപികൾക്കുവേണ്ടി കഠിനപീഡകൾ സഹിച്ചു കുരിശുമരണം വരിച്ച എൻെറ ആത്മരക്ഷകാ! ഏതു ദുഃഖദുരിതങ്ങൾ സഹിക്കുന്നതിനും ഈ അയോഗ്യദാസനു ധൈര്യം തരേണമേ! എൻെറ സ്വന്തജനങ്ങളായ പോർട്ടുഗീസുകാർ ചെയ്യുന്ന പാപാക്രമങ്ങൾക്കുവേണ്ടി എന്തുത്യാഗം സഹിക്കുന്നതിനും ഞാൻ സന്നദ്ധനാണ്. എൻെറ എളിയ ബലിയെ സ്വീകരിച്ച് ആ കശ്മലന്മാർക്കു സൽബുദ്ധിയും, തിരുസഭക്കു അഭിവൃദ്ധിയും നൽകേണമേ! (അനന്തരം എഴുന്നേററു പുറംകുപ്പായം ഊരിമാററി അഗ്രഭാഗത്തു ഇരുമ്പുകഷണങ്ങൾ സംഘടിപ്പിച്ചിട്ടുള്ള ഒരു തോൽവാർ ചമ്മട്ടി എടുത്തു തന്നത്താൻ പ്രഹരിക്കുന്നു. പുറത്തുനിന്നും രക്തകണങ്ങൾ ഇററിററു വീഴുന്നു)

1-ാം ഭടൻ: ഈയാളൊരു വല്ലാത്തപുള്ളിതന്നെ!! കണ്ടില്ലേ ചോര ഒഴുകീട്ടും വല്ല കുലുക്കവുമുണ്ടോ എന്നു്?

2-ാം ഭടൻ: അതേഅതേ! ഈ മുട്ടമറിപ്പുകൊണ്ടൊന്നും ഈ കള്ളൻ സത്യം പറയുമെന്നു വിചാരിക്കേണ്ട.

1-ാം ഭ: എത്ര ദിവസമായി അരപ്പട്ടിണി കിടക്കാൻ തുടങ്ങീട്ട്! എന്നിട്ടും വല്ല ക്ഷീണവും ഉണ്ടോ എന്നു നോക്കൂ.

2-ാം ഭ: എടോ സന്യാസി, മര്യാദക്കു ചമ്മട്ടിയടി നിറുത്തിക്കോ. അല്ലെങ്കിൽ ഞാൻ അങ്ങോട്ടു കയറിവരും.

1-ാം ഭ: അല്ല! അടിനിറുത്താൻ ഭാവമില്ലേന്നോ? (കയറിച്ചെന്നു ചമ്മട്ടി വാങ്ങി ദൂരെ എറിയുന്നു) (ശൗര്യർ പുണ്യവാൻ മുട്ടുകുത്തി ധ്യാനനിമഗ്നനായി സ്ഥിതിചെയ്യുന്നു.) (ഒരു അശ്വഭടൻ ബദ്ധപ്പെട്ടു പ്രവേശിച്ച് ഒരു ഓലച്ചുരുൾ 1-ാം ഭടനെ ഏല്പിക്കുന്നു.)

1-ാം ഭ: എന്തെന്നു? വിശേഷം വല്ലതുമുണ്ടോ?

അശ്വഭ: തീർന്നു എല്ലാംതീർന്നു. വടുകപ്പട പഴയാററിൻെറതീരംവരെയായി—സർവ്വത്ര ആർത്തനിനദങ്ങൾ—ദീനപ്രലപനങ്ങൾ! സംഘട്ടനധ്വനികൾ—മദോന്മത്തരായി ആഹ്ലാദഭരിതരായി പാഞ്ഞെടുത്തുവരുന്ന വിജയനഗരസൈന്യങ്ങളെ പഴയാററിൻെറ പടിഞ്ഞാറെക്കര കടത്തരുതെന്നുള്ള ഉദ്ദേശത്തോടുകൂടി ഭടനായകത്വം ദളവാതന്നെ വഹിച്ച് അവസാനയുദ്ധത്തിനു തയാറായി നില്ക്കുന്നു. മിക്കവാറും നാളെ രാവിലെ പഴയാററിൻകരയിൽ പടപ്പററു എന്ന സ്ഥലത്തുവച്ചു നിർണ്ണായകയുദ്ധം നടക്കുമെന്നാണ് തോന്നുന്നത്. നമ്മെക്കാൾ അനേകമിരട്ടി സൈന്യങ്ങൾ തെലുങ്കുകാർക്കുണ്ട്. ആ സ്ഥിതിക്കു വിജയാപജയങ്ങളെപ്പററി പ്രത്യേകം പറയണമെന്നുണ്ടോ? എനിക്കിനി താമസിക്കാൻ നിവൃത്തിയില്ല (പോയി)

2-ാം ഭട: എന്താണു കുറിമാനം?

1-ാം ഭട: ഓ അക്കാര്യമങ്ങു മറന്നുപോയി. (ഓലച്ചുരുൾ അഴിച്ചു മൗനമായി വായിച്ചിട്ട്) എടോ സന്യാസി! അങ്ങോട്ടൊന്നു എഴുന്നേററേ. താൻകൂടി കേൾക്കേണ്ടതാണ് ഇതിലെ വിവരങ്ങൾ (കയറിച്ചെന്നു പിടിച്ചു എഴുന്നേല്പിച്ചിട്ട് എഴുത്തു വായിക്കുന്നു) "വേണാട്ടു കോട്ടകൊത്തളങ്ങൾ, വെടിമരുന്നുശാലകൾ, കവാടപ്പുരകൾ മുതലായവയെ സംബന്ധിച്ചു അജ്ഞാതമായിരിക്കുന്ന തെലുങ്കുസൈന്യങ്ങൾക്കു ശത്രുചാരനായ ശൗര്യർ ഗൂഢമായി എന്തെങ്കിലും അറിവുകൊടുപ്പാൻ ഇടയുള്ളതിനാൽ ആ രാജദ്രോഹിയായ സന്യാസിയെ പുലർച്ചക്കുമുൻപ് കഴുവേററി മൈതാനത്തുവച്ചു തൂക്കിലിട്ടുകൊള്ളണം."...... എന്നു ഉണ്ണിരിപണ്ടാരപ്പിള്ള ദളവാ (ഒപ്പ്)

2-ാം ഭട: കൊള്ളാം. ഈ ദ്രോഹിയോടു ഇതുതന്നെയാണു വേണ്ടതു്.

ശൗര്യർ: (മന്ദസ്മേരവദനനായി) നാഥാ! അവിടുത്തെ തൃപ്പാദമണയുവാൻ ചിറകുകൾ വിടർത്ത മാടപ്രാവിനെപ്പോലെ ഞാൻ അക്ഷമനായി കാത്തുനില്ക്കുന്നു. ഈ രാത്രി കഴിയുമ്പോൾ ക്ലേശസമ്പൂർണ്ണമായ ഈ ലോകത്തോടു ഞാൻ അവസാനയാത്രപറയും. എൻെറ സകല വിധദുരിതങ്ങളും അതോടെ അവസാനിക്കും. ഞാൻ ഭാഗ്യവാനാകും. (ശിഷ്യൻ കരയുന്നു) നീ എന്തിനാണു കരയുന്നതു? ഞാൻ പരമാനന്ദം അനുഭവിക്കാൻ പോകുന്നതിൽ സന്തോഷിക്കയല്ലേ വേണ്ടതു്? ലോകസുഖങ്ങൾ എത്ര നിസ്സാരം!! അതു ജലത്തിലെ കുമിളകൾക്കു സദൃശം. എന്നാൽ—ശാശ്വതസൗഭാഗ്യപൂർണ്ണമായ ഒരു ലോകമുണ്ട്. അതിനെയാണു നാം ആഗ്രഹിക്കേണ്ടതു്. അതിനുവേണ്ടിയാണ് നാം വേലചെയ്യേണ്ടതു്. (പരിസരങ്ങളിൽ നടക്കുന്നതു യാതൊന്നുംതന്നെ അറിയാതെ മുട്ടുകുത്തി ധ്യാനനിമഗ്നനായി സ്ഥിതിചെയ്യുന്നു. ശിഷ്യൻ ഗുരുവിൻെറ സമീപത്തു കരഞ്ഞുകൊണ്ടു ഇരിക്കുന്നു)

1-ാം ഭട: (2-ാമനോട്) എടോ, നാളെയാണു നമ്മുടെ തിരുവോണം.

2-ാം ഭ: അതേ. അതിനു ഞാൻ എന്തുവേണം.

1-ാം ഭ: താൻ എവിടെ പോയിട്ടെങ്കിലും കുറേ ചാരായം കൊണ്ടുവരണം. അതുവരെ ഞാൻതന്നെ ഈയാളെ സൂക്ഷിച്ചുകൊള്ളാം.

2-ാം ഭ: ഈ പാതിരാക്കു ഞാൻ എവിടെപ്പോയി ചാരായം കൊണ്ടുവരാനാണ്? എനിക്കും അതിൽ കുറച്ചുകിട്ടിയാൽ കൊള്ളാമെന്നുണ്ട്. അല്ലെങ്കിൽ നാളത്തെ പുണ്യകർമ്മത്തിനു ധൈര്യം വരുമെന്നു തോന്നുന്നില്ല. (കുറേനേരം ഓർത്തുനിന്നിട്ട്) ഇവിടെ അടുത്തൊരു ചാരായക്കടയുണ്ട്. പക്ഷേ അയാൾ ഇപ്പോൾ ഉറങ്ങിക്കാണും. ഏതായാലും അരകൈ നോക്കുകതന്നെ (പോയി)

1-ാം ഭ: എടോ കള്ളസന്യാസി, തൻെറ കഥകഴിഞ്ഞെടോ. ഇനി ഇങ്ങനെയുള്ള ചതി ചെയ്യരുതു്. പൊന്നുതമ്പുരാൻെറ രാജ്യത്തു വന്നുകിടന്നുകൊണ്ടു ആ വടുകന്മാർക്കു ശ്രീവാഴുംകോടിനെ ഒററിക്കൊടുക്കാമെന്നു താൻ വിചാരിച്ചല്ലോ. നന്ദിയില്ലാത്ത പരിഷകൾ! നിൻെറ എല്ലാം തലകൊയ്യാഞ്ഞു എൻെറ കൈ തരിക്കുന്നു (2-ാം ഭടൻ പ്രവേശിക്കുന്നു)

1-ാം ഭ: കിട്ടിയോടോ?

(ശേഷം 8-ാം പേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, NOVEMBER 7, 1951 ‖ No. 12


# ആർക്കു വോട്ടുചെയ്യണം?

## ബിഷപ്പ്സ് കോൺഫറൻസിന്റെ നിർദ്ദേശങ്ങൾ

അഖിലേന്ത്യാ ബിഷപ്പ്സ് കോൺഫറൻസിന്റെ പ്രവർത്തകസമിതിയുടേയും സ്റ്റാൻഡിംഗ് കമ്മിററിയുടേയും വാർഷികകോൺഫറൻസ് 1951 ഒക്ടോബർ 16 മുതൽ 23 വരെ ബാംഗ്ളൂരിൽ സമ്മേളിച്ചു. കോൺഫറൻസിൽ കർദ്ദിനാൾ മെത്രാപ്പോലീത്താ തിരുമേനി ആദ്ധ്യക്ഷം വഹിച്ചു. വരാപ്പുഴ, മദ്രാസ് മെത്രാപ്പോലീത്തമാരും, നെല്ലൂർ, മധുര, തൃശ്ശൂർ, അഹമ്മദബാദ്, പൂനാ, ബാംഗളൂർ എന്നീ രൂപതകളിലെ മെത്രാന്മാരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു. പൂനാ ബിഷപ്പ് തിരുമേനി ബോംബെ മെത്രാപ്പോലീത്താ തിരുമേനിയെ പ്രതിനിധീകരിച്ചുകൊണ്ടാണ് കോൺഫറൻസിൽ സംബന്ധിച്ചതു്. ബാംഗളൂർ മെത്രാൻ തിരുമേനിയാണ് കോൺഫറൻസ് ജനറൽ സെക്രട്ടറി.

വിദ്യാഭ്യാസം, കത്തോലിക്കാസാമൂഹ്യപ്രവർത്തനം, ഇന്ത്യയിലെ കത്തോലിക്കാസഭ എന്നീ വിഷയങ്ങളെപ്പററി കോൺഫറൻസ് സുദീർഘമായ പര്യാലോചനകൾ നടത്തി. സമ്മേളനപര്യവസാനത്തോടുകൂടി കത്തോലിക്കരേയും അടുത്തുവരുന്ന തിരഞ്ഞെടുപ്പിനേയും സംബന്ധിച്ച് സ്റ്റാൻഡിംഗ് കമ്മിററി ഒരു പ്രസ്താവന പുറപ്പെടുവിച്ചു. കുടുംബസംവിധാനത്തെപ്പററി മറെറാരു പ്രസ്താവനയും കമ്മിററി പുറപ്പെടുവിച്ചിട്ടുണ്ടു്. ആദ്യത്തെ പ്രസ്താവനയുടെ പൂർണ്ണരൂപം താഴെ ചേർക്കുന്നു:-

"ഏതാനും ആഴ്ചകൾക്കകം ഇന്ത്യയിലെ മഹാജനങ്ങൾ, അവരുടെ പ്രതിനിധികളെ പാർലമെൻറിലേക്കും സംസ്ഥാനിക നിയമസഭകളിലേക്കും തിരഞ്ഞെടുത്തയക്കേണ്ടിയിരിക്കുന്നു. രാജ്യത്തെ പൊതുവേയും ഒരു ന്യൂനപക്ഷസമുദായമായ കത്തോലിക്കരെ പ്രത്യേകിച്ചും സാരമായി ബാധിക്കുന്ന അതിപ്രധാനമായ ഒരു സംഗതിയാണിതു്. ജനങ്ങളുടെ അഭിവൃദ്ധിയും, പുരോഗതിയും, സാമൂഹ്യസുസ്ഥിതിയും, സൗഭാഗ്യവുമെല്ലാം അടുത്ത തിരഞ്ഞെടുപ്പിൽ നാം നിയമസഭകളിലേക്കയക്കുന്ന നിയമനിർമ്മാതാക്കളെയാണ് കൂടുതലായി ആശ്രയിച്ചിരിക്കുന്നതു്.

വിവാദപരമായ രാഷ്ട്രീയകാര്യങ്ങളിലേക്കോ, കക്ഷിപരമായ രാജ്യതന്ത്രത്തിലേക്കോ കടക്കുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല. നേരിട്ടു രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടണമെന്നും ഞങ്ങൾക്കാഗ്രഹമില്ല. എന്നാൽ ഭരണഘടന ഉറപ്പുനൽകുന്നതും, നാം അനുസ്യൂതം സംരക്ഷിച്ചുപോരുന്നതുമായ വിദ്യാഭ്യാസപരവും മതപരവുമായ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളുമാണ് നമ്മെസംബന്ധിച്ചിടത്തോളം പരമപ്രാധാന്യമർഹിക്കുന്നതു്. ജനപ്രതിനിധികളെ തിരഞ്ഞെടുക്കുന്നതിൽ ഏതെല്ലാം തത്വങ്ങളാണ് തങ്ങളെ നയിക്കേണ്ടതെന്നറിയുവാൻ നമ്മുടെ അജഗണങ്ങൾ ആകാംക്ഷാപൂർവ്വം കാത്തിരിക്കുകയാണ്. ഞങ്ങളുടെ സൂക്ഷത്തിനായി ഏല്പിക്കപ്പെട്ടിട്ടുള്ള ആത്മാക്കളുടെ ഇടയർ എന്ന നിലയിൽ, കത്തോലിക്കാ വോട്ടർമാരുടെ ആഗ്രഹാനുസരണം അവർക്കുവേണ്ട നേതൃത്വം നൽകി, രാജ്യത്തെ പൗരന്മാരെന്ന നിലയിൽ തങ്ങളുടെ കടമകൾ നിർവ്വഹിക്കുന്നകാര്യം കത്തോലിക്കാ വോട്ടർമാരുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ആവശ്യകത ഞങ്ങൾ മനസ്സിലാക്കുന്നു.

ആദ്ധ്യാത്മികവും, ശാശ്വതവുമായ കാര്യങ്ങളിലത്രേ ഭരണം നടത്തുവാനാണ് സഭയുടെ ഉദ്ദേശ്യവും ലക്ഷ്യവുമെങ്കിലും, ലൗകികകാര്യങ്ങളെ പാടേ വിഗണിക്കുവാൻ സഭയ്ക്കു സാദ്ധ്യമല്ല. കാരണം നാം ജീവിക്കുന്ന ഈ ലോകം നിത്യസൗഭാഗ്യത്തിലേക്കു നമ്മെ നയിക്കുന്ന പാതയാണ്. അതിനാൽ വോട്ടവകാശം ഉപയോഗിക്കേണ്ട കാര്യത്തിൽ നമ്മുടെ അജഗണങ്ങൾ അറിഞ്ഞിരിക്കേണ്ട ചില മൗലികതത്വങ്ങളിലേക്ക് അവരുടെ ശ്രദ്ധയെ ഞങ്ങൾ ക്ഷണിക്കുന്നു. കാരണം, ആർക്കു വോട്ടുചെയ്യണം എന്ന ചോദ്യം വളരെ പ്രധാനമായ ഒന്നാണ്.

### മൗലികതത്വങ്ങൾ

1) വോട്ടവകാശത്തിനർഹതയുള്ള ഓരോ കത്തോലിക്കനും തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ ധാർമ്മികമായി കടപ്പെട്ടിരിക്കുന്നു.

2) മനുഷ്യവ്യക്തിത്വത്തിന്റെ അന്തസ്സിനേയും, സ്വാതന്ത്ര്യത്തേയും മുറുകെപ്പിടിക്കുകയും കുടുംബത്തിന്റെയും സമുദായത്തിന്റെയും ഭദ്രതയെ കാത്തുസൂക്ഷിക്കുകയും, മതസ്വാതന്ത്ര്യത്തേയും വിദ്യാഭ്യാസസ്വാതന്ത്ര്യത്തേയും സംരക്ഷിക്കുകയും, എല്ലാററിലും ഉപരിയായി സർവ്വാധിപത്യപരമായ ഭൗതികവാദത്തെ എതിർക്കുകയും ചെയ്യുന്ന സ്ഥാനാർത്ഥികൾക്കുവേണം കത്തോലിക്കർ വോട്ടു നൽകുവാൻ.

3) ക്രൈസ്തവികം, ആത്മാവിന്റെ അസ്തിത്വം, മരണാനന്തരജീവിതം എന്നീ മൗലികതത്വങ്ങളെ നിഷേധിക്കുകയും നിരീശ്വരപരമായ കമ്മ്യൂണിസ്റ്റുസിദ്ധാന്തങ്ങളെ വച്ചുപുലർത്തുകയും ചെയ്യുന്ന സ്ഥാനാർത്ഥികൾക്കു് വോട്ടു നൽകിക്കൂടാ. ദൈവവിശ്വാസമില്ലെങ്കിൽ, ജനാധിപത്യത്തിന്റെയും, കുടുംബജീവിതത്തിന്റെയും, സമുദായത്തിന്റെയും അടിത്തറ അടിമേൽ മറിയും. ജീവിതത്തിന്റെ ആത്മീയവശം കാണുവാൻ മടിക്കുന്നവർക്കു് നമ്മുടെ നാടിന്റെയും ജനങ്ങളുടെയും വിധിനിർണ്ണയിക്കുവാനോ, അവരെ നയിക്കുവാനോ സാദ്ധ്യമല്ലതന്നെ.

4) നാം തിരഞ്ഞെടുക്കുന്നവർ സ്വഭാവശുദ്ധി, ധർമ്മനിഷ്ഠ, സാമർത്ഥ്യം എന്നീ ഗുണങ്ങളോടുകൂടിയവരായിരിക്കണം. തൊഴിലാളികൾക്കു് നീതിപൂർവ്വമായ ജീവനക്കൂലി, വ്യവസായം, കൃഷി, ഉദ്യോഗം എന്നീ രംഗങ്ങളിൽ സുരക്ഷിതമായ നില എന്നിവ സാധിച്ചുകൊടുത്തുകൊണ്ടു് സാമൂഹ്യനീതിയെ കൈവളർത്തുന്നവരായിരിക്കണം നമ്മുടെ വോട്ടിനു് അർഹരാകേണ്ടവർ.

5) മനസ്സാക്ഷിസ്വാതന്ത്ര്യം, മതസ്വാതന്ത്ര്യം, വിദ്യാഭ്യാസസ്വാതന്ത്ര്യം എന്നീ മൗലികാവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നതാണെന്നു് സ്ഥാനാർത്ഥികളിൽനിന്നും വോട്ടർമാർ ഉറപ്പുവാങ്ങണം. അതുപോലെതന്നെ മതഭേദമെന്യേ, പട്ടികജാതിക്കാരോടും, പിന്നോക്കസമുദായക്കാരോടും തുല്യനിലയിൽ പെരുമാറി രാജ്യനന്മയ്ക്കുവേണ്ടി പരിശ്രമിക്കുന്നതാണെന്നും വോട്ടർമാർ സ്ഥാനാർത്ഥികളിൽനിന്നു ഉറപ്പുവാങ്ങണം.

6) കൂടാതെ ദേശീയൈക്യം, രാജ്യസമാധാനം, വ്യക്തിസ്വാതന്ത്ര്യം, ന്യായയുക്തമായ അധികാരത്തോടുള്ള വിധേയത്വം എന്നീ കാര്യങ്ങളുടെ പ്രാധാന്യത്തെപ്പററിയും ഓരോ പൗരനും ശരിക്കു മനസ്സിലാക്കേണ്ടതാണ്. സിവിൽസമുദായത്തിന്റെ അടിസ്ഥാനകല്ലുകളായ ഈദൃശതത്വങ്ങളെ അപകടത്തിലാക്കുന്ന യാതൊരു സ്ഥാനാർത്ഥിക്കും വോട്ടു നൽകാവുന്നതല്ല.

7) പ്രത്യക്ഷത്തിൽ ഉപദ്രവകരമല്ലെന്നു് തോന്നാമെങ്കിലും, യഥാർത്ഥത്തിൽ മതത്തിനും സന്മാർഗ്ഗത്തിനും രാജ്യത്തിന്റെ ഭൗതികസുഖസമൃദ്ധിക്കും ബാധകമായ ആശയങ്ങളേയും രാഷ്ട്രപരിപാടികളേയും വച്ചുപുലർത്തുന്നവരുമായി വേട്ടയുള്ളവരെ നാം എപ്പോഴും സൂക്ഷിക്കേണ്ടതാണ്. അവരുടെ കാപട്യപ്രവർത്തനങ്ങളിൽനിന്നും വോട്ടർമാർ ഒഴിഞ്ഞുനില്ക്കണം.

രാജ്യത്തിന്റെ ഭാവി ബാലട്ട്പെട്ടകളുടെ ഫലത്തെ ആശ്രയിച്ചിരിക്കുന്നതിനാൽ, വോട്ടവകാശം വിനിയോഗിക്കേണ്ടതു് ധാർമ്മികമായ ഒരു ചുമതലയായി കത്തോലിക്കർ പരിഗണിക്കേണ്ടതാണെന്നു് ഒരിക്കൽക്കൂടി ഞങ്ങൾ ആവർത്തിച്ചുകൊള്ളുന്നു. ഇത്ര ഗുരുതരമായ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഒരു കാര്യത്തിൽ ഒരു അനാസ്ഥാമനോഭാവം സ്വീകരിക്കുന്നതു് യഥാർത്ഥത്തിൽ ഒരു കൃത്യവിലോപമായിരിക്കും.

പൊതുകാര്യങ്ങളിൽ സജീവതാല്പര്യം പ്രദർശിപ്പിക്കണമെന്നും രാഷ്ട്രത്തിനും ജനങ്ങൾക്കും ഏതൊരു സേവനവും നിർവ്വഹിക്കുവാൻ പരമാവധി യത്നിക്കണമെന്നും സകല കത്തോലിക്കരേയും ഞങ്ങൾ ഉൽബോധിപ്പിക്കുന്നു. പൊതുകാര്യങ്ങളിൽ കത്തോലിക്കർ സജീവമായ അംശഭാഗിത്വം വഹിക്കണം; ഭരണകർത്താക്കളുമായി ദൃഢതരമായ സമ്പർക്കത്തിൽ വർത്തിക്കണം; കത്തോലിക്കേതരന്മാരുടെ ഹൃദയങ്ങളിൽ ഒളിഞ്ഞുകിടന്നേക്കാവുന്ന സംശയങ്ങളും മുൻവിധികളും ദൂരീകരിക്കുവാൻ ഏതൊരവസരവും ഉപയോഗപ്പെടുത്തേണ്ടതാണ്.

അവസാനമായി, നമ്മുടെ രാജ്യത്തിനും ജനങ്ങൾക്കും സർവ്വശക്തനായ ദൈവത്തിന്റെ അനുഗ്രഹാശിസ്സുകൾ ലഭിക്കുവാനും വോട്ടർമാർക്കു വെളിച്ചവും മാർഗ്ഗദർശനവും സംസിദ്ധമാകുവാനും യോഗ്യന്മാരായ പ്രതിനിധികളെ പാർലമെൻറിലേക്കും സാംസ്ഥാനികനിയമസഭകളിലേക്കും തിരഞ്ഞെടുത്തയക്കുവാനുംവേണ്ടി തിരഞ്ഞെടുപ്പിനുമുമ്പും തിരഞ്ഞെടുപ്പുകാലത്തും എല്ലാ ദേവാലയങ്ങളിലും പ്രത്യേകപ്രാർത്ഥനകൾ നടത്തണമെന്നു് ഞങ്ങൾ നിർദ്ദേശിക്കുന്നു.

എല്ലാ കത്തോലിക്കരും സമ്മതിദാനം ശരിയായിത്തന്നെ നിർവ്വഹിക്കുവാനിടയാകട്ടെ.

[ജനനനിയന്ത്രണത്തെപ്പററിയുള്ള പ്രസ്താവന അടുത്തതിൽ.]

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## അടുത്തയാഴ്ചയിൽ

നവംബർ

11 ഞാ: പന്തക്കുസ്താ 26-ാം ഞായർ കന്യകാമറിയത്തിന്റെ മാദ്ധ്യസ്ഥം
12 തി: മത്തിയാസ്
13 ചൊ: സ്താനിസ്ലാവോസ് കോസ്ക
14 ബു: കലിസ്റ്റോസ്
15 വ്യാ: ജർത്രൂദ്
16 വെ: മത്തിയാസ്
17 ശ: ഗ്രിഗോരിയോസ്

## വോട്ടിംഗിനെപ്പററി

### ചില പ്രായോഗികനിർദ്ദേശങ്ങൾ

"ആർക്കു വോട്ടുചെയ്യണം?" എന്നതു സംബന്ധിച്ച് നവംബർ 3-ാനു-യിലെ "ദീപിക"യുടെ മുഖപ്രസംഗത്തിൽ നൽകിയിരിക്കുന്ന ചില പ്രായോഗിക നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു:-

"കത്തോലിക്കാസമുദായത്തിലെ അഭിപ്രായഗതി ഏതാണ്ടു് താഴെ വിവരിക്കുന്നമാതിരിയാണെന്നാണ് ഞങ്ങൾക്കു തോന്നുന്നതു്.

1 ഐക്യമുന്നണിപ്പാർട്ടിക്കു് വോട്ടു ചെയ്യരുതു്. സ്വതന്ത്രവേഷത്തിൽവരുന്ന കമ്മ്യൂണിസ്റ്റുകാർക്കു് വോട്ടുചെയ്യരുതു്.

2 ഒരു പാർട്ടി എന്ന അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റുകാർക്കു് വോട്ടുചെയ്യാതിരിക്കണം. എന്നാൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു ഐക്യമുന്നണിക്കാരനോ കമ്മ്യൂണിസ്റ്റുകാരനായ ഒരു സ്വതന്ത്രനോ ഒരുവശത്തു് ഒരു സോഷ്യലിസ്റ്റുകാരനും മാത്രമേയുള്ളു എന്നു വിചാരിക്കുക. ആ ദുർഘടസന്ധിയിൽ സോഷ്യലിസ്റ്റുസ്ഥാനാർത്ഥിക്കു വോട്ടുചെയ്യാം. അല്ലെങ്കിൽ മററവർ ജയിച്ചുപോയേക്കും.

3 കോൺഗ്രസ് പാർട്ടിക്കും കൊച്ചിൻപാർട്ടിക്കും റിപ്പബ്ളിക്കൻ പ്രജാപാർട്ടിക്കും സ്വതന്ത്രന്മാർക്കും വോട്ടു ചെയ്യാം. അങ്ങനെ വരുമ്പോൾ ബാംഗ്ളൂരിൽവച്ച് ഈയിടെക്കൂടിയ മെത്രാന്മാരുടെ കോൺഫറൻസിൽനിന്നും നൽകിയ നിർദ്ദേശം അനുസരിച്ച് കത്തോലിക്കർ ഏററവും സ്വീകാര്യനായ സ്ഥാനാർത്ഥിക്കു വോട്ടുചെയ്യണം. കത്തോലിക്കാ ആദർശം അനുസരിച്ച് തുല്യഗുണവാന്മാരാണെങ്കിൽ നിയോജകമണ്ഡലത്തിലെ താല്പര്യങ്ങളും മററും നോക്കി വോട്ടുചെയ്യാം.

4 മേല്പറഞ്ഞപ്രകാരമുള്ള എല്ലാ പരിഗണനകൾ അനുസരിച്ചും തുല്യന്മാരാണെങ്കിൽ—പാർട്ടിക്കു മുൻഗണന കൊടുക്കണമെന്നു വോട്ടറന്മാർ വിചാരിക്കുന്നുണ്ടെങ്കിൽ—കോൺഗ്രസ് സ്ഥാനാർത്ഥിക്കു വോട്ടുചെയ്യണം.

പരേതനായ

## റവ. ഫാദർ അബ്രാഹം കുടകശ്ശേരി

സരസനായ ഒരു നിമിഷകവി എന്ന നിലയിൽ കേരളലോകപ്രസിദ്ധനായിരുന്ന ഫാദർ അബ്രാഹം കുടകശ്ശേരി നിര്യാതനായിരിക്കുന്ന വിവരം സങ്കടത്തോടെ രേഖപ്പെടുത്തുന്നു. ചെങ്ങളംമാഹാത്മ്യം, മംഗളമാലിക, ഫാത്തിമാസന്ദേശം, അശ്രുധാര, ചില ഉൽബോധനങ്ങൾ തുടങ്ങി ഒട്ടേറെ ഖണ്ഡകാവ്യങ്ങളുടെ കർത്താവാണു പരേതനായ ഈ "കവിതിലകം." വെറും സംഭാഷണങ്ങൾതന്നെ കവിതയിൽ നടത്തുവാൻ തക്ക പ്രഭുത്വമായ പ്രാഗത്ഭ്യമാണു കുടകശ്ശേരി കവിക്കുണ്ടായിരുന്നതെന്നു അദ്ദേഹത്തെ ഒരിക്കലെങ്കിലും കണ്ടു സംസാരിച്ചിട്ടുള്ളവരെല്ലാം സശിരഃകമ്പം സമ്മതിക്കാതിരുന്നില്ല ചെയ്യും. ഫലിതസമ്പന്നനായിരുന്ന ഈ സരസകവി പ്രസംഗിക്കുവാൻവരുന്നു എന്നു കേട്ടാൽ അദ്ദേഹത്തിന്റെ കവിതാപ്രഭാഷണങ്ങൾ ആസ്വദിക്കുവാൻ ആളുകൾ യോഗങ്ങളിൽ തടിച്ചുകൂടുക പതിവായിരുന്നു. ശ്രീമേരിചരിതം തുടങ്ങി ഇദ്ദേഹത്തിന്റെ പല ഉള്ളൽകൃതികളും ഇനിയും മുദ്രണംചെയ്യാതെ കിടക്കുന്നുണ്ടെന്നാണറിയുന്നതു്. ഉള്ളൂർ, അഴകത്തുപത്മനാഭക്കുറുപ്പ്, കട്ടക്കയം, കൊട്ടാരത്തിൽ ശങ്കുണ്ണി മുതലായ കവികൾ ഇദ്ദേഹത്തിന്റെ ആത്മമിത്രങ്ങളായിരുന്നു. ഇവർ ധാരാളം കത്തിടപാടുകൾ കവിതയിൽതന്നെ പരസ്പരം നടത്തിയിട്ടുണ്ടു്. ഫാദർ കുടകശ്ശേരിയുടെ ഗുരുപ്പട്ടരജതജൂബിലി കൊണ്ടാടിയ സന്ദർഭത്തിൽ അദ്ദേഹത്തിന്റെ കവിതാവാസനയെ പ്രകീർത്തിച്ചുകൊണ്ടു വള്ളത്തോൾ ചില പദ്യങ്ങൾ അയച്ചുകൊടുക്കുകയുണ്ടായി. ഫാദർ കുടകശ്ശേരിയെപ്പോലെ കവിതാപ്രഭാഷണം ചെയ്യുവാൻ കഴിയുന്ന മറെറാരാൾ കേരളത്തിൽ ഇനി ഉണ്ടോ എന്നു തന്നെ സംശയിക്കേണ്ടിയിരിക്കുന്നു. മരണാസന്നനായി അന്ത്യകൂദാശകളും സ്വീകരിച്ചു കിടന്നിരുന്ന സമയത്തും രോഗിയെക്കാണാൻ ചെന്നിരുന്നവരോടു കവിതയിൽത്തന്നെയാണ് കുശലപ്രശ്നം ചെയ്തിരുന്നതു! ഈ വൈദികകവികാകിലത്തിന്റെ നിര്യാണം കത്തോലിക്കാ പദ്യസാഹിത്യത്തിനു് അപരിഹാര്യമായ ഒരു നഷ്ടമാണെന്നുള്ളതു നിസ്സംശയമത്രെ.

പരേതനായ കവിതിലകം അയക്കുന്നത്തെ പുരാതനവും പ്രസിദ്ധവുമായ കുടകശ്ശേരിക്കുടുംബത്തിലെ ഒരംഗമാണ്. മരിക്കുമ്പോൾ 67 വയസ്സു പ്രായമുണ്ടു്. മെത്രാന്മാർ, മോൺസിഞ്ഞോറന്മാർ, വൈദികർ, ശെമ്മാശ്ശന്മാർ, സന്യാസിനിസന്യാസിമാർ തുടങ്ങിയ ഏതാണ്ടു് ഇരുനൂറിൽപ്പരം ദൈവശുശ്രൂഷികളുടെയും കേരളത്തിന്റെ നാനാഭാഗത്തുനിന്നുമായി വന്നുചേർന്ന ഏഴായിരത്തിൽപ്പരം വരുന്ന ഒരു ജനസഞ്ചയത്തിന്റെയും സാന്നിദ്ധ്യത്തിൽ ചങ്ങനാശ്ശേരി മെത്രാൻ കാവുകാട്ടു തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ സംസ്കാരകർമ്മം സമംഗളം നിർവ്വഹിക്കപ്പെട്ടു. കോട്ടയം മെത്രാൻ തിരുമനസ്സുകൊണ്ടാണു ചരമപ്രസംഗം നടത്തിയതു്. പരേതന്റെ കാരണവരായ ഫാദർ സെബസ്ത്യൻ കുടകശ്ശേരിയാൽ സ്ഥാപിതമായന

രീവേലിപ്പള്ളിയിലാണു് ഫാദർ അബ്രാഹം കടകശ്ശേരിയുടെ മൃതശരീരം വിശ്രമംകൊള്ളുന്നതു്. ഫാദർ തോമസ് കടകശ്ശേരി, ഫാദർ ലേത്തൂസ്, സി. ഡി. (കടകശ്ശേരി) ഫാദർ ജയിംസ് ഒ. സി. ഡി. (കടകശ്ശേരി) ഫാദർ ദൊനാത്തൂസ്, ഒ. എഫ്. എം. (കടകശ്ശേരി) ഫാദർ മാത്യു കടകശ്ശേരി, ഫാദർ പി. ജെ ജോസഫ് (കടകശ്ശേരി) മുതലായ വന്ദ്യവൈദികരെല്ലാം പരേതൻെറ അടുത്ത അനന്തിരവരാണു്. പാലാ, ചങ്ങനാശ്ശേരി, തിരുവല്ല, ഈ രൂപതകളുടെ മെത്രാന്മാർ അദ്ദേഹം ശയ്യാവലംബിയായിരുന്നപ്പോൾ വന്നുകണ്ടു അനുഗ്രഹിച്ചു.

ഹൃദ്യനും പ്രശാന്തനും ആയിരുന്ന ഇദ്ദേഹത്തിൻെറ അന്യാദൃശമായ മരിയഭക്തി അദ്ദേഹത്തിൻെറ കവിതകളിൽത്തന്നെ ധാരാളം തെളിഞ്ഞുകാണുന്നു. പാണ്ഡിത്യവും കവിത്വവും ഒന്നുപോലെ ഉപയോഗിച്ചു ദൈവമഹത്വം വർദ്ധിപ്പിക്കുവാൻ ഇക്കഴിഞ്ഞ മൂന്നു നാലു ദശവർഷങ്ങളായി കേരളക്കരയിൽ പരിശ്രമം നടത്തിയ ഈ "വൈദികകവിതിലക"ത്തിൻെറ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളുന്നു.

R· I· P·



ഒല്ലൂരിലെ ഒരു പ്രമുഖകുടുംബാംഗവും, ഒരു മരക്കച്ചവടക്കാരനും സ്ഥലം വിൻസെൻറു ഡി പോൾ സംഘം പ്രസിഡൻറുമായ ശ്രീമാൻ മൊയലൻ റപ്പായി ഫ്രാൻസിസ്സ് അവർകളുടെ മകൻ ശ്രീമാൻ റാഫേൽ അവർകളുടെ ഭാര്യ ശ്രീമതി മേരി 19-ാം വയസ്സിൽ Bone tumour എന്ന രോഗം നിമിത്തം ഒക്ടോബർ 7-ാം തിയതി പരലോകപ്രാപ്തയായി. ഞാറക്കൽ മാം റവ. സിസ്റ്റർ അലക്സീയൂസ്. ബി. എസ്സ്. സി. ബി. ടി., ജോർജ്ജ് ജോസഫ് മുണ്ടൻപ്രാക്കൽ, എന്നിവരുടെ ഏകസഹോദരിയാണു് പരേത. പരേതയുടെ ആത്മാവിനുവേണ്ടി പ്രാർത്ഥിപ്പാറാകണമെ.

ജനനം 23—5—1932
വിവാഹം 31—1—1949
മരണം 7—10—1951



## തിരു. കൊച്ചി വാർത്തകൾ

### തിരഞ്ഞെടുപ്പുതീയതികൾ

തിരു-കൊച്ചി സംസ്ഥാനത്തെ പാർലമെൻറു് നിയോജകമണ്ഡലങ്ങളിലേയും, നിയമസഭാ നിയോജകമണ്ഡലങ്ങളിലേയും തിരഞ്ഞെടുപ്പുതിയതികൾ താഴെ ചേർക്കുന്നു:

നാഗർകോവിൽ പാർലമെൻറു് സീററു് 1952 ജനുവരി 4.

തോവാള, അഗസ്തീശ്വരം, ഇരണിയൽ നിയമസഭാ സീററുകൾ ജനുവരി 4.

കൽക്കുളം, തിരുവട്ടാർ, കിള്ളിയൂർ, അരുമന എന്നീ നിയോജകമണ്ഡലങ്ങൾ ഉൾപ്പെട്ട നാഗർകോവിൽ പാർലമെൻറു് സീററു് ജനു: 5.

വിളവങ്കോട്, നെയ്യാററിൻകര, പാറശാല, കോട്ടുകാൽ, നേമം ജനു: 2.

തിരുവനന്തപുരം സിററി 1, സിററി 2, ഉള്ളൂർ കഴക്കൂട്ടം ജനു: 3.

ഈ നിയമസഭാനിയോജകമണ്ഡലങ്ങൾ ഉൾപ്പെട്ട പാർലമെൻറു നിയോജകമണ്ഡലം ജനുവരി 2-ാം 3-ാം തിയതികൾ

ആറ്റിങ്ങൽ, നെടുമങ്ങാട്, വാമനപുരം 1951 ഡിസംബർ 19.

ആററിങ്ങൽ, ചിറയിൻകീഴ് ഡി: 20.

വർക്കല, പരവൂർ, ചടയമംഗലം ഡിസംബർ 22.

ഈ നിയോജകമണ്ഡലങ്ങൾ ഉൾപ്പെട്ട ചിറയിൻകീഴ് പാർലമെൻറു് സീററു് ഡിസ: 19, 20, 22.

ചെങ്ങന്നൂർ, കുന്നത്തൂർ, പട്ടാഴി ഡിസംബർ 13.

ഭരണിക്കാവു്, മാവേലിക്കര, മുളകുളം ഡിസ: 14.

ചെങ്കോട്ട, പത്തനാപുരം, കൊട്ടാരക്കര, പെരിനാട് ഡിസ: 17.

ഇരവിപുരം, കൊല്ലം, ചവറ, കരുനാഗപ്പള്ളി ഡിസ: 18

മേൽപ്പറഞ്ഞ നിയോജകമണ്ഡലങ്ങൾ ഉൾപ്പെട്ട മാവേലിക്കര പാർലമെൻറു് സീററു് ഡിസ: 13, 14, 17, 18.

തണ്ണീർമുക്കം, ചേർത്തല, തുറവൂർ, അരൂർ ജനു: 4.

കാർത്തികപ്പള്ളി, തകഴി, അമ്പലപ്പുഴ, ആലപ്പുഴ 1, ആലപ്പുഴ 2, ജനു: 5.

ഈ നിയോജകമണ്ഡലങ്ങളുൾപ്പെട്ട ആലപ്പുഴ പാർലമെൻറു് നിയോജകമണ്ഡലം ജനു: 4, 5.

കടപ്ര, തിരുവല്ലാ, പത്തനംതിട്ട, ഓമല്ലൂർ, റാന്നി ഡിസ: 10.

കല്ലൂപ്പാറ, ചങ്ങനാശേരി, വിജയപുരം ഡിസ: 11.

തിരുവല്ലാ പാർലമെൻറു് സീററു് ഡിസ: 10, 11.

കാഞ്ഞിരപ്പള്ളി, വാഴൂർ, ദേവികുളം, പീരുമേട് ഡിസ: 10

മീനച്ചിൽ, പൂഞ്ഞാർ, രാമപുരം ഡിസ: 21.

കുമാരമംഗലം, തൊടുപുഴ ഡി: 22.

മീനച്ചിൽ പാർലമെൻറു് സീററു് ഡിസ: 19, 21, 22.

പിറവം, മൂവാററുപുഴ, കോതമംഗലം, കട്ടപ്പുത്തി ജനു: 2.

തിരുവാർപ്പു്, കോട്ടയം, ഏററുമാനൂർ, ഉഴവൂർ, വൈക്കം ജനു: 3.

കോട്ടയം പാർലമെൻറു് സീററു് ജനു: 2, 3.

ആലങ്ങാട്, കണയന്നൂർ, എറണാകുളം, മട്ടാഞ്ചേരി ഡിസ: 17.

പെരുമ്പാവൂർ, കുന്നത്തുനാട്, അയിരൂർ, ആലുവാ ഡിസ: 18.

എറണാകുളം പാർലമെൻറു് സീററു് ഡിസ: 17, 18.

പറവൂർ, ഞാറയ്ക്കൽ, കൊടുങ്ങല്ലൂർ, പൂമംഗലം ഡിസ: 13.

കോടകുളങ്ങര, ചാലക്കുടി, ആമ്പല്ലൂർ, ഇരിങ്ങാലക്കുട ഡിസ: 14.

കൊടുങ്ങല്ലൂർ പാർലമെൻറു് സീററു് ഡിസ: 13, 14.

വടക്കാഞ്ചേരി; ചിററൂർ, നെന്മാറ ഡിസ: 10.

ഉരകം, മണലൂർ, തൃശ്ശൂർ, വിയ്യൂർ, കുന്നംകുളം ഡിസ: 11.

തൃശ്ശൂർ പാർലമെൻറു് സീററു് ഡിസംബർ 10, 11.

### ഭേദഗതി ഉടനെതന്നെ

സെക്കണ്ടറിസ്കൂൾ വിദ്യാഭ്യാസപദ്ധതിയിൽ ഭേദഗതികൾവരുത്തിക്കൊണ്ടുള്ള പ്രൊസീഡിംഗ്സ് ഈയാഴ്ചയിൽ തന്നെ പ്രസിദ്ധീകൃതമാകുമെന്നു് വിദ്യാഭ്യാസമന്ത്രി ശ്രീ എൽ. എം. പൈലി പത്രപ്രതിനിധികളുമായി നടത്തിയ ഒരഭിമുഖസംഭാഷണമദ്ധ്യേ ഉറപ്പുനല്കിയിരിക്കുന്നു. നവംബർ 10-ാംനു കാബിനററുയോഗം കൂടുന്നതാണെന്നറിയുന്നു.

### റേഷൻ വർദ്ധനവു്

നവംബർ 4-ാംനു മുതൽ റേഷൻ നിരക്കു് പ്രായപൂർത്തിയായ ഒരാൾക്കു് 10 ഔൺസും 8 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികൾക്കു് 5 ഔൺസുമായിരിക്കുമെന്നറിയുന്നു. ഇതിൽ പകുതിഭാഗം അരിയും പകുതി ഗോതമ്പോ മൈലോയോ ആയിരിക്കുന്നതുമാണു്.

### വോട്ടുചെയ്യുന്ന സമയം

ഡിസംബർ 10-ാംനു മുതൽ തിരുകൊച്ചിയിൽ നടക്കുവാൻപോകുന്ന പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാനുള്ള സമയം രാവിലെ 7 മണിമുതൽ 12 മണിവരെയും ഉച്ചതിരിഞ്ഞു 1 മുതൽ 5 വരെയും ആയിരിക്കുമെന്നു് ഇലക്ഷൻ കമ്മീഷൻ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.


ROME WAS NOT BUILT IN A DAY

Rome, the eternal city, the ancient home of fashions, wisdom and culture, was not built in a day but in the course of centuries. Every rich man is not made in a day but he saves his little bit day by day. So open an account

*with*

**The Catholic Bank of India Ltd.**

H. O. Changanacherry, Travancore,

and earn interest from 3% to 5½%

*Branches:—*

Alleppy, Athirampuzha, Calicut, Changanacherry, Edathua, Kanjirapally, Kottayam, Manimala, Trivandrum (Main Road) and Trivandrum (Vallakadavu).

*For further particulars apply to our Head Office or any of the Branches.*


## ഇന്ത്യാവാർത്തകൾ

### വില്പനനികുതി വർദ്ധിപ്പിച്ചു

വില്പനനികുതി ഒക്ടോബർ 31-ാംനു മുതൽ രൂപയ്ക്കു് അരയണയായി വർദ്ധിപ്പിച്ചിരിക്കുന്നു. ധാന്യങ്ങൾ, മാംസം, മത്സ്യം, പഞ്ചസാര, മണ്ണെണ്ണ മുതലായവയെ ഈ നികുതി ബാധിക്കുന്നതല്ല.



ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനു ഉപകാരസ്മരണ.

V· M· A·, മേരിചാൻറു.

### രാജാജി രാജിവച്ചു

കേന്ദ്രഗവമ്മെൻറിൻെറ ആഭ്യന്തരവകുപ്പുമന്ത്രിയായിരുന്ന ശ്രീ രാജഗോപാലാചാരി തൽസ്ഥാനം രാജിവച്ചിരിക്കുന്നു. അദ്ദേഹത്തിനുപകരം പശ്ചിമബംഗാൾ ഗവർണർ ശ്രീ കൈലാസ് നാഥ് കഡ്ജുവാണു് നിയമിതനായിരിക്കുന്നതു്.

### പശ്ചിമബംഗാൾ ഗവർണ്ണർ

ഡോക്ടർ എച്ചു്. സി. മുക്കർജി വെസ്റ്റ്ബെംഗാൾ ഗവർണ്ണറായി നവംബർ 1-ാംനു് ചാർജ്ജെടുത്തിരിക്കുന്നു.

ബ. അൽഫോൻസാമ്മയുടെ സഹായം ആപൽക്കരമായ വിപത്തിൽനിന്നു് എന്നെ രക്ഷിച്ചതിനു് ഉപകാരസ്മരണ. ഇത്രയും താമസിച്ചുപോയതിനു് ക്ഷമാപണം.

കെ. എസ്സ്. ദേവസ്യാ
കോഴികൊത്തിയ്ക്കൽ വീട്
വയല, P· O· കാഞ്ഞിരപ്പള്ളി

വി. തോമ്മാശ്ലീഹായുടെയും, വി. സെബസ്ത്യാനോസിന്റെയും, വി. അഗുസ്തിനോസിൻെറയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടേയും സഹായത്താലും എൻെറ കുട്ടിക്കു് രോഗശമനംകിട്ടിയതിനു് ഉപകാരസ്മരണ.

പി. സി. ദേവസ്യാ
പൊക്കന്താടിയിൽവീട്, നമ്പികുളം
അവിടനല്ലൂർ P· O·

## വിദേശവാർത്തകൾ

### ബ്രിട്ടൻ

ബ്രിട്ടണിലെ പൊതുതിരഞ്ഞെടുപ്പിൽ യാഥാസ്ഥിതികകക്ഷിക്കു് ഭൂരിപക്ഷം ലഭിക്കയാൽ പ്രസ്തുതകക്ഷിയുടെ നേതാവായ മി. വിൻസ്റ്റൻ ചർച്ചിൽ പ്രധാനമന്ത്രിയായി പുതിയ മന്ത്രിസഭ രൂപീകൃതമായിരിക്കുന്നു. മന്ത്രിമാരുടെ പേരുകൾ താഴെചേർക്കുന്നു:

ക്യാപ്റ്റൻ ഹാരിക്രൂക്ക്ഷാങ്ക് (ആരോഗ്യവകുപ്പുമന്ത്രി), മി. ഹാരോൾഡ് മാക്മില്ലൻ (ആഭ്യന്തരവകുപ്പുമന്ത്രി), മി. ജയിംസ് സ്റ്റുവർട്ട് (സിക്രട്ടറി ഓഫ് സ്റ്റേററ് ഫോർ സ്കോട്ട്ലണ്ട്), ലോർഡ് ലിതേഴ്സ് (സിക്രട്ടറി ഓഫ് സ്റ്റേററ് ഫോർ ട്രാൻസ്പോർട്ട്). കൂടാതെ മി. ജോൺ ലോയിഡ് മിനിസ്റ്റർ ഓഫ് സ്റ്റേററായും, മി. പാട്രിക് ബുച്ചാൺ പാർലമെൻററി സിക്രട്ടറിയായും നിയമിതരായിരിക്കുന്നു.

തിരഞ്ഞെടുപ്പിൻെറ ഫലമായി യാഥാസ്ഥിതികർക്കു് 321-ാം ലേബർ പാർട്ടിക്കു് 294-ാം ലിബറൽ കക്ഷിക്കു് 6-ാം ഇതരന്മാർക്കു് 3-ാം സീററുകളാണു ലഭിച്ചിരിക്കുന്നതു്. കമ്മ്യൂണിസ്റ്റ് പാർട്ടി നിറുത്തിയിരുന്ന 10 സ്ഥാനാർത്ഥികളും പരാജയമടയുകയാണുണ്ടായതു്.

### ഈജിപ്റ്റ്

ഈജിപ്റ്റും ബ്രിട്ടനും തമ്മിലുള്ള മത്സരം ഏററം ഗുരുതരമായ രീതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു ഒരു സംഘട്ടനത്തിനുള്ള ഒരുക്കമായി ഈജിപ്റ്റിൽ നിർബന്ധിതസൈനികസേവനമേർപ്പെടുത്തുവാൻ ഈജിപ്ഷ്യൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. വേണ്ടിവന്നാൽ സൂയസ്പ്രദേശത്തുനിന്നു പുറപ്പെടുവാൻ സന്നദ്ധരായിരുന്നുകൊള്ളണമെന്നു് ബ്രിട്ടീഷ് ഗവമ്മെൻറു് നാവികസേനയ്ക്കു് ഉത്തരവു നല്കിയിരിക്കുന്നതായുമറിയുന്നു. ഇയ്യിടെ 150 ബ്രിട്ടീഷുദ്യോഗസ്ഥന്മാരെ ഈജിപ്ഷ്യൻ ഗവമ്മെൻറു് സർവ്വീസിൽനിന്നും പിരിച്ചുവിട്ടതു് സ്ഥിതിഗതികളെ കൂടുതൽ ഗൗരവാവഹമാക്കിത്തീർത്തിരിക്കുന്നു.

വാ. പത്താംപീയൂസ് പാപ്പായുടെയും അൽഫോൻസാമ്മയുടെയും സഹായത്താൽ എൻെറ മകളുടെ സുഖക്കേടു നിശ്ശേഷം മാറിയതിനു കൃതജ്ഞത.

P· C· P· O·, Kattoor

ബ. അൽഫോൻസാമ്മയുടെ പ്രത്യേക അനുഗ്രഹത്താൽ എൻെറ സുഖക്കേടു മാറിയതിനു പ്രത്യേകം കൃതജ്ഞത.

എ. എൻ. വി. ജോസഫ്
വലപ്പാട്

Jesus my Lord, raise Sr. Alphonsa to the honours of the Altar, through whom I received extraordinary favours.

M· J· Philip

## ഇടവകവാർത്തകൾ

### രാജത്വതിരുനാളാഘോഷങ്ങൾ

ബത്‌ലഹം, നെടുമ്മനി, ഏറ്റുമാനൂർ, പാവർട്ടി, കാട്ടുകാറി, നരിവേലി, പുന്നത്തുറ, അമയന്നൂർ, ആറുമാനൂർ, മുതലക്കോടം, നാട്ടകം, വടയാർ, കോന്നി, പൂങ്കാവ്, വലംചുഴി, വടക്കേപുറം, ആത്തിപ്പിക്കുന്ന്, കാർമ്മൽ, മുളന്തറ, അതിരങ്കൽ, മറിഞ്ഞകല്ല്, നെടുമ്പകാവ്, ഉഴവൂർ, ചേർപ്പുങ്കൽ, വെളിച്ചിയാനി, മററക്കര, കല്ലൂക്കാട്, പൊൻകുന്നം, എന്നിവിടങ്ങളിൽ ക്രിസ്തുവിന്റെ രാജത്വതിരുനാൾ സാഘോഷം കൊണ്ടാടിയിരിക്കുന്നതായി റിപ്പോർട്ടുകൾ ലഭിച്ചിരിക്കുന്നു.

—കല്ലൂക്കാട്: ജൂബിലിദണ്ഡവിമോചനപ്രാപ്തിക്കായി കല്ലൂക്കാട്, ആയവന, ബേത്‌ലഹം എന്നീ ഇടവകകൾ യോജിച്ച് ഒക്ടോബർ 28-ാംനു ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

—കട്ടച്ചിറ: മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 21-ാംനു റവ. ഫാ. പോൾ ചിറമ്പത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു പൊതുയോഗം ചേരുകയും മി. വി. റ്റി. ജോസഫ് ഒരു പ്രസംഗം ചെയ്കയും ചെയ്തിരിക്കുന്നു.

—പൂഞ്ഞാർ: മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മിഷൻഞായർ പ്രമാണിച്ച് ഒക്ടോ. 21-ാംനു റവ. ഫാ. ജെ. സി. തെക്കേത്തോട്ടത്തിന്റെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേർന്നു. മെ. എൻ. എം. സ്കറിയ ബി എസ്‌സി, ജോസഫ് സി നെല്ലി ബി എ ബി എൽ എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—വലവൂർ: കളപ്പുറത്ത് ശ്രീ കുര്യൻ അവർകൾ കുടക്കച്ചിറപ്പള്ളിക്ക് ഒരു പൊന്നിൻകുരിശു സംഭാവനചെയ്തിരിക്കുന്നു.

—കുടക്കച്ചിറ വിൻസെന്റ് ഡി പോൾ സഖ്യത്തിന്റെ ആഭിമുഖ്യത്തിൽ തൊഴിലാളികൾക്കായുള്ള ഒരു ജ്ഞാനധ്യാനം നടത്തപ്പെട്ടിരിക്കുന്നു.

—ചേർപ്പുങ്കൽ: വിൻസെന്റ് ഡിപോൾ സഖ്യത്തിന്റെ ദ്വിതീയവാർഷികം ഒക്ടോ. 21-ാംനു റവ. ഫാ. പ്ലാസിഡ് സി ഡി യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. മെ. കെ. ജെ. മത്തായി ബി എ, പി. ഡി. എബ്രഹാം എന്നിവരായിരുന്നു പ്രാസംഗികർ.

—വല്ലം: വി. അമ്മത്രേസ്യായുടെ ദേവാലയത്തിന്റെ 550 വർഷം തികയുന്ന ജൂബിലി ഒക്ടോ. 18-ാംനു കൊണ്ടാടിയിരിക്കുന്നു. ഇതിന്റെ സ്മാരകമായി ക്രിസ്തുരാജന്റെ ഒരു പ്രതിമ സ്ഥാപിതമായിട്ടുണ്ട്. എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലിപ്രമാണിച്ച് ഒക്ടോ. 16, 17, 18 എന്നീ തിയതികളിൽ നാല്പതുമണിയാരാധന നടത്തപ്പെട്ടു.

—കോന്തുരുത്തി: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലി പ്രമാണിച്ച് നവ. 13, 14, 15 എന്നീ തിയതികളിൽ നാല്പതുമണിയാരാധനയും നവ. 7മുതൽ 11വരെ തിയതികളിൽ പൊതുധ്യാനവും നടത്തുന്നതാണ്.

—പാലാ ഭദ്രാസനപ്പള്ളി ഇടവകയിൽ മിഷൻഞായർ ആചരിക്കപ്പെട്ടു. മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ നടന്ന കൃഷിവിഭവലേലത്തിൽ 250 ക. യോളം പിരിഞ്ഞുകിട്ടിയതായറിയുന്നു.

—നെടിയകാട്: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലി പ്രമാണിച്ച് ലിസ്യൂ പള്ളിയിൽ ഒക്ടോ. 14മുതൽ 21വരെ തിയതികളിൽ പൊതുധ്യാനവും 22-ാംനു 13 മണിയാരാധനയും നടത്തപ്പെട്ടു. ഇതോടുകൂടി ഇടവകയിൽ വിൻസെന്റ് ഡി പോൾ സഖ്യം, സത്യാരാധനാസഖ്യം എന്നീ സംഘടനകളും ഉൽഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്.

—കൈപ്പുഴ: സെന്റ് ജോർജ്ജ്സ് വിൻസെന്റ് ഡി പോൾ കോൺഫറൻസിന്റെ ദ്വിതീയവാർഷികം ഒക്ടോ. 24-ാംനു റവ. ഡോ. എൽ. ജെ. ചിറ്റൂരിന്റെ അദ്ധ്യക്ഷതയിൽ കൊണ്ടാടപ്പെട്ടു. ബ്രദേഴ്സ് പതിയിൽ എബ്രഹാം, പി. റ്റി. ജോസഫ് ബി എ എൽ ടി, സി. എൽ. ജോസഫ്, റവ. ഫാ. കണ്ടാരപ്പള്ളി ബി എ ബി ടി എന്നിവർ പ്രസംഗിച്ചു.

—കോട്ടപ്പടി: 'യംഗ്' കാത്തലിക്സ് ക്ലബ് ഒക്ടോ. 21-ാംനു റവ. ഫാ. സെബാസ്റ്റ്യൻ ബ്രഹ്മകുളത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ജനറൽബോഡിയോഗത്തിൽവച്ച് ഒരു സെന്റ് വിൻസെന്റ് ഡി പോൾ കോൺഫറൻസായി രൂപാന്തരപ്പെടുത്തിയിരിക്കുന്നു.

—തൊട്ടുപുഴ: എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ജൂബിലിപ്രമാണിച്ച് ജീവിതനവീകരണവാരം ആചരിക്കുകയും 13 മണിയാരാധന നടത്തുകയും ചെയ്തിരിക്കുന്നു.

—വടക്കൻ പുതുക്കാട്: ഒക്ടോ. 21-ാം തിയതി പെരി. റവ. ഫാ. ജോൺ ചിറയത്തിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽവച്ച് മരിയസഖ്യത്തിന്റെയും വേദപ്രചാരപ്രദർശനത്തിന്റെയും ഉൽഘാടനം നിർവ്വഹിക്കപ്പെട്ടു. മെ. ഇ. വി. ജോർജ്ജ്, ഇ. സി. ആൻഡ്രൂസ്, ടി. ഡി. വർഗ്ഗീസ്, കുമാരി ടി. ഡി. ക്ലാര മുതലായവർ ഓരോ പ്രസംഗം ചെയ്തു.

—കടുത്തുരുത്തി: മിഷൻലീഗംഗങ്ങളുടെ നേതൃത്വത്തിൽ ഒക്ടോ. 21-ാം തിയതി മിഷൻഞായറാഴ്ച ആചരിക്കപ്പെട്ടു. കാർഷികവിഭവലേലത്തിൽ 300 ക. യോളം പിരിഞ്ഞുകിട്ടിയതായറിയുന്നു.

—കരിമണ്ണൂർ: മിഷൻ ലീഗുവാർഷികം ഒക്ടോ. 22-ാംതിയതി റവ. ഫാ. ജോർജ്ജ് കുഴിവേലിത്തടത്തിന്റെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. ശ്രീ കെ. സി. തോമസ് ബി എ എൽ ടി ഒരു പ്രസംഗംചെയ്തു.

—ആമ്പക്കാട്: വേദപ്രചാരസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ വേദപ്രചാരഞായർ കൊണ്ടാടിയിരിക്കുന്നു.

—തിടനാട്: മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മിഷൻഞായർദിനം നടത്തിയ കാർഷികോല്പന്നലേലത്തിൽ 155. ക. യോളം ലഭിച്ചതായറിയുന്നു.

—പെരുമാനൂർ സെന്റ് ജോർജ്ജ് പള്ളിയിലെ മരിയസഖ്യാംഗങ്ങളുടെ 8-ാമതു വാർഷികം റവ. ഫാ. അഗസ്റ്റിൻ മുണ്ടശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ഒക്ടോ. 28-ാം തിയതി കൊണ്ടാടുകയുണ്ടായി.

—പെരിങ്ങളം: മിഷൻഞായർ പ്രമാണിച്ച് റവ. ഫാ. ജോസഫ് കൊല്ലൻപറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ മെ. ആന്റണി കുടക്കച്ചിറ, ജോസഫ് വല്യവീട്ടിൽ എന്നിവർ പ്രസംഗിച്ചു.

—കടപ്ലാമററം: മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ മിഷൻഞായർ പ്രമാണിച്ച് റവ. ഫാ. ജെ. സി. കാപ്പന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ശ്രീ ജോസ് കടിയംകുററി ഒരു പ്രസംഗം ചെയ്തു.

—പാദുവാ: ഒക്ടോ. 22-ാം തിയതി റവ. ഫാ. തോമസ് ഓലിക്കമാലിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് മിഷൻലീഗിന്റെ ഒരു ശാഖ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു.

—മലപ്പുറം: സെന്റ് തെരേസാസ് കോൺഫറൻസിന്റെ ആഭിമുഖ്യത്തിൽ ഒക്ടോ. 21-ാം തിയതി റവ. ഫാ. മാത്യു കൊട്ടാരത്തുമ്യാലിലിന്റെ അദ്ധ്യക്ഷതയിൽ സെന്റ് തെരേസാസ് ഡേ ആഘോഷിച്ചിരിക്കുന്നു.

—ചെരമ്പട്ടി: ലത്തീൻ പള്ളിയിൽ കർമ്മലമാതാവിന്റെ തിരുനാളിനൊരുക്കമായി ഒരു ത്രിദിനപ്രസംഗപരമ്പര റവ. ഫാ. ജോർജ്ജ് തെക്കുംപുറത്തു നടത്തിയിരിക്കുന്നു.

—രാമഞ്ചിറ: തിരുവനന്തപുരം അതിരൂപതയിൽപ്പെട്ട രാമഞ്ചിറ, പമ്പമല, ഉള്ളന്നൂർ, ഉളനാട്, നല്ലാനിക്കുന്ന്, മുട്ടത്തുകോണം, ഏറത്തുമ്പമൺ എന്നീ മിഷനുകൾ ഏകോപിച്ച് ഒക്ടോ. 21-ാം തിയതി ജൂബിലിദണ്ഡവിമോചനപ്രാപ്തിക്കായുള്ള ഒരു പരിഹാരപ്രദക്ഷിണം നടത്തിയിരിക്കുന്നു.

—വടയാർ: ഇടവകയിൽ പുതുതായി സ്ഥാപിച്ചിരിക്കുന്ന സിമിത്തേരിപ്പള്ളിയുടെ വെഞ്ചരിപ്പുകർമ്മം റവ. ഫാ. ജോസഫ് വിതയത്തിൽ നിർവ്വഹിച്ചിരിക്കുന്നു.

## നിര്യാതനായി

നരിവേലിപ്പള്ളി ഇടവക കാക്കാശ്ശേരിൽ ബ. അബ്രാഹമച്ചൻ ഒക്ടോ. 25-ാം തിയതി 67-ാമത്തെ വയസ്സിൽ നിര്യാതനായി. സംസ്കാരകർമ്മം പിറേറദിവസം ചങ്ങനാശേരിമെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു. കോട്ടയംമെത്രാൻ തിരുമേനിയാണ് ചരമപ്രഭാഷണം നടത്തിയതു്. R. I. P.

## വലിയ പാതിരി

(5-ാം പേജ് തുടർച്ച)

2-ാം ഭ: പിന്നെ കിട്ടാതിരിക്കുമോ? ഞാനല്ലേ പോയതു് (ചാരായക്കുപ്പി കാണിക്കുന്നു)

1-ാം ഭ: കൊള്ളാം. മിടുമിടുക്കൻ—തന്നിതു എവിടെച്ചെന്നു തട്ടിക്കൊണ്ടുവന്നു?

2-ാം ഭ: ഞാൻ ചെന്നപ്പോൾ ഇവിടത്തെ ചാരായക്കടക്കാരൻ കോളറാ പിടിച്ചു കിടന്നു കുത്തിമറിയുന്നു. ഒരു പാടു ആളുകളും കൂടിട്ടുണ്ടു്. ഞാനും ആ കൂട്ടത്തിൽക്കൂടി. സൂത്രത്തിൽ രണ്ടുകുപ്പി തട്ടിക്കൊണ്ടിങ്ങുപോന്നു.

1-ാം ഭ: ബലേഭേഷ് കൊടുക്കകൈ. (ഇരുവരും കൈകൊടുത്തിട്ട്) നമുക്കിനി ഇതിന്റെ രുചി ഒന്നു നോക്കാം.

2-ാം ഭ: അങ്ങനെതന്നെ. (രണ്ടുപേരും കുടിക്കുന്നു)

2-ാം ഭ: (കുടിച്ചുമത്തനായി) ഹാ ഹിതുതന്നെ അമൃതു്. ഹിതുതന്നെ സായൂജ്യം.

1-ാം ഭ: ഹതെയതെ — അതൊന്നു കുഴിപ—ഴ—

2-ാം ഭ: എഴാ—നമ്പക്കൊഴ—പാട്ടുപാഴാം, ഞാൻ—പാഴാം—നീ കൂഴെ പാഴിക്കാം.

1-ാമൻ: ഹങ്ങനെതന്നെ.

2-ാമൻ: (വഞ്ചിപ്പാട്ട്)

മൂന്നുലോകമൊരുപോലെ വഴംഴം ചുററി കഴങ്ങുന്നു
കണ്ണുകളും മഷങ്ങളും തിഴിഞ്ഞിഴുന്നു.

1-ാമൻ: ഹ ഹ നിന്റെ പാഷ്ട്. എഴ്ഡാ—ഞാനാഴെന്നു നിന്നക്കഴിയുമോ? അഴല—വിഴല—ഷുഷല—മാഹാതഴ—ഭ്രഷോക—ഭുവഷ്ലോകം—ഷുവർലോകം മുതലായി 14 ലോകത്തെയും കിഷുകിഷ വിഴപ്പിക്കുന്ന—വഴകുപ്പുഴത്തഴവൻ—ഞാനാഴാ.

2-ാമൻ: എഴാ ഞാൻ—ധൃക്കഴത—വിക്കഴമ—പഴാക്രമിയായ വേണാട്ടു പട്ടാളകമാണ്ടറാടാ.

1-ാമൻ: നമ്പക്കൊന്നു യുദ്ധംചെയ്യാം.

2-ാമൻ: ഹങ്ങനെതന്നെ... വാ വാ വഴ്കാ സമഴം തുഴരാം.

1-ാമൻ: ......പോ പോ മഴയാ പേപഴയാതെ

2-ാമൻ: ......അഴിയും—തഴയും വഷമുണ്ടോടാ

1-ാമൻ: ......ഇടിയും—തൊഴിയും വശമുണ്ടോടാ.

(കുറേനേരം യുദ്ധംചെയ്തു ക്ഷീണിച്ചു ഇരുവരും ഇരിക്കുന്നു)

2-ാമൻ: ഹാ—എന്തു പഴമാനന്ദം.

1-ാമൻ: (വയററിൽ പൊത്തിപ്പിടിച്ചുകൊണ്ടു) ഹാ—എന്തു—പരവേശം ചേട്ട—എന്റെ വയററിന്നു മേലോട്ടൊരു കേററം. ചങ്കുപൊട്ടുന്നപോലെ തോന്നുന്നു.

2-ാമൻ: സാരമില്ലടാ—ചാഴായം ചഴ്ത്തിച്ചു തീരുമ്പോ എല്ലാം തീരും.

1-ാമൻ: ഹതേ—എല്ലാം തീരുമെന്നാ തോന്നുന്നതു് (മറിഞ്ഞുവീണുകിടന്നു വീണ്ടും വീണ്ടും ഛർദ്ദിക്കുന്നു, കിടന്നുരുളുന്നു)

2-ാമൻ: ഹല്ല! ഇതു കളിയല്ലന്നാ തോന്നുന്നതു് (അടുത്തിരുന്നു ശുശ്രൂഷിക്കുന്നു. ഡിസൂസാ ഇറങ്ങിവന്നു ഛർദ്ദിലും മററും തുടയ്ക്കുന്നു)

1-ാമൻ: ഹയ്യോ—ഞാനിപ്പച്ചാകുവേ. ദാഹിക്കുന്നു. കുറച്ചുവെള്ളം തരണേ—ഹയ്യോ—വേഗംതരണേ. (ഡിസൂസാ അകത്തുപോയി വെള്ളംകൊണ്ടുവന്നുകൊടുക്കുന്നു. വീണ്ടും ഛർദ്ദിക്കുന്നു.)

ഡിസൂസ: (പരിശോധിച്ചിട്ട്) കോളറായുടെ ലക്ഷണം കാണുന്നുണ്ടു്. (അകത്തുചെന്നു ഗുരുവിനോടു വിവരം പറയുന്നു)

ശൗര്യാർ: (ധ്യാനനിഷ്ഠയിൽനിന്നും ഉണർന്നിട്ട്) എന്തു്—കോളറായോ—(ഇറങ്ങിച്ചെന്നു പരിശോധിച്ചശേഷം അകത്തുചെന്നു സ്വന്തം കമ്പളിപ്പുതപ്പു കൊണ്ടുവന്നു രോഗിയെ പുതപ്പിക്കുന്നു)

1-ാമൻ: ഹയ്യോ — ഞാനിപ്പച്ചാകുമേ.... ...

ശൗര്യാർ: സോദരാ—കണ്ണുതുറക്കുക.

1-ാമൻ: (കണ്ണുതുറന്നു എല്ലാവരേയും നോക്കുന്നു.) അയ്യോ—പരവേശം. വേദന സഹിക്കാൻ മേ—ലാ—ഞാനിപ്പം ചാ-കും.

ശൗര്യാർ: മരണത്തെപ്പററി എന്തിനു ഭയപ്പെടുന്നു? ജനിച്ചാൽ ഒരു ദിവസം മരിക്കണം. അതു ദൈവനിശ്ചയമാണ്.

1-ാമൻ: അയ്യോ—ഞാനൊരു മഹാപാപിയാണ്.

ശൗര്യാർ: അരുതേ—അതിനെന്താ—സകല മനുഷ്യരുടേയും പാപഭാരത്തെ ശിരസ്സിൽവഹിച്ചു ശ്രീയേശുനാഥൻ നമുക്കുവേണ്ടിയാണു മരിച്ചതു്. ആ സ്നേഹസ്വരൂപനിൽ വിശ്വസിക്കുക. തീർച്ചയായും രക്ഷകിട്ടും.

1-ാമൻ: ഞാൻ—വി—ശ്വ—സി—ക്കു—ന്നു.

ശൗര്യാർ: നാം എല്ലാം പാപികളാണ്. അതിനാൽ പാപത്തെപ്പററി പശ്ചാത്തപിക്കുക. ആ കാരുണ്യമൂർത്തി പാപികളെ ഒരിക്കലും ഉപേക്ഷിക്കുന്നതല്ല.

1-ാമൻ: ഹാ—എന്റെ പാപങ്ങൾ—ഞാൻ—പശ്ചാത്തപിക്കുന്നു.

ശൗര്യാർ: പറയൂ—ഈശോ.

1-ാമൻ: ഈ—ശോ—എ—ന്റെ—ഈ—ശോ—(കണ്ണുരുട്ടി—വാകോട്ടി—മരിക്കുന്നു.)

2-ാമൻ: അയ്യോ —ഹയ്യോ —(കിടന്നുരുളുന്നു—ഛർദ്ദിക്കുന്നു.)

ശൗര്യാർ: കഷ്ടം! മരുന്നെല്ലാം തീർന്നു പോയല്ലോ — ഇനി എന്താണുചെയ്ക. ഈ ആളും ഇപ്പോൾ മരിക്കുമെന്നാണു തോന്നുന്നതു്. ഡിസൂസാ!—വേഗം ചെന്നു ഹന്നാൻവെള്ളം എടുത്തുകൊണ്ടുവരു. (ഡിസൂസാ പോയി.)

2-ാമൻ: ഹയ്യോ—ഹയ്യോ—എന്റെ ചങ്കുപൊട്ടുന്നേ—നാവു വരളുന്നേ—വെള്ളം—വെള്ളം.

ശൗര്യാർ: ഇപ്പോൾ ഞാൻ വെള്ളം കൊണ്ടുവന്നുതരാം. (പോകുന്നു)

2-ാമൻ: ഹയ്യോ—വേദന—വേ—ദന—(ഛർദ്ദിക്കുന്നു. നിശ്ചേഷ്ടനായി കിടക്കുന്നു. ശൗര്യാരും ഡിസൂസായും പ്രവേശിക്കുന്നു.)

ശൗര്യാർ: (2-ാം ഭടനെ പരിശോധിച്ചിട്ടു) ഈ ആളും മരിച്ചു കഴിഞ്ഞിരിക്കുന്നു.

ഡിസൂസാ: പിതാവേ! ഇനി നാം എന്താണ് ചെയ്ക.

ശൗര്യാർ: എന്തു ചെയ്യാനാണ്. നമുക്കു പ്രാർത്ഥിക്കാം.. (ശവങ്ങളുടെ മദ്ധ്യേ ഇരുവരും മുട്ടുകുത്തുന്നു.)

ഗീതം-നരഭേവിരുദ്ധ. എന്നമട്ട്.

ക്രിസ്തുദേവജഗദീശാ—നമോ—നമോ.
നിസ്തുലകൃപാപൂർണ്ണാ നമോ—നമോ.
സത്യദൈവമേ! നിൻപാദപത്മങ്ങൾ—കുപ്പിടുന്നു.
മൃത്യുവിന്നിരയായോരിവർക്കു നീ
നിത്യശാന്തിയെ നൽകിടണമുടൻ
ശത്രുബാധയിൽ നിന്നീ മഹാരാജ്യം-കാത്തിടുക.

ശൗര്യാർ: നേരം പ്രഭാതമായല്ലോ. എന്നെ തൂക്കിലിടേണ്ട സമയം കഴിഞ്ഞിരിക്കുന്നു. ഇവിടെ സംഭവിച്ച കഥകളൊന്നും ദളവാ അറിഞ്ഞിട്ടുമില്ല. അതിനാൽ സകല വിവരങ്ങളും ദളവായെ അറിയിക്കുന്നതിനായി ഞാൻ ഇപ്പോൾത്തന്നെ പടകുളത്തിലേക്കുപോകുന്നു.

ഡിസൂസാ: പിതാവേ! അവിടുന്നു എന്നെ ആരെ ഏല്പിച്ചിട്ടാണു പോകുന്നതു്. (കരയുന്നു.)

ശൗര്യാർ: പ്രിയശിഷ്യാ! നിന്നെ ഞാൻ നമ്മുടെ അത്മരക്ഷകന്റെ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു. (കുരിശു ശിരസ്സിൽ വച്ച് അനുഗ്രഹിക്കുന്നു.)

ഡിസൂസാ: (ഗുരുവിന്റെ തൃപ്പാദങ്ങളിൽ സാഷ്ടാംഗംവീണു ചുംബിക്കുന്നു.)

ശൗര്യാർ: എഴുന്നേല്ക്കുക. അല്ല! കരയുകയാണോ? (ശിഷ്യന്റെ കണ്ണുനീർ തുടച്ചുകൊണ്ട്, ഇന്നു ഞാൻ നാളെ നീ. പിന്നെ എന്തിനു കരയുന്നു? ഇനി നമുക്കു നമ്മുടെ പ്രിയരക്ഷിതാവായ ഏശുവിന്റെ തിരുസന്നിധിയിൽവച്ച് ഒന്നിച്ചുകാണാം. (മരിച്ചുകിടക്കുന്ന ഭടന്റെ കൈയിൽനിന്നും വധശിക്ഷയ്ക്കുള്ള കല്പനയും തന്റെ കുരിശും എടുത്തുകൊണ്ടു പടകുളത്തിലേക്കു പോകുന്നു.)

(തുടരും)




## ഒരു തെററിദ്ധാരണ

ആകയാൽ ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധരും പ്രിയപ്പെട്ടവരും എന്നപോലെ മനസ്സലിവും, കൃപയും, ദയയും, വിചാരത്തിൻെറ വിനയവും സൗമ്യതയും ദീർഘശാന്തതയും ധരിക്കുവിൻ. നിങ്ങൾ അന്യോന്യം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുവിൻ. ഒരുത്തന് തൻെറ കൂട്ടുകാരനോട് വഴക്കുണ്ടെങ്കിൽ മിശിഹാ നിങ്ങളോട് ക്ഷമിച്ചതു് എങ്ങനെയോ അങ്ങനെതന്നെ ക്ഷമിക്കുവിൻ. ഇവയൊക്കെയോടുംകൂടി പരിപൂർണ്ണതയുടെ ബന്ധമായ സ്നേഹം സംരക്ഷിക്കുവിൻ. നിങ്ങൾ ഏകശരീരമായി ഏതിനായിട്ട് വിളിക്കപ്പെട്ടിരിക്കുന്നുവോ മിശിഹായുടെ ആ സമാധാനം നിങ്ങളുടെ ഹൃദയങ്ങളെ ഭരിക്കട്ടെ. മിശിഹായെ, അവൻെറ വചനം സകല ജ്ഞാനത്തിലും ധാരാളമായി നിങ്ങളിൽ വസിക്കുവാൻവേണ്ടി, സ്തുതിക്കുവിൻ. സങ്കീർത്തനങ്ങളാലും, സ്തുതികളാലും, ആത്മീയഗീതങ്ങളാലും നിങ്ങളെത്തന്നെ പഠിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുവിൻ. നന്ദിയോടുകൂടി നിങ്ങളുടെ ഹൃദയങ്ങൾകൊണ്ടു് ദൈവത്തിനു് സ്തോത്രം പാടുവിൻ. വാക്കുമൂലമോ പ്രവൃത്തിമൂലമോ നിങ്ങൾ ചെയ്യുന്നതൊക്കെയും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ചെയ്യുവിൻ. അവൻമുഖേന പിതാവായ ദൈവത്തെ സ്തുതിക്കുവിൻ. (ദെനഹ 5-ാം ഞായർ; ലേഖനം: കൊലൊ. III, 12—17)

പരസ്നേഹം (Charity) എന്ന പദം വളരെയധികം ഉപയോഗിക്കപ്പെടുന്ന—അല്ലെങ്കിൽ ദുരുപയോഗിക്കപ്പെടുന്ന—ഒരു കാലഘട്ടമാണു് ഇതു്. പരസ്നേഹം, പരോപകാരം, സാധുസംരക്ഷണം എന്നിവയെപ്പററിയുള്ള നെടുനീളൻ പ്രസംഗങ്ങളും കരൾകുളിർപ്പിക്കുന്ന കർമ്മപരിപാടികളും എവിടെയും ഉൽഘോഷിക്കപ്പെടുന്നതായി കേൾക്കാം. അനാഥശാലകൾ, ആതുരാലയങ്ങൾ, അഗതിമന്ദിരങ്ങൾ, ധർമ്മപ്പിരിവുകൾ, സാധുസംരക്ഷണസംഘങ്ങൾ, സേവാസദനങ്ങൾ എന്നിവയെപ്പററി നാം ധാരാളം കേൾക്കുകയും വായിക്കുകയും ചെയ്യുന്നു; സാധുസംരക്ഷണത്തിനായി പാട്ടുകച്ചേരികളും, നാടകങ്ങളും, സിനിമയും, ചന്തയും, കൊടിവില്പനയുംമററും ഗാംഭീരമായ ത്തോതിൽ നടത്തപ്പെടുകയും ചെയ്യുന്നു. ഇവയെല്ലാം വളരെ നല്ലതുതന്നെ. എന്നാൽ പലരും ഇക്കാര്യത്തിൽ വലിയൊരു തെററിദ്ധാരണ വെച്ചുപുലർത്താൻ ഇടവരുന്നതു വളരെ ശോചനീയമാണു്. മതം എന്നു പറയുന്നതു് പരോപകാരത്തിൻെറ ഒരു രൂപം മാത്രമാണെന്നു് അവർ ധരിച്ചുപോകുന്നു. അയായതു്, കുറച്ചു് ദാനധർമ്മം കൊടുക്കുക എന്നുള്ളതിലാണു് അവരുടെ മതം മുഴുവനും അടങ്ങിയിരിക്കുന്നതു്. ശാരീരികമായ പരോപകാരപ്രവൃത്തികളിൽ ചിലതുമാത്രമേ അതു വഴിയായി നിർവ്വഹിക്കപ്പെടുന്നുള്ളു എന്നുള്ളതു് അവർ സ്മരിക്കുന്നില്ല. തൽഫലമായി, പരോപകാരസ്ഥാപനങ്ങളിലേക്കും ധർമ്മപ്പിരിവിലേക്കും ഉദാരമായ സംഭാവനകൾ ഇടയ്ക്കിടെ നൽകിക്കൊണ്ടിരിക്കുന്ന അനേകംപേർ അവരുടെ മതപരമായ ജീവിതം അതുകൊണ്ടവസാനിച്ചുവെന്നു വിചാരിക്കുന്നു. രഹസ്യവും പരസ്യവുമായ മററു ജീവിതതുറകളിലെല്ലാം അവർ സാന്മാർഗ്ഗികവശം തീരെ അവഗണിച്ചുകളകയും ചെയ്യുന്നു. പരസ്നേഹത്തിനു് കടകവിരുദ്ധങ്ങളായ പ്രതികാരമനസ്ഥിതി ആളിക്കത്തുന്ന വിദ്വേഷം, വ്യഭിചാരം, ബിസിനസ്കാര്യങ്ങളിൽ അനീതികൾ അമിതലാഭങ്ങൾ—ഇവയെല്ലാം അവർ നിസ്സങ്കോചം സ്വാഗതമരുളുന്നു. വി. പൗലോസിൻെറ വാക്യങ്ങൾ അവർ പ്രത്യേകം സ്മരിക്കട്ടെ: "ഞാൻ മനുഷ്യരുടേയും മാലാഖമാരുടേയും സകല ഭാഷകളിലും സംസാരിച്ചാലും എന്നിൽ സ്നേഹമില്ലെങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പോ ചിലമ്പുന്ന കൈത്താളമോ ആയിപ്പോകും.... ...ഞാൻ എനിക്കുള്ളതെല്ലാം ദരിദ്രർക്കു് ഭക്ഷിക്കുവാൻ കൊടുത്താലും ദഹിപ്പിക്കപ്പെടുവാനായി എൻെറ ശരീരം ഏല്പിച്ചാലും എന്നിൽസ്നേഹമില്ലെങ്കിൽ എനിക്കു് ഒരു പ്രയോജനവുമില്ല" (1. കൊറി. XIII)

പരസ്നേഹത്തിനു് ഉണ്ടായിരിക്കേണ്ട കാതലായ ചില ഗുണങ്ങളെപ്പററി ഇന്നത്തെ ലേഖനത്തിൽ വി. ശ്ലീഹാ പ്രതിപാദിക്കുന്നുണ്ടു്: "... ...മനസ്സലിവും, കൃപയും, ദയയും, വിചാരത്തിൻെറ വിനയവും, സൗമ്യതയും, ദീർഘശാന്തതയും ധരിക്കുവിൻ. നിങ്ങൾ അന്യോന്യം സഹിക്കുകയും ക്ഷമിക്കുകയും ചെയ്യുവിൻ. ഒരുത്തന് തൻെറ കൂട്ടുകാരനോടു വഴക്കുണ്ടെങ്കിൽ മിശിഹാ നിങ്ങളോടു ക്ഷമിച്ചതു് എങ്ങനെയോ അങ്ങനെതന്നെ ക്ഷമിക്കുവിൻ." ക്ഷമയുടേയും ശത്രുസ്നേഹത്തിൻേറയും വിശിഷ്ടങ്ങളായ തത്വങ്ങളാണു് വി. ശ്ലീഹാ നമുക്കു കാണിച്ചുതരുന്നതു്. ഒരു ക്രിസ്ത്യാനി തൻെറ അയൽക്കാരനെ സ്നേഹിക്കണം; ശത്രുക്കളേയും സ്നേഹിക്കണം. ഇതു കൂടിയേ കഴിയൂ; അല്ലെങ്കിൽ അവൻ ക്രിസ്ത്യാനിയെന്ന പേരിനു് ഒരിക്കലും അർഹനല്ല. "ഒരു പുതിയ പ്രമാണം നിങ്ങൾക്കു ഞാൻ തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ പരസ്പരം സ്നേഹിക്കുവിൻ. ഇതുവഴിയായി നിങ്ങൾ എൻെറ ശിഷ്യന്മാരാണെന്നു് ലോകം അറിയും." ഗിരിപ്രഭാഷണത്തിലെ സുപ്രസിദ്ധമായ ഒരു ഭാഗവും ഇവിടെ ഉദ്ധരണീയമാണു്: "നിൻെറ അയൽക്കാരനെ സ്നേഹിക്കുക, നിൻെറ ശത്രുവിനെ ദ്വേഷിക്കുക എന്നു പറയപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിക്കുവിൻ. നിങ്ങളെ ശപിക്കുന്നവനെ അനുഗ്രഹിക്കുവിൻ. നിങ്ങളെ ദ്വേഷിക്കുന്നവർക്കു നന്മ ചെയ്യുവിൻ. നിങ്ങളെ ബലത്താൽ കൊണ്ടുപോകയും പീഡിപ്പിക്കയും ചെയ്യുന്നവർക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുവിൻ. ഇതു് നിങ്ങൾ, ശിഷ്ടന്മാരുടെമേലും ദുഷ്ടന്മാരുടെമേലും തൻെറ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തൻെറ മഴ പെയ്യിക്കയും ചെയ്യുന്ന സ്വർഗ്ഗത്തിലുള്ള നിങ്ങളുടെ പിതാവിൻെറ പുത്രന്മാരായിത്തീരേണ്ടതിനുതന്നെ." ഇതിനുമുമ്പു് കേട്ടുകേൾവിപോലുമില്ലാത്ത ഒരു തത്വം—ശത്രുക്കളോടു ക്ഷമിക്കയും അവരെ സ്നേഹിക്കയും ചെയ്യണമെന്നുള്ള വിശിഷ്ട തത്വം—ക്രിസ്തു തൻെറ ശിഷ്യന്മാരുടെ ഒരു പ്രത്യേകാടയാളമായി നിർദ്ദേശിച്ചു. ശ്ലീഹന്മാരും ആദിമക്രിസ്ത്യാനികളും ഈ തത്വത്തെ ഉൽകൃഷ്ടമായ രീതിയിൽ തങ്ങളുടെ ജീവിതത്തിലേക്കു പകർത്തിക്കാണിച്ചു. "നോക്കുക, ഈ ക്രിസ്ത്യാനികൾ എത്രയധികം തമ്മിൽതമ്മിൽ സ്നേഹിക്കുന്നു!" എന്നു് അക്രൈസ്തവർ വിസ്മയഭരിതരായി പ്രസ്താവിച്ചിരുന്നുവല്ലൊ.

വിശ്രുതനായ ഒരു ചിത്രകാരൻ "ഒടുവിലത്തെ അത്താഴ"ത്തിൻെറ ഒരു ചിത്രം വരയ്ക്കുകയായിരുന്നു. യൂദാസിൻെറ ചിത്രം വരയ്ക്കുവാനായി അയാൾ അവലംബിച്ച മാതൃക അയാളുടെ ഒരു ശത്രുവിൻേറതായിരുന്നു; ആ മനുഷ്യൻെറ നേരെ ഒടുങ്ങാത്ത വിദ്വേഷം അയാളിൽ ഊറിക്കിടന്നിരുന്നു. തന്നിമിത്തം ആ ശത്രുവിനോടുള്ള പകപോക്കുവാനായി ആ ചിത്രത്തെ അയാൾ നല്ലതുപോലെ ഉപയോഗിച്ചു. പാടുള്ളവിധത്തിലെല്ലാം ആ യൂദാസിനെ വികൃതവും ബീഭത്സവുമായി ചിത്രീകരിച്ചുകൊണ്ടു് അയാൾ കൃതകൃത്യനായി; ലോകം മുഴുവനും തൻെറ ശത്രുവിൻെറ വികൃതരൂപം ദർശിക്കുമല്ലോ. അതിനുശേഷം അയാൾ

> ## പള്ളിസാമാനങ്ങൾ
>
> പിച്ചളകത്തിസാൾ, ഫ്ളവർവാസു്, കാസ, കുസ്തോദി, അരുളിക്ക, മുത്തുക്കുട തുടങ്ങിയുള്ള സാമാനങ്ങളും, മെഴുകുതിരിയും
>
> എറണാകുളത്തുള്ള മൂക്കന്നൂർ അനാഥശാല ഡിപ്പോയിൽ കിട്ടുന്നതാണു്.

ക്രിസ്തുവിനെ വരയ്ക്കുവാൻ തുടങ്ങി; എന്നാൽ അങ്ങേ തിരുമുഖത്തെ ചിത്രീകരിക്കുവാൻ അയാൾക്കു സാധിച്ചില്ല. അതിനായി ശ്രമിച്ചു ഓരോതവണയും അയാൾക്കു അതു തുടരുവാൻ സാധിക്കാതെവന്നു. മററു ശ്ലീഹന്മാരുടെ ചിത്രങ്ങളെല്ലാം വരച്ചുകഴിഞ്ഞു. അങ്ങനെ ക്രിസ്തുവിനെക്കൂടാതെ ആ ചിത്രം പൂർത്തിയായി. ചിത്രകാരൻ നിരാശയിലാണ്ടു. ഒരു ദിവസം അയാളുടെ ചിത്രാലയം സന്ദർശിക്കുവാനായി ഒരു ഫ്രാൻസിസ്കൻ സന്യാസി വന്നു. ശത്രുവിനോടു ഹൃദയപൂർവ്വം ക്ഷമിക്കാതിരിക്കയും ഉള്ളിൽ വിദ്വേഷംവച്ചുപുലർത്തുകയും ചെയ്യുന്നവനിൽ ക്രിസ്തുവിൻെറ സാദൃശ്യം—പ്രസാദവരജീവൻ—ഒരിക്കലും ഉണ്ടാകയില്ലെന്നു് ആ മനിശ്രേഷ്ഠൻ അയാളെ ഉപദേശിച്ചു. ചിത്രകാരനു് കാര്യം മനസ്സിലായി. അയാൾ തൻെറ ശത്രുവിനോടു പൂർണ്ണഹൃദയത്തോടെ ക്ഷമിക്കയും, യൂദാസിൻെറ മുഖഭാവം പാടേ മാററിക്കളകയുംചെയ്തു. അതിനുശേഷം അയാൾക്കു ക്രിസ്തുവിൻെറ ഒരു മനോഹരചിത്രം വരയ്ക്കുവാൻ സാധിച്ചു; ആ ക്രിസ്തു ഇന്നും കലാലോകത്തിൻെറ അത്ഭുതവിഷയമായി പരിലസിക്കുന്നു.... ...തൻെറ സഹോദരനെ സ്നേഹിക്കാത്തവനിൽ ദൈവസ്നേഹം എങ്ങനെ കുടികൊള്ളും എന്നു് വി. യോഹന്നാൻ ചോദിക്കുന്നു. വിദ്വേഷത്തിനും ക്രിസ്തുവിനും ഒരു ഹൃദയത്തിൽ ഒരേസമയത്തു് സ്ഥാനമനുവദിക്കുക സാദ്ധ്യമല്ല. "തെററുചെയ്യുകയെന്നതു് മാനുഷികമാണു്, എന്നാൽ ക്ഷമിക്കുകയെന്നതു് ദൈവികമാണു്" എന്ന പഴമൊഴി പ്രത്യേകം സ്മർത്തവ്യമാണു്.

മിശിഹാ നമ്മോടു ക്ഷമിച്ചതുപോലെ നാം നമ്മുടെ ശത്രുക്കളോടു ക്ഷമിക്കണമെന്നു വി. പൗലോസ് നമ്മെ ഉൽബോധിപ്പിക്കുന്നു. "പിതാവേ, ഇവരോടു ക്ഷമിക്കേണമെ, എന്തുകൊണ്ടെന്നാൽ തങ്ങൾ ചെയ്യുന്നതെന്താണെന്നു് ഇവർ അറിയുന്നില്ല" എന്നാണല്ലോ ക്രിസ്തുനാഥൻ തന്നെ കുരിശിൽ തറച്ചവർക്കുവേണ്ടി പ്രാർത്ഥിച്ചതു്. ഇതുതന്നെയാണു് നമുക്കും അനുകരണീയം. നമ്മുടെ ഹൃദയത്തിൻെറ ഉള്ളറകളിൽ ആരുടെ നേരെയെങ്കിലും വിദ്വേഷം ഊറിക്കിടക്കുന്നുണ്ടോ? "ഹെയ്, എനിക്കു അവനോടു യാതൊരു വിരോധമോ വഴക്കോ ഇല്ല" എന്നു ചുണ്ടുകൾകൊണ്ടു പറയുമ്പോൾ അതിൽ ആത്മാർത്ഥതയുണ്ടോ എന്നു ഹൃദയാടിത്തട്ടുകൾ പരിശോധിച്ചറിയണം. "അയ്യോ. ഞാനെങ്ങനെയാണു് ക്ഷമിക്കുക? അത്രയധികം അവൻ എന്നെ ഉപദ്രവിച്ചിട്ടില്ലേ?" എന്നു ചിലർ പറയും. എന്നാൽ ക്രിസ്തു തൻെറ ഘാതകരായ നമ്മോടു ക്ഷമിച്ചതുപോലെ നമ്മെ ഉപദ്രവിക്കുന്നവരോടു നമ്മളും ക്ഷമിച്ചേ കഴിയൂ. അതിലാണു ക്രൈസ്തവത്വം അടങ്ങിയിരിക്കുന്നതു്. ദിവസേന കുർബാനയും, ദിവ്യകാരുണ്യസ്വീകരണവും, കൊന്തയും കാഴ്ചവയ്പും കുറെ സംഭാവനകൾ നൽകയും ചെയ്തതുകൊണ്ടുമാത്രം ഒരുവൻ ക്രൈസ്തവനാകുന്നില്ല. ഉപവിയുടെ കന്യാസ്ത്രികളിൽ രണ്ടുപേർ ആസ്പത്രിയിലേക്കു പോകുമ്പോൾ വഴിയിൽവെച്ചു ഒരു മതവിദ്വേഷി അവരെ അധിക്ഷേപിക്കയും ശകാരിക്കയും മററും ചെയ്തു. കുറെനാൾ കഴിഞ്ഞപ്പോൾ അയാൾക്കു കോളറ ബാധിക്കയാൽ ആസ്പത്രിയെ ശരണം പ്രാപിക്കേണ്ടിവന്നു. എന്നാൽ, സ്ഥലമില്ലെന്നു പറഞ്ഞു് ആസ്പത്രിയിലെ മേലധികാരി അയാളെ സ്വീകരിച്ചില്ല. അയാൾ അധിക്ഷേപിച്ചവരിൽ ഒരു കന്യാസ്ത്രീ ഈ സംഭവഗതികളെല്ലാം മനസ്സിലാക്കിയപ്പോൾ അയാളെ വരാന്തയിൽത്തന്നെ ഒരു കോണിൽ കിടത്തി സസ്നേഹം ശുശ്രൂഷിക്കുവാൻ തുടങ്ങി. മൂന്നുദിവസംകൊണ്ടു് രോഗത്തിനു് ശമനംകിട്ടി. എന്നാൽ നാലാംദിവസം വേറൊരു നഴ്സ് തന്നെ ശുശ്രൂഷിക്കുന്നതായി കണ്ടപ്പോൾ "ഇതുവരെ എന്നെ ശുശ്രൂഷിച്ച ആ കന്യാസ്ത്രീ എവിടെ?" എന്നു് അയാൾ ചോദിച്ചു. "ആ ബ. സഹോദരി കോളറ ബാധിച്ചു് ഇന്നലെ മരിച്ചുപോയി." എന്നായിരുന്നു അതിനുള്ള മറുപടി! നോക്കുക, ശത്രുസ്നേഹത്തെപ്രതി ജീവൻപോലും ബലികഴിക്കുന്ന മഹാത്മ്യം!


(ജെ. ചെമ്മണൂർ)

## അറിയിപ്പ്

ഇരുമ്പയം, വെള്ളൂർ, മേവെള്ളൂർ എന്നി സ്ഥലങ്ങളിലെ സത്യദീപത്തിൻെറ ഏജൻസിയായി മേവെള്ളൂർപള്ളിയിലെ സൊഡാലിററി ബാലസംഘത്തെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം





ഇടത്തേ അററത്തായി കാണുന്നതു് വളരെ പുരാതനമായ ഒരു വർണ്ണസ്ഫടികപാത്രമാണു്. സെൻറു് പീററേഴ്സ് ബസിലിക്കായുടെ അടിഭാഗത്തുള്ള ഗ്രോട്ടോകൾ തുരന്നു ഗവേഷണം നടത്തിയ അവസരത്തിൽ ലഭിച്ച അനവധി കലാപരമായ വസ്തുക്കളിൽ ഒന്നാണിതു്.

മദ്ധ്യത്തിൽ: സെൻറ് പീററേഴ്സ് ബസിലിക്കായുടെ മേൽനോട്ടം വഹിക്കുന്ന മോൺസിഞ്ഞോർ ലുദ്വിഗ്കാസ് മനോഹരമായ കെയ്താനി കല്ലറയിൽ ഭൗതികാവശിഷ്ടങ്ങൾ നിറച്ചിരിക്കുന്ന ഒരു പാത്രം പരിശോധിക്കുന്നു.

ഒടുവിലായി കാണുന്നതു്, വി. പത്രോസിൻെറ ശവകുടീരം ഖനനംചെയ്തപ്പോൾ കണ്ടെത്തിയ ചില മൃഗങ്ങളുടേയും മററും ചിത്രങ്ങളാണു്. അവ പൗരാണികരുടെ കലാവാസനയെ പ്രതിബിംബിപ്പിക്കുന്നുണ്ടു്.

# ഉററവരും ഉടയവരും

(ജയിംസ് കെ. സി. മണിമല)

മനുഷ്യജീവിതത്തിൽ ഒരിക്കലും മായാത്ത ചില മനോഹരചിത്രങ്ങളുണ്ട്—മറക്കാനും മറയ്ക്കാനും നിവൃത്തിയില്ലാത്ത മധുരസ്മരണകൾ. ഉററ ബന്ധുക്കളോടുള്ള ഹൃദയസ്പൃക്കായ ആത്മബന്ധത്തെ ആക്രാന്തവശഗമാക്കുവാൻ സാധിക്കുകയില്ല? ലോകജീവിതത്തിന്റെ ധർമ്മം മുഴുവൻ വികസിച്ചുനില്ക്കുന്നതു സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള ഹൃദയത്തിന്റെ പ്രവണതകളിലാണ്. ആരെയെങ്കിലും അല്ലെങ്കിൽ എന്തിനെയെങ്കിലും സ്നേഹിക്കാത്ത ഒരൊററ വ്യക്തി



പോലും ലോകത്തിലില്ല തന്നെ. നമ്മുടെ ശ്വാസധാരയിലും പദവിന്യാസത്തിലുമൊക്കെ ഏതെങ്കിലും ഒരു സ്നേഹത്തിന്റെ നിഗൂഢലക്ഷ്യം ലയിച്ചുചേർന്നിട്ടുണ്ടായിരിക്കും.

പക്ഷെ സമസ്തലൗകികബന്ധങ്ങളെയും തകർക്കുന്ന ഒരു ഭയങ്കരവിനാഴികയുണ്ട്. അതോർമ്മിക്കുമ്പോഴാണു ഹൃദയത്തിനു് ഒരു വല്ലാത്ത നടുക്കം. ജീവിതത്തിലെ മട്ടുപ്പാവിൽ വിറകുവിരിച്ചു നിന്ന കവിയുടെ ഭാവന ആ ഭയങ്കരതയോടു ചോദിക്കുന്നു:

"മരണമേ! തവ ശൂന്യതമസ്സിനെ-
ശ്ശരണമാക്കുവതെങ്ങനെയാണഹോ
കിരണമാലിയൊഴുക്കിയ തങ്കനീർ
തിരളുമിയുഷകത്തെ വെടിഞ്ഞു ഞാൻ."

എന്നാൽ ആ ഭാവഗംഭീരൻ ഉത്തരമൊന്നും പറയുകയില്ല. ഹൃദയശൂന്യതയുടെ മൂർത്തീകരണമായ ആ നിർദ്ദയൻ ഏതു വലിയ സ്നേഹബന്ധത്തെയും വെട്ടിപ്പൊട്ടിക്കുന്നു. അനേകായിരം രാഷ്ട്രങ്ങൾ കീഴടക്കുന്ന സാർവ്വഭൗമന്മാർക്കും ആറടിമണ്ണിൽ കൂടുതൽ അവൻ നല്കുകയില്ല. ഏതു സൗന്ദര്യപുഞ്ജത്തെയും നിർദ്ദയമായി തിന്നൊടുക്കുവാൻ ആ "രാക്ഷസന്" മടിയില്ല. നാലഞ്ചു കണ്ണുനീർത്തുള്ളികൾ അവിടെ വാരിയെറിഞ്ഞിട്ടു് എല്ലാവരും പിന്തിരിഞ്ഞുകളയും. പിന്നെ ആരും അങ്ങോട്ടു തിരിഞ്ഞുനോക്കാറില്ല. പുതിയ പുതിയ സ്നേഹബന്ധങ്ങൾക്കായി ലോകം പിന്നെയും പിന്നെയും വെമ്പൽ കൊള്ളുകയാണ്.

ശവക്കുഴിക്കപ്പുറത്തൊരു ജീവിതമുണ്ടെന്നു വിശ്വസിക്കുന്ന ഒരു കത്തോലിക്കനും ഈ നീചതന്നെ അവലംബിക്കുകയോ? അതെത്ര വലിയ ആദർശവൈരുദ്ധ്യമായിരിക്കും?

ഒരു വ്യക്തിയുടെ ശവമഞ്ചത്തോടൊന്നിച്ചു മാറോടുചേർക്കൊള്ളുന്നതു് അയാളുടെ നിത്യജീവിതത്തിന്റെ പടിവാതിൽ ഉറക്കപ്പെടുന്ന ശബ്ദമാണെന്നു നാം വിശ്വസിക്കുന്നു. ഒരു നീണ്ട പെട്ടിയിൽ അടച്ചുമൂടി വിതൽപ്പുറത്തിലേക്കു നാം തള്ളിക്കളയുന്നതു നമ്മുടെ ഉററവരെയാണ്; ഉടയവരെയാണ്. ആ ഒളിമങ്ങിയടഞ്ഞ കണ്ണുകൾ നമ്മെ എത്രതവണ സ്നേഹപൂർവ്വം വീക്ഷിച്ചിട്ടില്ല. നമ്മുടെ ജീവിതസുഖത്തിനുവേണ്ടി എന്തെന്തു ജാഗ്രതയും അവധാനതയും അവ പ്രദർശിപ്പിച്ചിട്ടില്ല?

ആ വിളറിവിറങ്ങലിച്ച ചുണ്ടുകളിൽനിന്നു നാം എത്രയെത്ര മധുരചുംബനങ്ങൾ വാങ്ങിയിട്ടില്ല? നമ്മുടെ അനക്ഷരങ്ങൾ എത്രയോതവണ അവ തിരുത്തിത്തന്നിട്ടില്ല?

ആ മരവിച്ചു നിശ്ചേഷ്ടമായിക്കിടക്കുന്ന കൈകൾ എന്തെന്തു ഘോരാദ്ധ്വാനങ്ങൾ ചെയ്തിട്ടില്ല? എത്ര കഷ്ടപ്പാടുകളുടെ മുള്ളുകൾ നമ്മുടെ വഴിത്താരയിൽനിന്നു പെറുക്കി നീക്കിയിട്ടില്ല?

ആ നീണ്ടുനിവർന്ന നിത്യതയിലേക്കു പെരുവഴിയിലേക്കു നീങ്ങിയിരിക്കുന്ന പാദങ്ങൾ നമുക്കുവേണ്ടി എത്രയധികം പാഴ്വഴിത്താരകൾ ചവിട്ടിത്തള്ളിയതല്ല? എത്ര വഴിക്കല്ലുകൾ തട്ടി മുറിവു പററിയതല്ല?

ആ ചൈതന്യമററ ജഡത്തിനുള്ളിൽ നിഷ്പന്ദമായിരിക്കുന്ന ഹൃദയം ആർക്കുവേണ്ടിയാണ് ആവേശപൂർവ്വം തുടിച്ചിരുന്നതു്?


മക്കളേ, സഹോദരങ്ങളേ, ബന്ധുക്കളേ, സുഹൃത്തുക്കളേ, ശിഷ്യവൃന്ദങ്ങളേ! ഒന്നി ചോദ്യങ്ങൾക്കു മറുപടി നല്കുവാൻ നിങ്ങൾ തയ്യാറുണ്ടോ? ഉണ്ടെങ്കിൽ എഴുന്നേല്ക്കുവിൻ, നമുക്കു ശ്മശാനഭൂമിയിലേക്കു പോകാം.

ശവശരീരങ്ങൾ നിറഞ്ഞു ചൈതന്യമററ ആ സ്ഥലം ദേവാലയത്തിനടുത്തു ശാന്തമൂകമായി സ്ഥിതിചെയ്യുന്നു. തലയോടുകളും അസ്ഥിക്കഷണങ്ങളും തിന്നൊടുക്കുന്ന ഒരഗാധഗർത്തവും!

നമുക്കുററവരും ഉടയവരുമായവരിടെ നിത്യനിദ്രകൊള്ളുന്നതു്. ആ മണ്ണിൽ നമ്മുടെ പാദങ്ങൾ സ്പർശിക്കുമ്പോൾത്തന്നെ ആ അസ്ഥിമാടങ്ങൾ സ്പന്ദിക്കുന്നുണ്ടാവാം. മൂകമായ ആ വായുമണ്ഡലത്തിലെ അലമാലകളിലൂടെ ഒരലിവിത സന്ദേശം വ്യാപിക്കുന്നുണ്ടു്—"നിങ്ങൾ ഞങ്ങളെ വിസ്മരിച്ചോ? ..."

"ഇല്ല, തീർച്ചയായും നമുക്കതു സാദ്ധ്യമല്ല. നാം അത്ര കൃതഘ്നരാണോ? തങ്ങളുടെ ജീവിതത്തിൽ നമുക്കു് എണ്ണമററ നന്മകൾ ചെയ്ത ആ ഉപകർത്താക്കളെ എങ്ങനെ മറന്നുകളയാൻ സാധിക്കും?

അതുകൊണ്ടാണു തിരുസ്സഭ നവംബർ മാസത്തിൽ സ്വസന്താനങ്ങളെ ശ്മശാനഭൂ



Ittyerah Joseph, Trivandrum

വിലെ ഏകാന്തതയിലേക്കു പറഞ്ഞയക്കുന്നതു്. മൺമറഞ്ഞ സ്നേഹഭാജനങ്ങൾക്കായി ഒരു സുകൃതോപഹാരമെങ്കിലും സമർപ്പിക്കണമെന്നനുശാസിക്കുന്നതു്. നിർമ്മലമായ സ്നേഹതന്തുക്കളാൽ ബന്ധിതരായിട്ടുള്ളവർ മരണത്തിനപ്പുറത്തുള്ള നീണ്ടവഴിയിൽ തങ്ങളുടെ സുഹൃത്തുക്കളെ ഉപേക്ഷിക്കുകയില്ല.

അവരിൽ പലരും വിൺമലർക്കാവിലേക്കു് ഇനിയും പറന്നേറിയിട്ടില്ലായിരിക്കും. പാപത്തിന്റെ കൊടുംഭാരങ്ങൾ ആ മൃദുലപക്ഷങ്ങളിൽ തൂങ്ങുന്നുണ്ടാവാം. ഇരുണ്ടചുരുണ്ടധൂമതിരസ്കരണികൾ നിത്യഭാഗ്യത്തിന്റെ ദിവ്യവെളിച്ചത്തെ അവരിൽനിന്നു മറയ്ക്കുകയാവാം. എണ്ണമററ പാപബന്ധങ്ങളുടെ കടുംകുരുക്കിൽക്കിടന്നു വീർപ്പുമുട്ടുന്ന ആ നിസ്സഹായർക്കുവേണ്ടി ഈ മാസത്തിൽ ദൈനന്ദിനം ഒരു സൽകൃത്യമെങ്കിലും നമുക്കു നിയോഗിക്കാം സുഖജീവിതത്തിലേക്കു പറന്നുകലരുന്ന നമ്മുടെ ഹൃദയത്തിന്റെ മുമ്പിൽ ആ യാതനാകലുഷിതരുടെ മായാത്ത ചിത്രംകൂടെ വച്ചുകൊള്ളണം. മൺമറഞ്ഞുപോയ അവർക്കുവേണ്ടി നാം ഒന്നും ചെയ്യുന്നില്ലെങ്കിൽ അവർ നമുക്കാരുമല്ലതന്നെ. അവർ ജീവിച്ചിരുന്നപ്പോഴത്തെ നമ്മുടെ സ്നേഹപ്രകടനങ്ങളെല്ലാം വെറും കാപട്യത്തിന്റെ അരങ്ങേററമായിരിക്കും. ഹാ എങ്കിൽ നാം ക്രിസ്തുവിന്റെ പരസ്നേഹത്തിന്റെ നാരായവേരിനല്ലേ കോടാലിവയ്ക്കുന്നതു്! ആകയാൽ സുഹൃത്തുക്കളേ, എഴുന്നേല്ക്കുവിൻ. നമുക്കു ശ്മശാനത്തിലേക്കുപോകാം.

## അഭ്യർത്ഥന

മാന്യരെ,

അടുത്തുവരുന്ന പൊതുതെരഞ്ഞെടുപ്പിൽ "കുമാരമംഗലം" നിയോജകമണ്ഡലത്തിൽനിന്നു തിരു-കൊച്ചി നിയമസഭയിലേക്കു ഞാൻ ഒരു സ്വതന്ത്രസ്ഥാനാർത്ഥിയായി നിൽക്കുന്നുവെന്നുള്ള വിവരം പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. നിങ്ങളുടെ വോട്ടും മററു സഹായസഹകരണങ്ങളും എനിക്കു നൽകണമെന്നു വിനീതമായി അഭ്യർത്ഥിച്ചുകൊള്ളുന്നു.

തൊടുപുഴ,
22-10-51

എന്നു്
പാടത്തിൽ ഉതുപ്പ് കുഞ്ഞാക്കോ B. A.

വേദശാസ്ത്രപംക്തി

## അന്ത്യലേപനം

പാരമ്പര്യോപദേശത്തിന്റെ വെളിച്ചത്തിൽ

അന്ത്യലേപനം ഈശോമിശിഹാ സ്ഥാപിച്ച ഒരു കൂദാശയാണെന്നു വി. യാക്കോബിന്റെ ലേഖനത്തിലെ ഒരു ഭാഗം ഉദ്ധരിച്ചു് നേരത്തെ തെളിയിച്ചതാണല്ലോ. "പാരമ്പര്യോപദേശ"ത്തിലും ഈ കൂദാശയെ പരാമർശിക്കുന്ന പ്രസ്താവങ്ങളുണ്ടു്.

എന്നാൽ ആദിമശതകങ്ങളിൽ ഈ കൂദാശയെപ്പററി അധികം പ്രസ്താവിച്ചു കാണുന്നില്ല. അതിനു കാരണവും ഇല്ലാതില്ല. അക്കാലത്തെ ക്രിസ്തുമതോപദേശഗ്രന്ഥങ്ങളിൽ ഭൂരിഭാഗവും ജ്ഞാനസ്നാനം സ്വീകരിക്കുന്നതിനു് സന്നദ്ധരായി വന്ന "വേദാർത്ഥികളേ"യൊ അടുത്തകാലത്തു ജ്ഞാനസ്നാനം സ്വീകരിച്ചവരായ നവക്രൈസ്തവരേയൊ ഉദ്ദേശിച്ചു് രചിക്കപ്പെട്ടവയാണ്. അത്തരം കൃതികളിൽ ജ്ഞാനസ്നാനത്തേയും തദനന്തരം നല്കപ്പെടുന്ന കൂദാശകളെയുംപററിയാണു കൂടുതൽ പ്രസ്താവിച്ചുകാണുന്നതു്. അന്ത്യലേപനം സംബന്ധിച്ചു് സഭയുടെ നില എന്തെന്നു സുവ്യക്തവും ഖണ്ഡിതവുമായി അദ്ധ്യവസാനം ചെയ്യപ്പെട്ടിരിക്കുന്ന ഇക്കാലത്തുപോലും, ആ കൂദാശയെപ്പററി വളരെ ദുർലഭമായി മാത്രമേ—ആ ന്യൂനതയെ തീർച്ചയായും പരിഹരിക്കേണ്ടതാണ്—പ്രസംഗങ്ങളിലും ലിഖിതങ്ങളിലും പ്രതിപാദിക്കപ്പെടാറുള്ളു. ആ സ്ഥിതിക്കു് ആദിമശതകങ്ങളിൽ വളരെ വിരളമായി മാത്രമേ ഏതത്സംബന്ധമായ സാക്ഷ്യങ്ങൾ ലഭിക്കുന്നുള്ളുവെങ്കിൽ അതിൽ ആശ്ചര്യപ്പെടേണ്ടതില്ല. മാത്രമല്ല, മതവിരോധികളെക്കുറിച്ചുള്ള ഭയംനിമിത്തം അത്യാവശ്യപ്പെട്ടെങ്കിൽ മാത്രമല്ലാതെ കൂദാശകളെപ്പററി പരസ്യമായി പ്രതിപാദിക്കാറില്ലായിരുന്നുവെന്ന സംഗതിയും ഓർമ്മിക്കണം.

ഇങ്ങനെയെല്ലാമാണെങ്കിലും പുരാതനക്രൈസ്തവരേഖകളിൽ അന്ത്യലേപനത്തെപ്പററിയുള്ള പരോക്ഷവും പ്രത്യക്ഷവുമായ പല സാക്ഷ്യങ്ങളും കാണുവാൻ കഴിയുന്നതാണ്. നമുക്കു ലഭിച്ചിട്ടുള്ള അതിപുരാതനമായ ഒരു രേഖയാണു് "ഡിഡാക്കെ" അഥവാ പന്ത്രണ്ടു ശ്ലീഹന്മാരുടെ അദ്ധ്യാപനം എന്നകൃതി. അതിൽ ഇപ്രകാരം നാം വായിക്കുന്നുണ്ടു്: "ലേപനത്തിന്റെ കാര്യത്തിൽ ഏവംവിധം കൃതജ്ഞത പ്രകാശിപ്പിക്കുക: ഞങ്ങളുടെ പിതാവേ, അങ്ങേ പുത്രനായ ഈശോവഴി ഞങ്ങൾക്കു കാണിച്ചുതന്ന ലേപനത്തെപ്രതി അങ്ങേക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേക്കു് അനവരതം സ്തുതിയുണ്ടായിരിക്കട്ടെ. ആമ്മേൻ."

354-ൽ നിര്യാതനായ ഒറിജെൻ എന്ന ക്രൈസ്തവഗ്രന്ഥകാരൻ പശ്ചാത്താപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും ആവശ്യകതയെക്കുറിച്ചും തൽസംബന്ധമായ നടപടികളെക്കുറിച്ചും പ്രതിപാദിച്ചശേഷം അവയുടെയെല്ലാം പൂർത്തീകരണമായ അന്ത്യലേപനത്തെപ്പററി ഇപ്രകാരം പ്രസ്താവിക്കുന്നു: "അതിൽ യാക്കോബു് പറഞ്ഞ മറേറ സംഗതിയും പൂർത്തിയാക്കപ്പെടുന്നു: ആരെങ്കിലും രോഗിയായിരുന്നാൽ സഭയിലെ പുരോഹിതന്മാരെ വിളിക്കട്ടെ. കർത്താവിന്റെ നാമത്തിൽ തൈലത്താൽ അവനെ അഭിഷേകംചെയ്തുകൊണ്ടു് അവർ അവന്റെമേൽ കൈവയ്ക്കുകയുംചെയ്യട്ടെ. വിശ്വാസത്തോടുകൂടിയ പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തുകയും അവൻ പാപങ്ങളിലാണെങ്കിൽ അവ അവനോടു ക്ഷമിക്കപ്പെടുകയുംചെയ്യും."

407-ൽ നിര്യാതനായ വി. യോഹന്നാൻ ക്രിസോസ്തോമോസ് പുരോഹിതന്മാരെ മാതാപിതാക്കന്മാരോടു താരതമ്യപ്പെടുത്തിക്കൊണ്ടു് അവരെ അപേക്ഷിച്ചു് പുരോഹിതന്മാർക്കു് ഏററവും വലിയ ശ്രേഷ്ഠത്വം ഉണ്ടെന്നു പറയുന്നു. മാതാപിതാക്കന്മാർ ശാരീരികജീവൻ പ്രദാനംചെയ്യുമ്പോൾ പുരോഹിതന്മാർ ജ്ഞാനസ്നാനംവഴി ആദ്ധ്യാത്മികജീവൻ പ്രദാനംചെയ്യുന്നു. മാതാപിതാക്കന്മാർക്കു രോഗങ്ങളേയും മരണത്തേയും അകററിനിർത്തുവാൻ സാധിക്കയില്ല. എന്നാൽ പുരോഹിതന്മാർക്കാകട്ടെ ആത്മീയവ്യാധികളെ ദൂരീകരിക്കാൻ കഴിയുന്നതാണ്. പഠിപ്പിക്കയും ഉപദേശിക്കയും ചെയ്തുകൊണ്ടു മാത്രമല്ല ഇവരിതു സാധിക്കുന്നതു്; പ്രത്യുത, പ്രാർത്ഥനയാൽ സഹായിച്ചുകൊണ്ടുകൂടിയാണ്. "നമുക്കു ജ്ഞാനസ്നാനം നല്കുമ്പോൾ മാത്രമല്ല, അവരിതു നിർവ്വഹിക്കുന്നതു്: പ്രത്യുത, ജ്ഞാനസ്നാനശേഷവും പാപത്തിൽ ഉൾപ്പെട്ടാൽ അവയ്ക്കു മോചനം നല്കുവാൻ ഇവർക്കു കഴിയും. കാരണം, അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നതു് ഇങ്ങനെയാണല്ലോ: "നിങ്ങളിൽ ആരെങ്കിലും രോഗിയായിരുന്നാൽ സഭയിലെ പുരോഹിതന്മാരെ വിളിക്കട്ടെ.........."

417-ൽ നിര്യാതനായ വി. ഇന്നസെൻറ് 1-ാമൻ മാർപ്പാപ്പാ, 430-ൽ നിര്യാതനായ വി. ആഗസ്തീനോസ് തുടങ്ങി മററു പലരുടേയും സാക്ഷ്യങ്ങളും ഉദ്ധരിക്കാവുന്നതാണ്. വിസ്തരഭയത്താൽ അവ വിട്ടുകളയുന്നു. അന്ത്യലേപനം സഭാരംഭംമുതൽ പ്രയോഗത്തിലിരുന്ന ഒരു കൂദാശയാണെന്നു തെളിയിക്കുന്നതിനു മേലുദ്ധരിച്ച സാക്ഷ്യങ്ങൾ മതിയായിരിക്കുന്നു.




ആ നവദമ്പതികൾ മധുവിധുവിനായി പുറപ്പെട്ടതാണ്. തീവണ്ടിസ്റ്റേഷനിൽവച്ചു് ഭർത്താവു് ഒരു ടിക്കററ്മാത്രം വാങ്ങിക്കൊണ്ടുവന്നപ്പോൾ ഭാര്യ ആശ്ചര്യപ്പെട്ടു് കാരണമന്വേഷിച്ചു.

"ഓ! ഞാൻ എന്നെത്തന്നെ മറന്നുപോയി" എന്നാണു അതിനു യുവാവു് നല്കിയ മറുപടി.

* * *

തട്ടിൻമുകളിൽ ചായമടിച്ചിരുന്ന ജോലിക്കാരോടു് കുടുംബനായിക വിളിച്ചുചോദിച്ചു: "ചായപ്പണിക്കാരേ! നിങ്ങളാരും അവിടെയില്ലേ? സ്വരമൊന്നും കേൾക്കുന്നില്ലല്ലോ."

മറുപടി: "ചായം ചുററികകൊണ്ടു് അടിച്ചു കയററുകയല്ല ചെയ്യുന്നതു്."

* * *

"പാററപ്പാഷാണം ഉപയോഗിച്ചിട്ടു് പാററകൾ ധാരാളം ചത്തോ?"

"ഒരു നാഴിക മുഴുവൻ അതുകൊണ്ടു് എറിഞ്ഞിട്ടു് ഒരെണ്ണത്തിന്റെ ദേഹത്തുപോലും കൊണ്ടില്ല. ഇതിലുംഭേദം ഒരു കുററിച്ചൂലുകൊണ്ടു് അവയെ തല്ലിക്കൊല്ലുകയായിരുന്നു."

* * *

"എനിക്കു ഒരൊററ ദിവസംപോലും ഓഫീസിൽ പോകാതിരിക്കാൻ നിവൃത്തിയില്ല."

"നിങ്ങൾ ചെന്നില്ലെങ്കിൽ അവിടത്തെ കാര്യങ്ങളൊന്നും നടക്കയില്ലേ?"

"കാര്യങ്ങളൊക്കെ നടക്കും. പക്ഷേ മാനേജർ അതു മനസ്സിലാക്കരുതെന്നാണു് എന്റെ ആഗ്രഹം."

# വിമർശനവീഥി

## വായനക്കാരന്റെ കത്തും ഞങ്ങളുടെ മറുപടിയും

ഞങ്ങളുടെ മാന്യവായനക്കാരിൽ ഒരാളിൽനിന്നു് താഴെക്കാണുന്ന കത്തു് ഞങ്ങൾക്കു കിട്ടിയിരിക്കുന്നു.

"വള്ളത്തോളിന്റെ പ്രസ്താവനകളെ എതിർത്തെഴുതിയിരുന്ന ലേഖനങ്ങൾ പഠിക്കുന്നതിനു അവസരംകിട്ടിയ ഒരാളാണു ഞാൻ. എന്നാൽ ഒരു സംശയം. റഷ്യൻ സോഷ്യലിസം അധികാരത്തിൽ എത്തിച്ചേർന്നതു് എങ്ങനെ ആയിരുന്നാലും, ആ അധികാരം (അതു Democracy അല്ല Dictatorship ആയിക്കൊള്ളട്ടെ) തുടർന്നുകൊണ്ടു പോകുന്നതു എങ്ങനെ ആയിരുന്നാലും ഇന്നത്തെ റഷ്യയിലെ ജീവിതസ്ഥിതി (ഭൂരിപക്ഷത്തിന്റെ) സുഖപൂർണ്ണമാണെന്നു വള്ളത്തോളിന്റെ വിവരണം തെളിയിക്കുന്നില്ലേ?

"അവർ End Justifies the means എന്നു വിശ്വസിക്കുന്നവരായിരിക്കാം. അവരുടെ ശ്രമം. മനുഷ്യനെ നന്നാക്കി അങ്ങനെ ലോകം നന്നാക്കാനല്ലായിരിക്കാം, പ്രത്യുത ലോകം നന്നാക്കി അങ്ങനെ മനുഷ്യനെ നന്നാക്കാനായിരിക്കാം. Lenin says: "Marx and Engels in foreseeing the arrival of a classless society, presupposed a man not like the present man in the street.)

"ഇന്നത്തെ അവരുടെ സ്ഥിതി (Smith ഉം Wilky യും പോയകാലത്തല്ല, വള്ളത്തോൾ പോയപ്പോൾ) മെച്ചമാണോ? അമേരിക്കയെ അപേക്ഷിച്ച് അവിടത്തെ വിവാഹമോചനനിരക്കു താഴുകയാണെന്നും (അമേരിക്കയിൽ മൂന്നു വിവാഹത്തിനു ഒരു മോചനം) അവിടത്തെ രാഷ്ട്രവരുമാനം (National income) പതിന്മടങ്ങു 1951-ൽ വർദ്ധിച്ചിട്ടുണ്ടെന്നും, മററവിടത്തെക്കാളും വിദ്യാസ്ഥാപനനിർമ്മാണം വിജയിച്ചിട്ടുണ്ടെന്നും മററുമുള്ള വാർത്തകളെപ്പററി (വള്ളത്തോളിന്റേതല്ല) എന്തുപറയുന്നു?

"ഇന്നത്തെ സ്ഥിതിയെപ്പററിയുള്ള വിവരങ്ങൾ അങ്ങയുടെ ലേഖനങ്ങളിൽ ദുർല്ലഭമായിരുന്നല്ലോ?"

വള്ളത്തോളിന്റെ പ്രസ്താവനകളെ വിമർശിച്ചെഴുതിയ ഞങ്ങളുടെ ലേഖനങ്ങളിൽ രാഷ്ട്രീയമായും മതപരമായും സാംസ്കാരികമായും സാമ്പത്തികമായും റഷ്യയിലെ പൗരന്മാർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ഭയങ്കരമായ അടിമത്തത്തെപ്പററി നൽകിയ വിവരങ്ങളെ ഈ കത്തിൽ ചോദ്യംചെയ്യാൻ മുതിർന്നു കാണാത്തതിനാൽ അതൊക്കെ കത്തുകാരൻ വകവച്ചുതരുന്നതായി പരിഗണിക്കുന്നതിൽ അബദ്ധമുണ്ടായിരിക്കുകയില്ലല്ലോ. എന്നാൽ ആ വിവരങ്ങൾ മുൻകൊല്ലങ്ങളെപ്പററിയുള്ളവയാണെന്നും, അല്ലാതെ വള്ളത്തോൾ സന്ദർശിച്ച ഇന്നത്തെ റഷ്യയെപ്പററിയുള്ളവയല്ലെന്നുമാണു് കത്തുകാരന്റെ വാദം. റഷ്യയിൽ അമേരിക്കൻ സ്ഥാനപതിയായിരുന്ന സ്മിത്തിന്റേയും, ജെനറൽ വിൽക്കിയുടേയും മററും പ്രസ്താവങ്ങൾ യാതൊരു കുറവും കൂടാതെ റഷ്യയുടെ ഇന്നത്തെ സ്ഥിതിക്കും ശരിക്കു ബാധകമാണെന്നു കാണിക്കുവാൻ ബ്രിട്ടീഷ് വിദേശകാര്യമന്ത്രി മിസ്റ്റർ മൊരിസൺ പ്രവ്ദായിൽ എഴുതിയിരുന്ന ലേഖനത്തിലെ അപലപനങ്ങൾ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അവയ്ക്കു പ്രവ്ദാ നൽകിയ സുദീർഘമായ മറുപടി മൊരിസന്റെ അപലപനങ്ങളെ സാധൂകരിക്കുവാൻ പരോക്ഷമായിട്ടെങ്കിലും സഹായിക്കുന്നതാണെന്നു് ഞങ്ങൾ സമർത്ഥിക്കുകയും ചെയ്തിരുന്നു. "ആകയാൽ ഇന്നത്തെ സ്ഥിതിയെപ്പററിയുള്ള വിവരങ്ങൾ (ഞങ്ങളുടെ) ലേഖനങ്ങളിൽ ദുർല്ലഭമായിരുന്നു" എന്ന കത്തുകാരന്റെ പ്രസ്താവം ശരിയല്ല.

### റഷ്യയിലെ അടിമജീവിതം

വള്ളത്തോളിന്റെ പല പ്രസ്താവനകളും ഇനിയും വിമർശിക്കേണ്ടതായിട്ടുണ്ടു്. റഷ്യയിലെ ഇന്നത്തെ സ്ഥിതി ഏററവും സുഖകരമാണെന്നുള്ള വള്ളത്തോളിന്റെ സാമാന്യമായ പ്രസ്താവത്തെ മാത്രമാണു് ഞങ്ങൾ ഇതുവരെ വിമർശിച്ചതു്. "പാരതന്ത്ര്യം മാനികൾക്കു മൃതിയെക്കാൾ ഭയാനകം" എന്ന മഹാകവി കുമാരനാശാന്റെ ഏററവും അർത്ഥവത്തായ തത്വചിന്തയുടെ വെളിച്ചത്തിൽ റഷ്യയിലെ ഇന്നത്തെ സ്ഥിതി, പഴയപോലെതന്നെ, ഏററവും മോശമാണെന്നാണു് ഞങ്ങൾ സമർത്ഥിച്ചതു്. അതിനെപ്പററി കത്തുകാരന്റെ അഭിപ്രായമെന്താണാവോ? നല്ലവണ്ണം തീററിപ്പോററി രക്ഷിക്കപ്പെടുന്ന അടിമയുടെ ജീവിതമാണു്, കഷ്ടപ്പെട്ടു കഴിയുന്ന സ്വതന്ത്രന്റെ ജീവിതത്തെക്കാൾ "മെച്ച"മെന്നു് കത്തുകാരൻ വിചാരിക്കുന്നുണ്ടോ? തിരുകൊച്ചി നിയമസഭയിലെ കഴിഞ്ഞ സമ്മേളനത്തിൽ ഇവിടത്തെ ചില രാഷ്ട്രീയതടവുകാർക്കു (പ്രാഥമികന്മാർക്കു) ഗവമ്മെന്റിൽനിന്നു നൽകുന്ന സുഖസൗകര്യങ്ങളെപ്പററി ഒരു സന്ദർഭത്തിൽ ചീഫ്മിനിസ്റ്റർ ഒരു ചെറിയ വിവരണം നൽകുകയുണ്ടായി. അദ്ദേഹം പറഞ്ഞു:- "ഒരാൾക്കു് ഉച്ചഭക്ഷണത്തിനു ബി. ക്ലാസു തടവുകാർക്കുള്ള റേഷനു പുറമെ പ്രതിദിനം രണ്ടേകാൽ ഗ്രാപ്സ് അനുവദിച്ചിട്ടുണ്ടു്. അതുകൊണ്ടു വെളിയിൽനിന്നു കൂടുതൽ ആഹാരം വരുത്താൻ സാധിച്ചിരുന്നു. 6 സെററു് ഉടുപ്പുകൾ, 2 കിടക്കവിരിപ്പുകൾ, പുൽപ്പായ് തലയിണ മുതലായവയും കൊടുത്തിട്ടുണ്ടു്. 6 ഔൺസു് എണ്ണയും, രണ്ടാഴ്ചത്തേക്കു് ഒരു ബ്ലേയിഡ് ഷേവിംഗ് സെററും, മാസംതോറും ഒരു പാക്കററു് ടൂത്ത്പെയ്സ്റ്റും, ബ്രഷും ചീപ്പും കണ്ണാടിയും, എഴുതാൻ അരകായർ കടലാസും, മഷിയും കൊടുക്കുന്നുണ്ടു്. അരിയോ ഗോതമ്പോ ദിവസം 20 ഔൺസു വീതം നൽകുന്നു. ആഴ്ചയിൽ രണ്ടുനേരം 6 ഔൺസു് വീതം ഇറച്ചിയോ മീനോ നൽകുന്നുണ്ടു്. ഉപ്പു്, മുളകു്, പരിപ്പു്, പയറു്, ഉരുളക്കിഴങ്ങു്, ഉള്ളി മുതലായവയും കൊടുക്കുന്നുണ്ടു്. കാച്ചെണ്ണ വേണ്ടവർക്കു് ആയുർവ്വേദവൈദ്യൻ നിശ്ചയിക്കുന്ന ഏതെണ്ണയും നൽകുന്നതാണു്. തടവുകാർക്കു കൊടുക്കുന്ന തുണിപോലെ മിനുസവും മാർദ്ദവവുമുള്ള തുണികൾ കമ്പോളത്തിൽപ്പോലും ഇന്നു കിട്ടുന്നതല്ല." ഈ വിഭവങ്ങളെല്ലാം യാതൊരു മുടക്കംകൂടാതെ കിട്ടിക്കൊണ്ടിരിക്കുന്ന ഈ തടവുകാരുടെ ജീവിതം ഇന്നാട്ടിലെ സാമാന്യം ധനവാന്മാരുടെ ജീവിതത്തെക്കാൾ സുഖകരമാണെന്നുവേണം വിചാരിക്കാൻ. എന്നുവരികിലും മനുഷ്യത്വമുള്ള, അല്പമെങ്കിലും മാനബുദ്ധിയുള്ള, ഏററ ... ാവപ്പെട്ടവൻപോലും തന്റെ കുടുംബത്തിൽ നയിക്കുന്ന സ്വതന്ത്രമായ ജീവിതം ഉപേക്ഷിച്ചു് ജയിലിലെ പ്രസ്തുത സുഖജീവിതം സ്വീകരിക്കുവാൻ തയാറാകുമെന്നു് സ്വപ്നേപി വിചാരിക്കാമോ? വിശപ്പടക്കാൻ മാത്രമുള്ള ഭക്ഷണം കഴിച്ചു് സ്വതന്ത്രനായി ജീവിക്കുന്നതായിരിക്കും, പ്രസ്തുതസുഖവിഭവങ്ങളെല്ലാം ആസ്വദിച്ചു് ജയിൽപ്പുള്ളിയായി ജീവിക്കുന്നതിനെക്കാൾ അവനു കാമ്യമായിരിക്കുക. സോവ്യററു റഷ്യയിലെ പൗരന്മാർ ഒന്നടങ്കം അവിടത്തെ ഏററവും കടുത്ത സ്വേച്ഛാധിപത്യമാകുന്ന ജയിലിൽ, സ്വതന്ത്രമായി ചിന്തിക്കാനോ, സംസാരിക്കാനോ, സഞ്ചരിക്കാനോ, സംഘടിക്കാനോ, ഇഷ്ടമുള്ള തൊഴിൽ നടത്താനോ കഴിവില്ലാതെ മനുഷ്യവേഷംധരിച്ച മൃഗങ്ങളെപ്പോലെ ഇപ്പോഴും കഴിഞ്ഞുകൂടുകയാണു്. ആ ജീവിതം "മെച്ച"മാണെന്നു് മൃഗമനസ്കന്മാത്രമേ അഭിമാനിക്കാൻ കഴിയൂ.

ഇനി കത്തിലെ പ്രധാന ചോദ്യത്തെപ്പററി ആലോചിക്കാം. "റഷ്യയിലെ രാഷ്ട്രവരുമാനം പതിന്മടങ്ങു് 1951-ൽ വർദ്ധിച്ചിട്ടുണ്ടോ" എന്നാണതു്.

ഒരു രാജ്യത്തിലെ വരുമാനങ്ങളെപ്പററി ശരിയായ വിവരങ്ങൾ ലഭിക്കുവാനുള്ള സുഗമമായ മാർഗ്ഗം അവിടെനിന്നും ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തുന്ന 'സ്ഥിതിവിവരക്കണക്കു'കളാണല്ലോ (Statistics). റഷ്യയിലെ പഞ്ചവത്സരപദ്ധതികൾക്കു് ആദ്യം ഇരയാക്കപ്പെട്ടവരിൽ സോവ്യററ്യൂണിയനിലെ ഒന്നാംതരം സ്ഥിതിവിവരക്കണക്കുകാർ ഉൾപ്പെട്ടിരുന്നു. 1929-നുശേഷം വിശ്വാസയോഗ്യമായ സ്ഥിതിവിവരക്കണക്കുകൾ യാതൊന്നും പ്രസിദ്ധപ്പെടുത്തിയിട്ടില്ല. അവർ സാധാരണ നൽകിക്കൊണ്ടിരിക്കുന്ന കണക്കുകൾ, മുൻകൊല്ലങ്ങളിലെ ഉല്പാദനത്തിന്റെ ശതമാനങ്ങൾ ചൂണ്ടിക്കാണിക്കുന്നവ മാത്രമാണു്. ഈ ശതമാനങ്ങളുടെ യഥാർത്ഥമായ ആധാരങ്ങളെന്തെന്നു് സോവ്യററു് വിരോധന്മാരിൽനിന്നുപോലും മറച്ചുവയ്ക്കപ്പെട്ടിരിക്കുകയാണു്.

### റഷ്യയിലെ പഞ്ചവത്സര പദ്ധതികളുടെ അപജയം

കാർഷികവും വ്യാവസായികവുമായ ഉല്പാദനങ്ങൾ വർദ്ധിപ്പിക്കുവാൻ പല പഞ്ചവത്സരപദ്ധതികളും നടത്തിയെങ്കിലും അവയെല്ലാം രാജ്യത്തിലെ ജനങ്ങളുടെ ക്ഷേമത്തെക്കാൾ രാജ്യത്തെ മുഴുവനും മാർക്സ്യൻ സിദ്ധാന്തമനുസരിച്ച രാഷ്ട്രസാൽക്കരിക്കുവാൻ ഉദ്ദേശിക്കപ്പെട്ടവയാകയാൽ പ്രജായത്തരാജ്യങ്ങളിൽ ഉണ്ടായിട്ടുള്ളിടത്തോളം ഉല്പാദനവർദ്ധനവു് അവിടെ ഉണ്ടായിട്ടില്ല. ഉദാഹരണമായി അവിടത്തെ കൂട്ടുകൃഷിസമ്പ്രദായമെടുക്കുക. കൃഷിഭൂമികൾ മിക്കതും വ്യക്തികളായ കർഷകരിൽനിന്നു ബലംപ്രയോഗിച്ചുതന്നെ ... ഗവമ്മെന്റു പിടിച്ചെടുക്കുകയും, ക... ർഷകരെ ഗവമ്മെന്റുദ്യോഗസ്ഥന്മാരുടെ നി... ബന്ധ...ച്ച പൂർവകമായ നിർദ്ദേശങ്ങളനുസ... വേലയെടുക്കുന്ന കർഷകതൊഴിലാളികളാക്കി തരംതാഴ്ത്തുകയും ചെയ്യുകയാണു് കൂട്ടുകൃഷിസമ്പ്രദായം. ആ കർഷകർ വേലചെയ്തുണ്ടാക്കുന്ന വിളവിൽ ഭൂരിഭാഗവും ഗവമ്മെന്റിലേക്കെടുക്കുകയും, കഷ്ടിച്ചു ജീവിക്കാൻ പോരുന്നവമാത്രം അവർക്കു വീട്ടുകൊടുക്കുകയുമാണു് പതിവു്. ഈ സാഹചര്യങ്ങളിൽ കർഷകർക്കു് ഉല്പാദനം വർദ്ധിപ്പിക്കുവാൻ എന്തൊരു പ്രേരണയാണുള്ളതു്? മാത്രമല്ല, ഗവമ്മെന്റിന്റെ ശ്രദ്ധ ജനങ്ങൾക്കു നിത്യോപയോഗത്തിനാവശ്യകമായ ഉപഭോഗസാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിനെക്കാൾ യുദ്ധത്തിനുപയോഗപ്രദമായ മററു സാധനങ്ങൾ ഉല്പാദിപ്പിക്കുന്നതിലാണു് പതിഞ്ഞിട്ടുള്ളതു്. ഇതും ഉല്പാദനം വർദ്ധിപ്പിക്കുവാനുള്ള പ്രേരണയുടെ അഭാവത്തിനു കാരണമാണു്. പോരെങ്കിൽ അവിടത്തെ കാർഷികവും വ്യാവസായികവുമായ ഉല്പാദനജോലികളിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ഒരു വലിയ പങ്കു് അടിമവേലക്കാരാണു്. ഭക്ഷണത്തിനും മററുജീവിതസൗകര്യങ്ങൾക്കും അത്യാവശ്യം വേണ്ടതുപോലും നൽകാതെ നിർബന്ധിച്ചും ദേഹംചെയ്യുമാണു് അവരെക്കൊണ്ടു ജോലി ചെയ്യിക്കുന്നതു്. അങ്ങനെയുള്ള ജോലി ഉല്പാദനവർദ്ധനവിനു സഹായകമാകുന്നതിനുപകരം വിഘാതമായിട്ടല്ലേ ഇരിക്കുകയുള്ളു?

### പഞ്ചവത്സരപദ്ധതിയുടെ ചില കണക്കുകൾ

ലീഗു് ഓഫ് നേഷൻസ് നേതൃത്വം വഹിച്ചതും റഷ്യൻകണക്കുകളിൽ ആധാരപ്പെടുത്തിയതുമായ പഠനത്തിന്റെ ഫലം ഈ വസ്തുതകൾക്കു തെളിവാണു്: 2-ാമത്തെ പഞ്ചവത്സരപദ്ധതിയുടെ രണ്ടാമത്തെ കൊല്ലംവരെ (1934) റഷ്യയുടെ ദേശീയവരുമാനം അവരുടെ 1913-ലെ (സാർ ചക്രവർത്തിയുടെ കാലത്തെ) നിലവാരത്തിൽ തിരിച്ചെത്തിയിരുന്നില്ല. 1939-ാടുകൂടി അതു 1913 ലേതിനെക്കാൾ 50 ശതമാനം വർദ്ധിച്ചിരുന്നു. എന്നാൽ അതേകാലത്തിൽ അമേരിക്കയുടെ ദേശീയവരുമാനം ഇരട്ടിക്കുകയുണ്ടായി. 1940-ൽ സോവ്യററുറഷ്യയുടെ ഉല്പാദനം അമേരിക്കൻ ഡോളറിൽ കണക്കാക്കിയാൽ മുന്നൂറുബില്യൺ വിലയുള്ളതായിരുന്നു. എന്നാൽ അക്കൊല്ലം അമേരിക്കയുടെ ഉല്പാദനം 100 ബില്യൺ ഡോളർ വിലയുള്ളതായിരുന്നു.

1946-ൽ റഷ്യ 4-ാമത്തെ പഞ്ചവത്സരപദ്ധതി ആരംഭിച്ചു. അതിൽ അവർ ഉന്നംവച്ചതു് 1940-ലെ നിലവാരത്തിലെത്താനാണു്. ആ പഞ്ചവത്സരപദ്ധതിയുടെ ഫലമാണു് കഴിഞ്ഞ ഏപ്രിൽ മാസത്തിൽ മോസ്കോയിൽനിന്നു് പ്രഖ്യാപിച്ചതു്. അതിനെപ്പററിയാണല്ലോ കത്തുകാരൻ സൂചിപ്പിക്കുന്നതു്. 1940-ലെ നിലവാരത്തെക്കാൾ 75 ശതമാനം കൂടുതലായ നിലവാരത്തിൽ ഈ പഞ്ചവത്സരപദ്ധതിയുടെ ഫലം എത്തിയിട്ടുണ്ടെന്നു് റഷ്യൻ ഗവമ്മെന്റു് അവകാശപ്പെടുന്നു. എന്നാൽ 1940-ലെ റഷ്യയുടെ ആകെ വരുമാനം മുന്നൂറു ബി...യൺ ആയിരുന്നപ്പോൾ അമേരിക്കയിലെ ... അക്കൊല്ലം 100 ബില്യൺ ആലേഖ... ന്ന വസ്തുത ആലോചിക്കുമ്പോൾ ... യിരുന്ന ... റഷ്യയുടെ ഈ പുതിയ പ... ൾ കാണാം, ... തിയുടെ ഉദ്ദേശിച്ചതിൽ ... ഞ്ചവത്സരപദ്ധ... ടുതലായ ഫലംതന്നെ 75 ശതമാനം കൂ... വരുമാനത്തിൽനിയും അമേരിക്കയുടെ ... ഴയാണു് നിൽനു് വളരെയധികം ത... ററുറഷ്യയിൽ ... ക്കുന്നതെന്നു്. സോവ്യ... മന്യങ്ങള 1950-ലെ പ്രധാന ഭക്ഷ്യധ... ായിരുടെ വിളവു് 1240 ലക്ഷം ടൺ ... തിന്നു. 1940-ലെ വ്യവസായോല്പാദന... ന്റെ ഇൻഡക്സ് 100 എന്നു കണക്കാക്കിയാൽ 1950-ലേതു് 175 ആയിരിക്കും. ഈ ഉല്പാദനസംഖ്യകൾ വളരെ വലിയതാണെന്നു സമ്മതിക്കണം. എന്നാൽ 30 വർഷത്തെ അതികഠിനമായ വ്യവസായപരിശ്രമത്തിന്റേയും അതിലേക്കായി മനുഷ്യജീവനുൾപ്പെടെ നടത്തപ്പെട്ട ബലിസമർപ്പണങ്ങളുടേയും ഈ ഫലങ്ങളെ സോവ്യററുയൂണിയന്റെ അതിവിപുലമായ പ്രകൃതിവിഭവങ്ങളോടും ജനസംഖ്യയോടും താരതമ്യം ചെയ്യുമ്പോൾ അവ എത്ര കുറവായിരിക്കുന്നുവെന്നു് അത്ഭുതപ്പെടുവാനാണു് ന്യായമുള്ളതു്.

(തുടരും)

---



For favours received

വക്കി എ. വരിക്കപ്പള്ളിൽ

---

### കൃതജ്ഞത



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എന്റെ കുട്ടിയുടെ സുഖക്കേടു മാറിയതിനു് കൃതജ്ഞത.

കെ. ജി. എബ്രാഹം
കാട്ടുനിലം, എറണാകുളം.

# Sathya Deepam

Vol. 25 — Ernakulam November 7, 1951 — No. 12


## പലസ്തീനായുടെ പടം

പ്രിയകുട്ടികളേ,

"അധികം ഒച്ച ഉണ്ടാക്കാതെ പടം നോക്കിയാൽ മതിയല്ലോ. എന്തിനാ സംസാരിക്കുന്നേ?....നല്ലപടം അല്ല ... ഹെഡ്മാസ്റ്ററച്ചൻ നല്ല ആളാ. പറഞ്ഞ പോലെ വേഗം തന്നല്ലോ പടം. അദ്ദേഹത്തോടു നന്ദിയുള്ളവരായിരിക്കണം. എന്നാൽ ഇനിയും കൂടുതൻ ആവശ്യങ്ങൾ കിട്ടും.

പടത്തിൽ നമുക്കാവശ്യമുള്ള എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. അങ്ങനെ ചെയ്താൽ എഴുത്തും വരയും വ്യക്തമാകയില്ല. അതുകൊണ്ടാണ് ചേർക്കാഞ്ഞതു്. പ്രധാനപ്പെട്ടസ്ഥലങ്ങൾ മാത്രമേ കാണിച്ചിട്ടുള്ളു. മറ്റുള്ളവയുടെ സ്ഥാനം വേണ്ടപ്പോൾ ഞാൻ കാണിച്ചുതന്നുകൊള്ളാം.

ഈ പടം നിത്യം ഉപയോഗിച്ചാൽ പെട്ടെന്നു ചീത്തയാകും. അതുകൊണ്ടു് ഈ വലിപ്പത്തിലുള്ള കടലാസ്സെടുത്തു് ഒരെണ്ണം സ്വന്തമായി വരയ്ക്കുക. സാധാരണ ഉപയോഗത്തിനു് അതേ എടുക്കാവൂ.

പലസ്തീന എവിടെയാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടല്ലോ. അററ്ലസ് എടുത്തു, ഭൂഗോളപടംനോക്കി അതിന്റെ സ്ഥാനം ഒന്നുകൂടെ തിട്ടപ്പെടുത്തുക. അതിർത്തികൾ: വടക്കു് — ലിബാനസ്, ആൻറി ലിബാനസ് പർവ്വതനിരകൾ. തെക്കു് — അറേബിയൻ മരുഭൂമി. കിഴക്കു് — സിറിയൻ മരുഭൂമി. പടിഞ്ഞാറു് — മെഡിറററേനിയൻ കടൽ.

പലസ്തീനായുടെ ആദ്യത്തെപേരു് കാനാൻദേശം എന്നായിരുന്നു. ഇസ്രായേൽ ജനങ്ങൾക്കു് വാഗ്ദാനംചെയ്യപ്പെട്ട സ്ഥലം. അതിനാൽ അതിനു "വാഗ്ദത്തസ്ഥലം" എന്നപേരും ഉണ്ടായി. ദാവീദു്, സോളമൻ മുതലായ പ്രസിദ്ധരായ രാജാക്കന്മാരുടെ ആസ്ഥാനമായിരുന്നു അതു്.

അവിടത്തെ വിശുദ്ധ സ്ഥലങ്ങൾ സന്ദർശിക്കേണ്ടവയാണു്. നമ്മുടെ ദൈവഭക്തി ഉണരുവാൻ അതു ഉപകരിക്കും. ഒരു ദിവസം നമുക്കെല്ലാവർക്കുംകൂടെ അവിടേക്കു് ഒരു തീർത്ഥയാത്ര കഴിക്കണം. വിമാനമുള്ളകാലമല്ലേ? അതുകൊണ്ടു് പോയിവരാൻ വലിയ താമസം നേരിടുകയില്ല. മിശിഹാചരിത്രം കുറച്ചുകൂടെ പഠിച്ചിട്ടു് പോകുന്നതാണു് നല്ലതു്. അതുകൊണ്ടു് എല്ലാവരും ഉത്സാഹിച്ചു് പഠിക്കണമെന്നു് ഓർപ്പിക്കുന്നു."

എന്നു സ്വന്തം കൊച്ചച്ചൻ.




ക്രിസ്തുവിന്റെ കാലത്തെ പലസ്തീന

## ഐക്യമുന്നണിക്കാർ

തിരു-കൊച്ചി സംസ്ഥാനത്തിൽ തെരഞ്ഞെടുപ്പിനായി നോമിനേഷൻ പേപ്പർ കൊടുത്തിട്ടുള്ള സ്ഥാനാർത്ഥികളിൽ ഒരു വലിയവിഭാഗം "ഐക്യമുന്നണി" എന്ന പേരിലാണു അറിയപ്പെടുന്നതു്. പേരുകൊണ്ടു ഈ കക്ഷിയുടെ സ്വഭാവവും ആദർശവും പരിപാടിയും എന്തെല്ലാമെന്നു എല്ലാവർക്കും നിഷ്പ്രയാസം ഗ്രഹിക്കുവാൻ കഴിയുന്നതല്ല. അതിനാൽ ഈ വിഭാഗത്തിൽപെട്ട സ്ഥാനാർത്ഥികൾ പൊതുവെ ആരെല്ലാമെന്നു നോക്കിയും അവരുടെ പൂർവ്വചരിത്രം എപ്രകാരമെന്നു ഗ്രഹിച്ചുമാണു ഐക്യമുന്നണി കക്ഷിയെപ്പററി പൊതുജനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതു്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെമേൽ നിരോധനമില്ലായിരുന്നെങ്കിൽ സ്ഥാനാർത്ഥികളായി രംഗപ്രവേശംചെയ്യുമായിരുന്നവരെല്ലാം തന്നെ ഐക്യമുന്നണി സ്ഥാനാർത്ഥികളായി നോമിനേഷൻപേപ്പർ കൊടുത്തിട്ടുണ്ടെന്നു പ്രസിദ്ധീകൃതമായ ലിസ്റ്റിൽനിന്നു കാണാവുന്നതാണു്. കെ. എസ്സ്. പി. ക്കാരെന്നും ആർ. എസ്സ്. പി. ക്കാരെന്നും അറിയപ്പെടുന്ന ചുരുക്കം ചിലരും ചിലടത്തെല്ലാം ഐക്യമുന്നണി ഗണത്തിൽ സ്ഥാനാർത്ഥികളായി വന്നിട്ടുണ്ടു്. ഇവരും കമ്മ്യൂണിസ്റ്റുകാരും തമ്മിൽ കാര്യമായ വ്യത്യാസമില്ല അതിനാൽ മുഖ്യമായി കമ്മ്യൂണിസ്റ്റുകാരും അവരുടെ നേതൃത്വം സ്വീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റനുഭാവികളുമാണു ഐക്യമുന്നണിക്കാർ എന്നു സ്പഷ്ടമാണു്. കമ്മ്യൂണിസ്റ്റ്പാർട്ടിയുടെമേൽ നിരോധനമുള്ളതുകൊണ്ടും വിധ്വംസകകക്ഷിയെന്ന പേരിൽ രംഗപ്രവേശംചെയ്താൽ ജനങ്ങൾ എതിർക്കുമെന്നുള്ളതുകൊണ്ടും സൗകര്യം നോക്കി "ഐക്യമുന്നണി" എന്ന കക്ഷിനാമം സ്വീകരിച്ചിരിക്കുകയാണു്. ഐക്യമുന്നണി സ്ഥാനാർത്ഥികൾ വാസ്തവത്തിൽ കമ്മ്യൂണിസ്റ്റ്പാർട്ടിക്കാരും അനുഭാവികളുമാണെന്നുള്ള സംഗതി ജനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു. ("ദീപിക"യുടെ മുഖപ്രസംഗം, 30-10-51).

## "ദൈവത്തെ അറിയുക"

യു. എസ്. സൈനികവിജ്ഞാപനം

"നാം സമ്പാദിക്കേണ്ട ഏററവും വലിയ വിജ്ഞാനം ദൈവത്തെ അറിയുക എന്നതാണു്" എന്നുള്ള ആമുഖപ്രസ്താവനയോടെ ഐക്യനാട്ടു സൈന്യവകുപ്പിൽനിന്നു പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്ന ലഘുലേഖാപരമ്പരയിൽ ആദ്യത്തേതു വഹിക്കുന്നതു്. "നമ്മുടെ സന്മാർഗ്ഗമാനദണ്ഡം പത്തുപ്രമാണങ്ങളെ ആശ്രയിച്ചിരിക്കുന്നു" എന്നു സൈനികജീവനക്കാരെ ഉദ്ദേശിച്ചുള്ള ലഘുലേഖാഭാഗം ഉൽബോധിപ്പിക്കുന്നു. ലഘുലേഖ ഇപ്രകാരം തുടരുന്നു:

"സൈനികർക്കായുള്ള ബോധനം ഒന്നാമതായി ബലിഷ്ഠമായ സന്മാർഗ്ഗതത്വങ്ങളിന്മേൽ അടിസ്ഥാനമുറച്ചിരിക്കണം. ഓരോ സൈനികജീവനക്കാരനും ഏററവും നല്ല സന്മാർഗ്ഗിയായി ജീവിക്കുവാനുള്ള പരിശീലനം നൽകണം. ഓരോ വ്യക്തിയും അവന്റെ സൈനികസേവന നിർവഹണത്തിനു സ്രഷ്ടാവിന്റെ പക്കൽ കണക്കു പറയുവാൻ ബാദ്ധ്യസ്ഥനാണു്. സൈനികസേവനരീതിയെ അവന്റെയും രാജ്യത്തിന്റെയും അഭിമാനസംരക്ഷണം ആശ്രയിച്ചിരിക്കുന്നു."

## കോട്ടയത്തു

കത്തോലിക്കാവിജ്ഞാനകേന്ദ്രം

കൽക്കദോനിയ സൂനഹദോസിന്റെ 15-ാം ശതാബ്ദപൂർത്തി പ്രമാണിച്ചു് കോട്ടയം മെത്രാൻ റൈററ് റവ. ഡോക്ടർ തോമസ് തറയിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരിടയലേഖനത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: "സത്യാന്വേഷികളെ സഹായിക്കുന്നതിനു "കത്തോലിക്കാ ജ്ഞാനകേന്ദ്രം" (Catholic Information Bureau) എന്ന പേരിൽ ഒരു സ്ഥാപനം കോട്ടയത്തുള്ള നമ്മുടെ കത്തോലിക്കാ മിഷൻ പ്രസ്സു് ആഫീസിനോടനുബന്ധിച്ചു കൽക്കദോനിയാ സൂനഹദോസിന്റെ 15-ാം ശതാബ്ദസ്മാരകമായി സമാരംഭിച്ചുകാണുന്നതിനു നാം ആഗ്രഹിക്കുന്നു. ഈ സ്ഥാപനത്തിന്റെ ഡയറക്ടറായി റവ. ഫാദർ ജയിക്കബ്ബു് കാവായിൽ ബി. ഏ. എൽ. പി. എച്ചു്. എൽ. ഡി. അവർകളെ നാം നിയമിക്കുന്നു. ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ സത്യാന്വേഷികൾക്കുവേണ്ട ഉപദേശവും പുസ്തകപാരായണത്തിനുവേണ്ട സൗകര്യവും നൽകി എല്ലാ പ്രകാരത്തിലും സ്നേഹപൂർവ്വം അവരെ സഹായിക്കേണ്ടതാണു്. ഈ ബ്യൂറോയുടെ വകയായി ഒരു ഗ്രന്ഥശാല ആവശ്യമാണു്. യാക്കോബായജനങ്ങളുടെ മദ്ധ്യത്തിലുള്ള നമ്മുടെ മിഷൻകേന്ദ്രങ്ങളിലും ആവശ്യപ്പെട്ട പുസ്തകങ്ങൾ വിതരണം ചെയ്യുന്നതിനും ഈ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ സാധിക്കുമെന്നു നാം പ്രതീക്ഷിക്കുന്നു. "കൽക്കദോനിയാ സൂനഹദോസും യാക്കോബായക്കാരും" എന്ന തലക്കെട്ടിൽ ഫാദർ പ്ലാസിഡ് അവർകൾ സത്യദീപത്തിൽ എഴുതിയിട്ടുള്ള ലേഖനങ്ങൾ ഒരു ചെറുപുസ്തകമായി അച്ചടിച്ചു് ഈ സ്ഥാപനത്തിന്റെ വകയായി ഈ അവസരത്തിൽ വിതരണം ചെയ്യുന്നതു് നന്നായിരിക്കും. "പുനരൈക്യസഹായി" എന്ന വേറൊരു പുസ്തകവും സത്യാന്വേഷികൾക്കു സൗജന്യമായി ഈ ബ്യൂറോയിൽനിന്നും നൽകുന്നതിനു ശ്രമിക്കേണ്ടതാണു്. ഈ സ്ഥാപനം വികസിച്ചു ഉപകാരപ്രദമായ രൂപം പ്രാപിക്കട്ടെയെന്നു നാം ദൈവത്തെ പ്രാർത്ഥിക്കുന്നു."


*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam